മി. സ്പീക്കർ: മെമ്പർ പറഞ്ഞ കാര്യം വളരെ ശരിയാണ്. അത് അംഗീകരിക്കുന്നു. ബി.എ.സി. യോഗം ചേർന്ന് അംഗീകരിച്ചതാണ്. ബിൽ ഉടനെതന്നെ തരാനുള്ള ഏർപ്പാട് ചെയ്യാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

VII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ മത്തായി ചാക്കോ: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയ പ്രഖ്യാപനത്തിനുമേൽ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ചിട്ടുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. ഈ നന്ദിപ്രമേയം ഗവർണ്ണറുടെ പ്രസംഗത്തെ ന്യായീകരിച്ചുകൊണ്ടാണ് ഇവിടെ നടന്നത്. യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം വിവിധ ഗവർണ്ണർമാരെകൊണ്ട് 5 തവണ ഇവിടെ പ്രസംഗിപ്പിച്ചു. ഞാൻ അതിന്റെ കോപ്പികൾ എല്ലാം എടുത്തുനോക്കി. അതിൽ ചില പാരഗ്രാഫുകളും ചില സെന്റൻസുകളും അതേപടി പകർത്തി ഇവിടെ പുതിയ ഗവർണ്ണറെക്കൊണ്ട് വായിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായി. ആവർത്തനവിരസവും ഒരു നയവും പറയാൻ ഇല്ലാത്തതും ജീവൻ നഷ്ടപ്പെട്ടതുമായ ഒരു പ്രസംഗമാണ് ഗവർണ്ണർ ഇവിടെ നടത്തിയത്. ഈ സഭ പൊതുവിലും പ്രത്യേകിച്ച് യു.ഡി.എഫ്.-ന്റെ ആളുകളും തികഞ്ഞ നിസ്സംഗതയോടെ ആ പ്രസംഗം കേട്ട എന്റെ സുഹൃത്തുക്കളായിട്ടുള്ള ശ്രീ. പ്രതാപവർമ്മ തമ്പാൻ ഹർഷപുളകിതനായി എന്നാണ് ഇവിടെ പറഞ്ഞത്. ഈ പ്രസംഗം കേട്ടപ്പോൾ ഈ സഭയിൽ ആർക്കും തോന്നാത്ത രീതിയിൽ അദ്ദേഹത്തിന് രോമാഞ്ചം ഉണ്ടായെങ്കിൽ പ്രത്യേകമായ വല്ല രോഗവും ഉണ്ടാകും എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ബഹുമാന്യനായ സ്പീക്കറോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നാളെ നിയമസഭാ കോംപ്ലക്സിൽ ഉദ്ഘാടനം ചെയ്യുന്ന ക്ലിനിക്കിൽ ശ്രീ. പ്രതാപവർമ്മ തമ്പാന്റെ രക്തവും മലവും മൂത്രവുമെല്ലാം പ്രത്യേകമായ പരിശോധനയ്ക്ക് വിധേയമാക്കണം എന്നാണ്. കാരണം ഈ പ്രസംഗത്തിനുമേൽ ഇങ്ങനെ രോമാഞ്ചം ഉണ്ടായാൽ എന്തെങ്കിലും ഗൗരവതരമായിട്ടുള്ള രോഗം അദ്ദേഹത്തിന് ഉണ്ടാകുമെന്നുള്ളത് ഉറപ്പാണ്. ഇവിടെ ശ്രീ. എം. എം. ഹസ്സൻ ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ കുറെ പത്രങ്ങളുടെ കോപ്പിയും ഞങ്ങളുടെ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റിയുടെ പ്രമേയത്തിന്റെ കോപ്പിയും ഉൾപ്പെടെ കുറേ ഫോട്ടോസ്റ്റാറ്റ് കോപ്പിയുമായിട്ടാണ് വന്നത്. ബഹുമാന്യനായ എം. എം. ഹസ്സൻ കോപ്പീയിംഗ് വിദഗ്ദ്ധനാണെന്ന കാര്യത്തിൽ ആർക്കും തർക്കം ഉണ്ടാവുകയില്ല. ഞാനും അത് അംഗീകരിക്കുകയാണ്. പക്ഷേ അദ്ദേഹത്തിന്റെ പ്രസംഗം പൊതുവിൽ കേട്ടുകഴിഞ്ഞപ്പോൾ വാസസ്ഥലം നഷ്ടപ്പെട്ടിട്ടുള്ള ഒരു കുറുക്കന്റെ ഓരിയിടൽ പോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. അദ്ദേഹം കുറഞ്ഞ കാലം ഇവിടെ മന്ത്രിയായിരുന്നു. അദ്ദേഹം മന്ത്രിയായിരുന്നപ്പോൾത്തന്നെ യഥാർത്ഥത്തിൽ അദ്ദേഹത്തിന് വലിയ തൃപ്തി ഉണ്ടായിരുന്നില്ല. ഇന്ത്യൻ രാഷ്ട്രീയത്തിൽ ലാൽബഹദൂർ ശാസ്ത്രിയാണ് വകുപ്പ് ഇല്ലാ മന്ത്രിയെന്ന നിലയ്ക്ക് ക്യാബിനറ്റ് അംഗമായിരുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ആദ്യം രൂപംകൊണ്ട സമയത്ത് ശ്രീ. എം. എം. ഹസ്സന് വകുപ്പ് കൊടുക്കണ്ട എന്നുള്ള ഒരു ആലോചനയാണ് ആദ്യം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയത്. എന്തെങ്കിലും ഒന്നു കൊടുക്കണമല്ലോ എന്ന മട്ടിൽ ഇൻഫർമേഷൻ വകുപ്പ് കൊടുത്തു. അതും ശ്രീ. വക്കത്തെപ്പോലുള്ള ആളുകൾ സ്പീക്കറായിരുന്ന സമയത്ത് ഇൻഫർമേഷൻ വകുപ്പുകൊണ്ട് വല്ല കാര്യവുമുണ്ടോ? എതായാലും അത്തരം ഒരു വകുപ്പുമന്ത്രിയായിരുന്നു അദ്ദേഹം. ആകെ 5 ലക്ഷം രൂപയാണ് അതിനുവേണ്ടി ബഡ്ജറ്റിൽ ഉണ്ടായിരുന്നത്. ആ വകുപ്പ് വച്ചുകൊണ്ടിരുന്ന ശ്രീ. എം. എം. ഹസ്സൻ മന്ത്രിസഭാ പുനഃസംഘടന വന്നപ്പോൾ സ്വാഭാവികമായിട്ടും തന്നെ നിലനിർത്തുമെന്നും പ്രധാനപ്പെട്ട ഒരു വകുപ്പ് ലഭിക്കുമെന്നുമുള്ള പ്രതീക്ഷയിലായിരുന്നു. പക്ഷേ ശ്രീ. ഉമ്മൻചാണ്ടിയും അദ്ദേഹത്തോട് കരുണ കാണിച്ചില്ല. ഈ രണ്ടുപേരോടുമുള്ള വിരോധം തീർക്കാനാണ് ശ്രീ. കെ. കരുണാകരനെ കൂട്ടുപിടിച്ചത്. 'ഐ' ഗ്രൂപ്പിന്റെ ആളുകൾ ഇവിടെ നിശബ്ദമായി ഇരിക്കുകയാണ്. നിങ്ങളുടെ ഐക്യത്തിന്റെ വലിയ ഒരു ഉദാഹരണം തന്നെയാണ് അത്. ശ്രീ. കെ. കരുണാകരനെ കൂട്ടുപിടിച്ചുകൊണ്ട് കഴിഞ്ഞ ദിവസം യൂണിവേഴ്സിറ്റി യൂണിയൻ സംഘടിപ്പിച്ച ഒരു പരിപാടിയിൽ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനോട് പുതിയ മുഖ്യമന്ത്രിയെ സംബന്ധിച്ചും പഴയ മുഖ്യമന്ത്രിയെ സംബന്ധിച്ചും കുട്ടികൾ ചോദ്യം ചോദിച്ചു. ഇവരിൽ ആരാണ് ഭേദമെന്നാണ് കുട്ടികൾ ചോദിച്ചത്. അപ്പോൾ ശ്രീ. കെ. കരുണാകരൻ ആ കുട്ടികളോട് ചോദിച്ചത് കുരുടനോ പൊട്ടനോ ഭേദമെന്നാണ്. ഇതിവിടെ മൂന്ന് ആവർത്തി ശ്രീ. എം. എം. ഹസ്സൻ പറയണമെങ്കിൽ അത് പോയ മുഖ്യമന്ത്രിയോടും അതു പോലെ തന്നെ നിലവിലുള്ള മുഖ്യമന്ത്രിയോടുമുള്ള അദ്ദേഹത്തിന്റെ ശക്തമായിട്ടുള്ള പ്രതിഷേധം അറിയിക്കുന്നതിനുവേണ്ടിയല്ലേ? ഞങ്ങൾക്ക് അക്കാര്യത്തിൽ യോജിപ്പാണുള്ളത്. എതായാലും മന്ത്രിപ്പണി പോയതിന്റെ വിരോധം അദ്ദേഹം ഇവിടെ പ്രകടിപ്പിച്ചു. ഇവിടെ 38 പേജുള്ള ഗവർണ്ണറുടെ പ്രസംഗത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഒരു പരാമർശവും നടത്തിയില്ലായെന്നുള്ളത് അത്ഭുതകരമാണ്. അത് ബോധപൂർവ്വമാണ് ചെയ്തത്. കാരണം ഈ ഗവൺമെന്റ് അധികാരം ഏറ്റെടുത്തിട്ടുള്ള മുന്നേമുക്കാൽ വർഷത്തിനിടയ്ക്ക് സമ്പൂർണ്ണമായിട്ട് കേരളത്തിന്റെ സമ്പദ്ഘടന തകർന്നു കഴിഞ്ഞു. ശ്രീ. കെ. കരുണാകരനെത്തന്നെ ഉദ്ധരിച്ചാൽ അദ്ദേഹം പറഞ്ഞത് ഈ സുനാമി രണ്ടു ദിവസം കൂടി താമസിച്ചാണ് ഉണ്ടായതെങ്കിൽ കേരളത്തിന്റെ ഖജനാവ് അടച്ചുപൂട്ടേണ്ടിവരുമായിരുന്നുയെന്ന്. കോൺഗ്രസ്സിന്റെ നേതാവായിട്ടുള്ള ശ്രീ. കെ. കരുണാകരനാണ് അത് പറഞ്ഞത്. ഞാനിത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് നിങ്ങൾ 2001-ൽ വരുമ്പോൾ ഒരു ധവളപത്രം ഇറക്കി. ആ ധവളപത്രം ഇറക്കിക്കൊണ്ട് നിങ്ങൾ പറഞ്ഞത് ഞങ്ങൾ ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽത്തന്നെ കമ്മി കുറയ്ക്കും എന്നാണ്. ഇവിടെ ഇപ്പോൾ തന്നിട്ടുള്ള കണക്കുപ്രകാരം ധനകമ്മിയും റവന്യൂ കമ്മിയും കൂടി. നിങ്ങൾ പറഞ്ഞു മൂലധനച്ചെലവ് കൂട്ടുമെന്ന്. ഇവിടത്തെ സാമ്പത്തിക സ്ഥിതി പരിശോധിച്ചു കഴിഞ്ഞാൽ മൂലധനച്ചെലവ് ഒട്ടുമേ കൂടിയിട്ടില്ല എന്നു നമുക്ക് കാണാൻ കഴിയും. നിങ്ങൾ മൂലധനച്ചെലവ് കൂട്ടുമെന്ന് പറഞ്ഞു. സാമ്പത്തിക സ്ഥിതി പരിശോധിച്ചാൽ മൂലധനച്ചെലവ് ഒട്ടും കൂടിയിട്ടില്ല എന്ന് കാണാൻ കഴിയും. ആഭ്യന്തര വിഭവ സമാഹരണം വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു. നികുതികൾ പിരിക്കുന്ന കാര്യത്തിൽപ്പോലും ഗവൺമെന്റിന് സമ്പൂർണ്ണ പരാജയമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര വിഭവസമാഹരണം തകർന്നു. നായനാർ ഗവൺമെന്റ് ഖജനാവ് മുടിച്ചു, മുഴുവനും കടമാക്കി എന്നല്ലേ നിങ്ങൾ ഞങ്ങളെക്കുറിച്ച് പറഞ്ഞത്. ഞങ്ങൾ പിരിഞ്ഞു പോകുമ്പോൾ മുലധനനിക്ഷേപം നടത്തി; ഇൻവെസ്റ്റ്മെന്റ് നടന്നതിന്റെ ഫലമായി 23,000 കോടി രൂപയുടെ കടമുണ്ടായി. നിങ്ങൾ മുന്നരക്കൊല്ലം ഭരിച്ചു കഴിഞ്ഞപ്പോൾ ആ കടം 49,000 കോടി രൂപയായി. ഈ സംസ്ഥാനത്തിന്റെ ബാദ്ധ്യത വളർന്നു. ഒരക്ഷരം ഗവർണ്ണറെക്കൊണ്ട് പറയിച്ചില്ലല്ലോ. സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ഒരു കാര്യവും പറഞ്ഞില്ല എന്നു മാത്രമല്ല, പത്താം പഞ്ചവൽസര പദ്ധതി ഒരു കൊല്ലം കൂടി കഴിയുമ്പോൾ അവസാനിക്കുകയാണ്. പൊതുവിൽ ഇവിടത്തെ സ്ഥിതിയെന്താണ്? ഇന്നലെ ചോദ്യോത്തരവേളയിൽ മറുപടിയായി പറഞ്ഞു, 2001-02-ൽ തുടങ്ങിയിട്ടുള്ള പത്താം പഞ്ചവൽസര പദ്ധതിയിലെ അടങ്കൽത്തുക 3,015 കോടി രൂപയും ചെലവാക്കിയത് 2,531 കോടി രൂപയും ആണെന്ന്. ഇവിടെ 755 കോടി രൂപ കുറവാണ്. 2002-03-ൽ അടങ്കൽ തുക 4,026 കോടി രൂപ. ചെലവാക്കിയത് 3,943 കോടി രൂപ. 2004-ൽ അടങ്കൽ തുക 4,430 കോടി രൂപ. ചെലവാക്കിയത് 3,119 കോടി രൂപ. ഇന്നലെ ഇവിടെത്തന്ന സി. & എ.ജി. റിപ്പോർട്ടുണ്ട്. 2004-05-ൽ അടങ്കൽത്തുക 4,852 കോടി രൂപ. ഡിസംബർ മാസം 31 വരെ ചെലവാക്കിയത് 2,200 കോടി രൂപ. ഇത് ആകെ കൂട്ടിനോക്കിയാൽ 11,972 കോടി രൂപയാണ്. പത്താം പദ്ധതി അവസാനിക്കാൻ ഇനി ഒരു കൊല്ലം ബാക്കി നിൽക്കേ 24,000 കോടി രൂപയുടെ പദ്ധതി കൊണ്ടു വന്നിട്ട് നിങ്ങൾ ചെലവഴിച്ചത് ഇത്രയുമാണ്. എന്താണ് ഇതിന്റെ അർത്ഥം? പത്താം പഞ്ചവൽസര പദ്ധതി കേരളത്തിന്റെ വികസനത്തെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ്. ഭരണത്തിൽ സമ്പൂർണ്ണമായി തകർന്നുകഴിഞ്ഞിരിക്കുന്നു എന്നാണ്. അമ്പത് ശതമാനംപോലും ചെലവാക്കിയില്ല. നൂറ് ദിവസത്തെ പദ്ധതി ഇവർ പ്രഖ്യാപിച്ചു. ധനകാര്യ മാനേജ്മെന്റിന്റെ എ, ബി, സി, ഡി അറിയാവുന്നവർക്ക് അറിയാം. എവിടെ നിന്നാണ് നിങ്ങൾക്ക് ഇതിനുള്ള പണം? ഒന്നുകിൽ പദ്ധതിയുടെ ഭാഗമായിട്ടുള്ള പ്ലാൻ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ ബഡ്ജറ്റ്. നിങ്ങൾ പ്രഖ്യാപിക്കുന്ന പരിപാടികൾക്ക് ബഡ്ജറ്റിനു പുറമേ എവിടെ നിന്ന് പണം കിട്ടി? എങ്കിൽപ്പിന്നെ ഇവിടെ ബഡ്ജറ്റ് എന്തിനാണ്? ഇപ്പോൾ പി.ഡബ്ലിയു.ഡി. എത്രയോ രൂപയുടെ ഭരണാനുമതി കൊടുത്തുവെന്ന് പ്രഖ്യാപിച്ചു. പണം എവിടെ നിന്നാണ്? വാർഷിക ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ വേണ്ടേ? .....(ബഹളം)..... നബാർഡിന്റെ എല്ലാം കൂടിയാണ് ഈ പദ്ധതി വരുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം, പ്ലാൻ എല്ലാം കൂടിയാണ്. നിങ്ങൾ നൂറ് ദിവസത്തെ പരിപാടി പ്രത്യേക പദ്ധതിയെന്നു പറയുന്നത് ശുദ്ധ തട്ടിപ്പാണ്. അതിനാവശ്യമുള്ള പണമില്ല. മുഖ്യമന്ത്രിയുടെ നൂറ് ദിവസത്തെ പ്രത്യേക പരിപാടി നടന്നു. ഇന്ന് പത്രങ്ങളിൽ വന്നിട്ടുണ്ട്. അതിന്റെ പ്രചരണത്തിനും സംഘാടനത്തിനും വേണ്ടി ചെലവഴിച്ചത് 129 ലക്ഷം രൂപ എന്ന് ഇന്നലെ നിയമസഭയിൽ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞു. അതിൽ വിതരണം ചെയ്ത ധനസഹായം 108 ലക്ഷം രൂപ. ഇത് വില്ലേജ് ഓഫീസർ പോയി കൊടുത്താൽ പോരായിരുന്നോ? എന്തിനാണ് സംസ്ഥാന ഖജനാവിന്റെ ഒരു കോടി ഇരുപത്തി ഒമ്പത് ലക്ഷം രൂപ ചെലവ് ചെയ്ത് ഒരു കോടി എട്ട് ലക്ഷം രൂപ വിതരണം ചെയ്തത്? അത് തട്ടിപ്പല്ലേ? കാസർകോഡ് ജില്ലയിൽ നിന്നുള്ള ഒരു പരാതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുടെ കോപ്പി കിട്ടി. ശോഭന എന്നു പറയുന്ന ഒരു സ്ത്രീ തഹസീൽദാർക്ക് അയച്ചുകൊടുത്ത ലാൻഡ് അക്വിസിഷൻ സംബന്ധിച്ചുള്ള പരാതിയാണ്. ആക്ഷൻ എന്നുള്ളിടത്ത് ഒന്നുമില്ല. മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് അയച്ചുകൊടുത്തതാണ്. ഇങ്ങനെയല്ലേ പരാതി തീർത്തത്? ഇത് കാണിക്കുന്നത് ശുദ്ധമായ പ്രഹസന തട്ടിപ്പ് മാത്രമായിരുന്നു; മുഖ്യമന്ത്രിക്ക് ഇതിനൊന്നും നേരമില്ല എന്നതാണ്. 1957-ൽ പ്ലാനിംഗ് ബോർഡ് രൂപീകരിച്ച ശേഷം, എന്റെ അറിവ് ശരിയാണെങ്കിൽ മുഖ്യമന്ത്രി പ്ലാനിംഗ് ബോർഡിന്റെ ഓഫീസിൽ പോയിട്ടാണ് യോഗം ചേർന്നിരുന്നത്. ഇപ്പോൾ പ്ലാനിംഗ് ബോർഡിന്റെ യോഗം മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് വിളിച്ചു. അവിടെവച്ചാണ് കഴിഞ്ഞ യോഗം ചേർന്നത്. ഇത് കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? ഏതെങ്കിലും ഒരു കാര്യം സാവകാശം ശ്രദ്ധിക്കാനുള്ള സാഹചര്യം അവിടെയുണ്ടോ? അവിടെ പാർട്ടിക്കാരുടേയും പരാതിക്കാരുടേയും പ്രളയമാണ്. അവിടെ കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള സാവകാശമുണ്ടോ? നിങ്ങളുടെ ഗവൺമെന്റ് സമയത്ത് മെമ്മോറാണ്ടം കൊടുക്കാതെ വരൾച്ചയുടെ ധനസഹായം നഷ്ടമാക്കി. യു.പി.എ. ഗവൺമെന്റ് വന്നതിനുശേഷം പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ആന്ധ്രയിലും വാറങ്കലിലും നെല്ലൂരിലും ഹൈദരാബാദിലും പോയി 3500 കോടി രൂപയുടെ ധനസഹായം കൊടുത്തു. 35 കോടി രൂപയുടെ വർശ്ചാ സഹായം കേരളത്തിന് വാങ്ങിയോ? ഇപ്പോൾ 2005-06-ലേയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുന്നതിൽ പത്രങ്ങൾ പറഞ്ഞത് ശരിയാണെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടിയിട്ടുള്ള കത്തിന് മറുപടി അയയ്ക്കാൻ പോലുമുള്ള സന്നദ്ധതയും തയ്യാറെടുപ്പും ഇല്ലാത്ത പിടിപ്പുകെട്ട ഗവൺമെന്റായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ ഗവൺമെന്റ് വന്നശേഷമുള്ള അഞ്ച് നയപ്രഖ്യാപനത്തിലും വാഗ്ദാനങ്ങളുടെ പെരുമഴയുണ്ടായി. കേരളത്തിന്റെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്.47 ലക്ഷത്തോളം വരുന്ന യുവതീയുവാക്കൾ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തുകൊണ്ട് ജോലിക്ക് കാത്ത് നിൽക്കുന്നുണ്ട്. അവരുടെ വോട്ട് തട്ടാൻ വേണ്ടി നിങ്ങൾ പ്രകടന പത്രികയിൽ പറഞ്ഞു, പതിനഞ്ച് ലക്ഷം പേർക്ക് പണി കൊടുക്കുമെന്ന്. ഇപ്പോൾ കൊല്ലം എത്ര കഴിഞ്ഞു? 12 ലക്ഷം പേർക്ക് പണി കൊടുക്കണ്ടേ? വാർഷിക റിട്ടയർമെന്റിലേക്ക് പോലും പണി കൊടുക്കാതെ വഞ്ചിച്ചു. 375 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കുമെന്ന് പറഞ്ഞു. 37 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കിയോ? കോക്കനട്ട് മിഷൻ പ്ലാൻ കൊണ്ടുവരുമെന്ന് പറഞ്ഞു. അതുപോലെ പരമ്പരാഗത വ്യവസായങ്ങൾക്ക് 100 കോടി രൂപയുടെ പ്രഖ്യാപനമുണ്ടായി. പിന്നെ 500 കോടി രൂപ എന്നുപറഞ്ഞു. ഇതിനുവേണ്ടി 5 കോടി രൂപ ചെലവാക്കിയോ? ഇത് പ്രഖ്യാപനം മാത്രമായിരുന്നു. ഇവിടെ ഗവർണ്ണറെക്കൊണ്ട് വായിപ്പിച്ച പ്രസംഗത്തിന്റെ ഏഴാം പേജിൽ പൊതുജീവിതത്തിലെ സത്യസന്ധത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എന്റെ സർക്കാർ അഴിമതിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചുകൊണ്ട് സഹിഷ്ണുത ലവലേശമില്ലാത്ത അതിന്റെ നയങ്ങളുമായി ഒരു പടികൂടി മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നു എന്നുപറഞ്ഞു. യഥാർത്ഥത്തിൽ എന്താണുണ്ടായത്? ഇപ്പോൾ പിരിഞ്ഞുപോയ ഡി.ജി.പി. ശ്രീ. ഹോർമിസ് തരകൻ തന്നെ പറഞ്ഞു, പോലീസിന്റെ ഏറ്റവും വലിയ പ്രശ്നം അഴിമതിയുടേയാണെന്ന്. ഇവിടെ പത്രങ്ങളിൽ വന്നതാണ്. ഡിവൈ.എസ്.പി.-മാരുടെ സ്ഥലംമാറ്റത്തിന്; ഡി.സി.സി. ഓഫീസും കെ.പി.സി.സി. ഓഫീസും മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

യുടെ ഓഫീസും കേന്ദ്രീകരിച്ചുകൊണ്ട് തിരുവനന്തപുരം ഫോർട്ട് സ്റ്റേഷൻ, ശംഖുമുഖം സ്റ്റേഷൻ, മൂന്നാറിലെ ചില നഗരങ്ങളിലെ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ എല്ലാം നിയമനം കിട്ടണമെങ്കിൽ ലക്ഷക്കണക്കിന് രൂപയുടെ കോഴയുമായി പോലീസ് ഓഫീസർമാർ ക്യൂ നിൽക്കുന്ന ഒരു ഭരണമായി ഇത് മാറി എന്നല്ലേ മനസ്സിലാക്കേണ്ടത്? വളരെ സ്പീഡുണ്ട്. അത് ശരിയാണ്. കരിമണൽ ഖനനം പ്രഖ്യാപിച്ചു. പ്രഖ്യാപിച്ച പോലെതന്നെ അത് പിൻവലിച്ചില്ലേ? അത് ഞങ്ങൾ പറഞ്ഞിട്ടാണോ? നിങ്ങൾ മദ്യനിരോധനത്തിന്റെ ആളുകളാണല്ലോ. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കാൻ നിങ്ങൾ തീരുമാനിച്ചില്ലേ? പ്രഖ്യാപിച്ച പോലെതന്നെ പിൻവലിച്ചില്ലേ? അഴിമതിക്കെതിരെ സഹിഷ്ണുത ലവലേശം ഇല്ല പോലും, പി.എസ്.സി. മെമ്പറായി നിങ്ങൾ കുറേ ആളുകളെ വച്ചു. അതിൽ കൊല്ലം ജില്ലക്കാരനായ ശ്രീ. പി. ആർ. ദേവദാസ് ഒരു ചെക്ക് കേസിൽ നാല് മാസത്തെ ഇംപ്രിസൺമെന്റിനും അമ്പതിനായിരം രൂപയുടെ പിഴയ്ക്കും കോടതി ശിക്ഷിച്ച ആളാണ്. എന്റെ കൈയിലുള്ളത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ ആ കോടതി വിധിയാണ്. അതിൽ പറയുന്നത് .....this is a fit case in which the accused persons are punished deterrently....എന്നാണ്. ആ മാന്യദേഹത്തെ പി.എസ്.സി. മെമ്പറായി വച്ചത് നിങ്ങൾക്ക് അഴിമതിയോടുള്ള വിരോധത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമോ? ഇവിടെ നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി പേ വിഷബാധയ്ക്ക് മരുന്നു വാങ്ങേണ്ട കാര്യത്തെക്കുറിച്ച് പറഞ്ഞു. അന്വേഷണം നടത്തിയോ? നിങ്ങൾ പറഞ്ഞു ഞങ്ങൾ മുന്നോട്ട് വരാൻ ധൃതി കാട്ടുന്നു എന്ന്. ബഹുമാനപ്പെട്ട കെ. ശങ്കരനാരായണന്റെ ഇരിപ്പ് കാണുമ്പോൾ കരയണമോ ചിരിക്കണമോ എന്ന് എനിക്ക് അറിയില്ല. നിങ്ങൾ പുറകോട്ട് പോയി. പന്ത്രണ്ട് ആളുകൾ ഇപ്പോൾ പാറ വീണ ചെകുത്താനെപ്പോലെയായി. പഴയ ഗവൺമെന്റിന്റെ ചില മന്ത്രിമാർ നിൽപ്പില്ലാത്ത ആളുകളായി. അതിൽ ചില ആളുകൾ പറയുന്നു ഞങ്ങൾക്ക് സങ്കടമില്ലെന്ന്. കാരണം അവർ കോട്ട പൂർത്തീകരിച്ചു. മൂന്നരക്കൊല്ലം കൊണ്ട് കോട്ട പൂർത്തീകരിച്ചു എന്ന് സംതൃപ്തിയടഞ്ഞ ആളുകൾ അതിനകത്തുണ്ട്. അങ്ങനെയുള്ളവർ അഴിമതിക്കെതിരെ എന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്? ഇവിടെ ക്രമസമാധാനത്തെക്കുറിച്ച്

11.00 a.m.] ശ്രീ. കെ. സി. ജോസഫ് പറഞ്ഞു. ഞങ്ങൾ ചോദിക്കട്ടെ ഈ ഗവൺമെന്റ് വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഒളവണ്ണയിൽ കന്യാസ്ത്രീകൾക്ക് നേരെ അക്രമം ഉണ്ടായി. മുഴുവൻ പ്രതികളെ ഇതുവരെ പിടിച്ചിട്ടില്ല. അവിടെ പാറ്റൂർ പള്ളിയിൽ അക്രമമുണ്ടായി. തൃശ്ശൂരിൽ ജോർജ്ജ് ചിറ്റിലപ്പള്ളി എന്ന വന്ദ്യവയോധികനായ അച്ചനെ പള്ളിമേടയിൽ കയറി വെട്ടിക്കൊലപ്പെടുത്തി. ഇവിടെ ശ്രീ. കെ. എം. മാണി സാറിനെ കാണുന്നില്ല. സി.പി.എം.-ന്റെ നേതൃത്വത്തിൽ ഗവൺമെന്റാണ് കേരളം ഭരിക്കുന്നതെങ്കിൽ ശ്രീ. കെ. എം. മാണിയെപ്പോലുള്ള ആളുകളുടെ മുതലക്കണ്ണീർകൊണ്ട് മീനച്ചിലാറ് പൂർണ്ണമായി കരകവിഞ്ഞൊഴുകുമായിരുന്നു. ഇപ്പോൾ ആരേയും കാണുന്നില്ലല്ലോ? ഞങ്ങൾ ഭരിക്കുമ്പോൾ പള്ളിമേടയിൽ കയറി ഒരു പാതിരി അച്ചനെ കൊലപ്പെടുത്തുന്ന സംഭവം ഉണ്ടായാൽ, പട്ടാപ്പകൽ കന്യാസ്ത്രീകളെ ആക്രമിച്ച് അവരെ ഇടിക്കട്ടകൊണ്ട് ഇടിച്ച് അവരുടെ വാഹനം തകർക്കുകയും ഒക്കെ ചെയ്താൽ

കേരളത്തിൽ എന്തുണ്ടാകുമായിരുന്നു? നിങ്ങൾ ഭരിക്കുമ്പോൾ എന്തും ആകാം എന്നുള്ള സ്ഥിതിയാണ്. ശ്രീ. എ. കെ. ആന്റണിയുടെ കാലം മുതൽ യു.ഡി.എഫ്. ഭരണത്തിന് ഒരു മാറ്റമുണ്ടായി. പണ്ട് നമ്മൾ സ്കൂളിൽ പഠിച്ചിട്ടുള്ളത് കള്ളന്മാർ രാത്രിയിലാണ് കക്കാറുള്ളതെന്നാണ്. യു.ഡി.എഫ്. ഭരണം വന്നപ്പോൾ അത് മാറി. എന്തിന് രാത്രി കക്കണം. പകൽ തന്നെ കള്ളൻമാർ ഇറങ്ങി നടക്കുകയാണ്. ആർക്കും എവിടേയും കയറി മോഷ്ടിക്കാമെന്നുള്ള സ്ഥിതിയാണ്. ഇന്ന് പത്രങ്ങളിൽ രണ്ട് മോഷണത്തെക്കുറിച്ച് വന്നിട്ടുണ്ട്. പട്ടാപ്പകൽ കള്ളൻമാർക്ക് കക്കാമെന്നുള്ള വ്യവസ്ഥ ഈ ഗവൺമെന്റുണ്ടാക്കി. ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് ചില ആക്ഷേപങ്ങൾ പറയുകയുണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. നിങ്ങൾ മുൻപ് പറഞ്ഞത് സി.പി.ഐ. (എം) ഏകാധിപത്യ പാർട്ടിയാണ്; തെരഞ്ഞെടുപ്പില്ല എന്നൊക്കെയാണ്. തെരഞ്ഞെടുപ്പ് വന്നപ്പോൾ ഇരുപത്തി മൂവായിരത്തോളം ബ്രാഞ്ച് സമ്മേളനങ്ങൾ, ആയിരത്തി അറുന്നൂറോളം വരുന്ന ലോക്കൽ സമ്മേളനങ്ങൾ, നൂറ്റിയെൺപതോളം വരുന്ന ഏരിയ സമ്മേളനങ്ങൾ ഇതെല്ലാം ഞങ്ങൾ നടത്തി. മാർക്സിസ്റ്റ് പാർട്ടിയെന്നു പറയുന്നത് കേരളത്തിലെ ജനങ്ങളുടെ അംഗീകാരമുള്ള പാർട്ടിയാണ്. ജനങ്ങൾ വിധിയെഴുതിയതിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രിയായിട്ട് അവിടെയിരുന്നയാൾ ഇപ്പോൾ ഇവിടെയിരിക്കുന്നത്. അതുകൊണ്ട് നിങ്ങളുടെ പ്രചരണംകൊണ്ട് കാര്യമില്ല. കോൺഗ്രസ്സിലുള്ള ഗ്രൂപ്പിസം മറച്ചുപിടിക്കാൻ വേണ്ടിയിട്ടാണ് ഇവിടെ ഈ നിലയിൽ പ്രവർത്തിക്കുന്നത്. ശ്രീ. പ്രതാപവർമ്മ തമ്പാൻ ഇവിടെ പ്രസംഗിച്ചു. പകുതിയേ കുടലുള്ളൂ. പകുതി 'ഐ' ഗ്രൂപ്പ് കൊണ്ടുപോയി. പകുതി കുടലുമായിട്ട് ഞങ്ങളുടെ കുറ്റം ഇവിടെ നിന്ന് പറയുന്നു. ബഹുമാന്യനായ ശ്രീ. ഉമ്മൻചാണ്ടി ഇവിടെ ഇരിക്കുന്നുണ്ട്. യൂത്ത് കോൺഗ്രസ്സിന്റെ ജാഥ അങ്ങയുടെ നാട്ടിൽ നിന്നാണ് പോയത്. ഇതിന്റെ മുദ്രാവാക്യം "ആവോ ഭാരത് ബചാവോ" എന്നായിരുന്നു. 'വരിക ഭാരതത്തെ രക്ഷിക്കുക' എന്ന് പറഞ്ഞായിരുന്നു. ആ ജാഥയുടെ ഉദ്ഘാടനംപോലും നടന്നിട്ടില്ല. അവിടെത്തന്നെ അടിയായി. യു.ഡി.എഫ്. കൺവീനറായിരുന്ന ബഹുമാന്യനായ ഉമ്മൻചാണ്ടി അവിടെ പോയി. ഓട്ടം നിർത്തിയത് പാതിരാമണൽപ്പുറത്ത് വന്നിട്ടാണ്. അതിന് ഒരു ഗുണമുണ്ടായി. അർത്ഥനഗ്നനായിട്ടുള്ള മഹാത്മാഗാന്ധിക്കു ശേഷം അർത്ഥനഗ്നനായിട്ടുള്ള ഒരു കോൺഗ്രസ്സ് നേതാവിനെ മലയാളികൾക്ക് കാണാൻ കഴിഞ്ഞു. ആ സംഭവത്തിനുശേഷം ജാഥ നടന്നുപോയപ്പോൾ മുദ്രാവാക്യം തന്നെ മാറ്റി. "ജാവോ ഭാരത് ബചാവോ" എന്നുള്ളത് "ജാവോ ജീവൻ ബചാവോ" എന്നുള്ളതായി മാറി. ജാഥ തന്നെ നിർത്തിപോയി. ആലപ്പുഴയിൽ നടന്ന കോൺഗ്രസ്സിന്റെ കൺവെൻഷനിലെ അനുഭവങ്ങൾ ബഹുമാന്യയായ ശോഭനാ ജോർജ്ജ് ഇവിടെ വിശദീകരിച്ചില്ലേ? കൗമുദിയിൽ ലേഖനം വന്നു. അടിവസ്ത്രം ഇടാതെ വന്ന ഒരു കോൺഗ്രസ്സുകാരൻ ഖദർ മുണ്ട് പൊക്കിക്കാണിച്ചു എന്ന് നിങ്ങളുടെ വനിതാ മെമ്പർ പരസ്യമായി പറയേണ്ട ഒരു ഗതികേട് വന്നില്ലേ? അങ്ങനെയുള്ള ഒരു പാർട്ടി ഞങ്ങളെ വിമർശിക്കാൻ വരുന്നതിൽ എന്ത് ന്യായമാണുള്ളത്? തമ്മിൽ തല്ലി തല കീറി തകർന്നു വരുന്ന ഒരു പാർട്ടിയാണ് കോൺഗ്രസ്സ്. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. യു.ഡി.എഫ്. എന്നുപറയുന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധ രാഷ്ട്രീയ മുന്നണി തകർന്നു എന്നുള്ളതിന്റെ ഉദാഹരണമാണ് അപ്പുറത്തിരുന്ന പല

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും ഇപ്പുറത്തിരിക്കുന്നത്. അത് തകർന്നു കൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ കോഴിക്കോട് ജില്ല എല്ലാ വ്യവസായങ്ങളുടേയും ശവപ്പറമ്പായി മാറി. ഇതിന്റെയടിസ്ഥാനത്തിൽ നയപ്രഖ്യാപനത്തെ അനുകൂലിച്ചുകൊണ്ടുള്ള പ്രമേയത്തെ ഞാൻ സമ്പൂർണ്ണമായി എതിർക്കുന്നു.

പ്രൊഫ. കെ. വി. തോമസ്: എന്റെ സ്നേഹിതൻ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ അപ്പുറത്തിരിക്കുന്ന ചില സുഹൃത്തുക്കൾ 27-ാം തീയതി ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തെ നാല് പ്രാവശ്യം നടന്ന നയപ്രഖ്യാപനങ്ങളുടെ തനിയാവർത്തന മാണെന്ന് പരാതിപ്പെട്ടു. 2001-ൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഐകൃ ജനാധിപത്യ മുന്നണിയുടെ ഭരണത്തിന്റെ തുടർച്ചയാണിത്. ഓരോ വർഷവും നയം മാറ്റാൻ കഴിയില്ല. നയങ്ങൾക്ക് സ്ഥിരസ്വഭാവമുണ്ട്. അതുകൊണ്ടാണ് ഗവർണ്ണർ ശ്രീ. ആർ. എൽ. ഭാട്ടിയ അവതരിപ്പിച്ച നയപ്രഖ്യാപനത്തിൽ ഒരു തുടർച്ച നമുക്ക് കാണാൻ കഴിയുന്നത്. ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് മാസമായി കേരളം അതിവേഗം മുന്നോട്ട് എന്ന മുദ്രാവാക്യവുമായി ഐകൃ ജനാധിപത്യ മുന്നണി മുന്നോട്ട് നീങ്ങുകയാണ്. ഈ മുദ്രാവാക്യം കഴിഞ്ഞ നാലര വർഷക്കാലം ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ തുടങ്ങിവച്ച വികസനോന്മുഖമായ പ്രവർത്തനങ്ങളുടെ തുടർച്ചയാണ്. കഴിഞ്ഞ ആഗസ്റ്റ് 16-ാം തീയതി രാഷ്ട്രപതിയും കേന്ദ്ര മന്ത്രിമാരും ഇൻഡ്യയിലെ മുപ്പത് സംസ്ഥാനങ്ങളിലേയും അഞ്ച് യൂണിയൻ ടെറിറ്ററികളിലേയും മുഖ്യമന്ത്രിമാരും ഭരണാധികാരികളും ഉൾപ്പെട്ട കോൺക്ലേവിൽ പങ്കെടുക്കാൻ എനിക്കും ഭാഗ്യമുണ്ടായി. ഞാൻ ഇന്നും മറക്കാതെ ഓർക്കുന്ന കോൺക്ലേവാണത്. ആ കോൺക്ലേവിൽ 'ഇൻഡ്യാ ടുഡേ'ക്കു വേണ്ടി ഇൻഡ്യയിലെ പ്രഗൽഭരായ ധനതത്വ ശാസ്ത്രജ്ഞൻമാർ അവതരിപ്പിച്ച ഒരു പഠനമുണ്ട്. ആ ധനതത്വ ശാസ്ത്രജ്ഞൻമാർ വിവേക് ഒബ്റോയിയും, ലെവീസ് ഭണ്ഡാരിയുമാണ്. അവർ അമേരിക്കൻ മുതലാളിത്തത്തിന്റെ പ്രതിനിധികളല്ല. അവർ അറിയപ്പെടുന്ന ഇടതുപക്ഷ സോഷ്യലിസ്റ്റ് ചിന്താഗതിയുള്ള ധനതത്വ ശാസ്ത്രവിദഗ്ദ്ധൻമാരാണ്. ഇൻഡ്യയിലെ ഇരുപത് മേജർ സ്റ്റേറ്റുകളെക്കുറിച്ച് എട്ട് മാനദണ്ഡങ്ങളാണ് പഠനം നടത്തിയത്. കൃഷി, ഉപഭോക്തൃ വിപണനം, വിദ്യാഭ്യാസം, ആരോഗ്യരംഗം, ഭരണ നിർവ്വഹണ രീതി, അടിസ്ഥാന സൗകര്യങ്ങൾ, മുതൽമുടക്ക്, ബഡ്ജറും അഭിവൃദ്ധിയും എന്നീ എട്ട് അടിസ്ഥാന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവർ ഇൻഡ്യയിലെ ഇരുപത് വലിയ സ്റ്റേറ്റുകളെ കുറിച്ച് പഠനം നടത്തിയപ്പോൾ കേരളം ക്രമസമാധാന പാലനത്തിൽ ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത് എന്നും പൊതുവായ റാങ്കിംഗിൽ കേരളം രണ്ടാം സ്ഥാനത്താണ് എന്നും പറയുകയുണ്ടായി. പഞ്ചാബാണ് ഒന്നാം സ്ഥാനത്ത്. ഇൻഡ്യയിലെ ഏറ്റവും മികച്ച പത്ത് ജില്ലകളിൽ എട്ടെണ്ണം കേരളത്തിലാണ്. ആ കോൺക്ലേവിൽ കേരളത്തെക്കുറിച്ച് ഏറ്റവും കൂടുതൽ അഭിനന്ദനങ്ങൾ ഇൻഡ്യയുടെ രാഷ്ട്രപതിയും ധനകാര്യ മന്ത്രി ശ്രീ. പി. ചിദമ്പരവും ചൊരിഞ്ഞപ്പോൾ കേരളീയൻ എന്ന നിലയ്ക്ക് എനിക്ക് വലിയ അഭിമാനമുണ്ടായി. അതിനുശേഷം എല്ലാ മുഖ്യമന്ത്രിമാരുടേയും

LIBRARY ARCHIVES Kerala Legislative Assembly

സാന്നിധ്യത്തിൽ ചർച്ച നടത്തി. ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന കോൺക്ലേവാണ്. രാവിലെ പത്ത് മണിക്ക് തുടങ്ങി വൈകിട്ട് അഞ്ച് മണിവരെ ഇൻഡ്യൻ രാഷ്ട്രപതി ഉൾപ്പെടെ പങ്കെടുത്ത കോൺക്ലേവാണ്. കഴിഞ്ഞ ആഗസ്റ്റ് പതിനാറിനായിരുന്നു അത്. ആ അഭിനന്ദന ചർച്ച നടക്കുമ്പോൾ രാജസ്ഥാൻ മുഖ്യമന്ത്രിയായ ശ്രീമതി വസുന്ധര രാജസിന്ധ്യ എന്നോട് ഒരു ചോദ്യം ചോദിച്ചു. Mr. Thomas, I congragulate your State. You are number one in education, you are number one in health, you are number one in literacy but you are also number one in suicide rate and in investment you are number fourteen. ഇതൊരു വലിയ ചോദ്യമാണ്. ആ ചോദ്യം കേട്ട ശേഷം അതിനെക്കുറിച്ച് ഞാൻ പലരുമായും ചർച്ച ചെയ്യുകയുണ്ടായി. എന്തുപറ്റി കേരളത്തിന്? What happened to Kerala? നാം എവിടെയാണ് നിൽക്കുന്നത്? നമ്മുടെ പൊസിഷൻ എന്താണെന്ന് നാം മനസ്സിലാക്കണം. സൂയിസൈഡിൽ നാം ഒന്നാം സ്ഥാനത്താണ്. ഇതിന് പല കാരണങ്ങൾ ഉണ്ട്. അതിൽ ഒന്ന് നമ്മുടെ തൊഴിലില്ലായ്മ തന്നെയാണ്. കേരളത്തെക്കുറിച്ച് London based ആയിട്ടുള്ള സാഗെ പബ്ലിക്കേഷൻസിന്റെ രണ്ട് എഡീഷൻസ് വന്നിട്ടുണ്ട്. അതിൽ ഏറ്റവും ലേറ്റസ്റ്റ് എഡിഷൻ ഉണ്ട്. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നമ്മുടെ മനസ്സ് തുറക്കേണ്ടതാണ്. അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്? According to a National Sample Survey Organisation's Survey (N.S.S.O.), Kerala had the highest rate of rural unemployment and the second highest rate of urban unemployment among the States in India during 1999 to 2000. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലാത്ത ഒരു സ്റ്റേറ്റായി കേരളം മാറിയിരിക്കുന്നു. ഇതിന് ആരാണ് ഉത്തരവാദി? കേരളത്തിൽ ഇടതുമുന്നണിയും ഐക്യജനാധിപത്യ മുന്നണിയും മാറിമാറി ഭരിച്ചിട്ടുണ്ട്. ഈ ഉത്തരവാദിത്വത്തിൽ നിന്ന് നമുക്കാർക്കെങ്കിലും മാറി നിൽക്കാൻ കഴിയുമോ? കഴിഞ്ഞ കുറേ നാളുകളായി നമ്മുടെ സംസ്ഥാനത്ത് വളരെയേറെ കാര്യങ്ങളെക്കുറിച്ച് ചർച്ചകൾ നടക്കുന്നു. അതിൽ പ്രധാനം സ്ത്രീപീഡന കേസുകളാണ്. ഇന്ന് ഹൗസിലും ആ പ്രശ്നം അവതരിപ്പിക്കുകയുണ്ടായി. സ്ത്രീകളുടെ മാനം അംഗീകരിക്കപ്പെടണം, അവരുടെ അഭിമാനം സംരക്ഷിക്കപ്പെടണം. അതു സംരക്ഷിക്കപ്പെടണമെങ്കിൽ ക്രമസമാധാനം പാലിക്കുന്നവർക്ക് നാം സംരക്ഷണം കൊടുക്കണം. അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അംഗീകാരം കൊടുക്കണം. നാം ജുഡീഷ്യറിയെ അംഗീകരിക്കണം. എന്നാൽ കേരളത്തിൽ എന്താണ് നടക്കുന്നത്? കേരളത്തിൽ പലപ്പോഴും യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് നാം ഒളിച്ചോടി രാഷ്ട്രീയമായി പരസ്പരം ചെളിയെറിയാനുള്ള ശ്രമത്തിലാണ്. സ്ത്രീപീഡനം കഴിഞ്ഞ കാലങ്ങളിലൊക്കെ നടന്നിട്ടുണ്ട്. സൂര്യനെല്ലി കേസ് തന്നെ എടുക്കാം. സൂര്യനെല്ലി കേസിൽ അന്നത്തെ സ്പെഷ്യൽ പ്രോസിക്യൂട്ടർ ശ്രീ. ജനാർദ്ദനക്കുറുപ്പ് ആരോപിക്കുന്നത് അഡ്വക്കേറ്റ് ജനറൽ ശ്രീ. എം. കെ. ദാമോദരനും മുഖ്യമന്ത്രിയുടെ ഓഫീസ് നിയന്ത്രിച്ചിരുന്ന രാഷ്ട്രീയ ഉപദേശകൻ ശ്രീ. ശശിയും കൂടി കേസ് അട്ടിമറിച്ചു എന്നാണ്. ഇവിടെ നിയമ സമാധാനം പാലിക്കപ്പെടണമെങ്കിൽ നിയമസമാധാന പാലകർക്ക് സ്വാതന്ത്ര്യം ഉണ്ടാകണം. ശ്രീ. എ. കെ. ആന്റണി പോലീസിനു നൽകിയ സ്വാതന്ത്ര്യം അതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അന്ന് അദ്ദേഹത്തിനെതിരായി പല ആക്ഷേപങ്ങളും ഞങ്ങളുടെ പാർട്ടിയിൽ നിന്നും അപ്പുറത്തു നിന്നും ഉണ്ടായിട്ടുണ്ട്. പക്ഷേ സ്വതന്ത്രമായി പോലീസിന് പ്രവർത്തിക്കാനുള്ള തീരുമാനമാണ് ശ്രീ. എ. കെ. ആന്റണി എടുത്തത്. കഴിഞ്ഞ കാലഘട്ടത്തിൽ കേരളത്തിൽ ഉണ്ടായ സ്ത്രീ പീഡന കേസുകൾ രാഷ്ട്രീയവൽക്കരിച്ചില്ലേ? പല കേസുകളുടേയും തീരുമാനങ്ങൾ കേരളാ ഹൈക്കോടതിയിൽ അല്ല എടുത്തത്; എ.കെ.ജി. സെന്ററിലാണ് എടുത്തിട്ടുള്ളത്. സൂര്യനെല്ലി കേസിൽ ഹൈക്കോടതി പറഞ്ഞത് എന്താണ്? 16 വയസ്സുള്ള ഒരു പെൺകുട്ടി 35 ആളുകളുടെ കൂടെ നാലായിരം കിലോമീറ്റർ മാസങ്ങളോളം യാത്ര ചെയ്തു. കോടതി എന്തു ചെയ്യണം? ഉള്ള നിയമം വച്ചല്ലേ എടുക്കാൻ കഴിയുന്നത്? ഞാൻ പറഞ്ഞു വന്നത് കേരളം ഇനിയും മുന്നോട്ടു പോകണം. മുന്നോട്ടു പോകണമെങ്കിൽ നാം എന്താണ് ചെയ്യേണ്ടത്? ഇൻഫ്രാസ്ട്രക്ച്ചർ തന്നെ എടുക്കാം. ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിൽ കേരളം ഏഴാമതാണ്. വെസ്റ്റ് ബംഗാൾ 14-ാം സ്ഥാനത്താണ്. പക്ഷേ പതിനാലാം സ്ഥാനത്ത് നിൽക്കുന്ന വെസ്റ്റ് ബംഗാൾ കുറേക്കൂടി ഉദാരമായ സാമ്പത്തിക സമീപനം എടുത്തിരിക്കുന്നു എന്നു നമുക്ക് കാണാൻ കഴിയും. വെസ്റ്റ് ബംഗാൾ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ പറഞ്ഞത് എന്താണ്? ലോകം മാറുമ്പോൾ മാർക്സിസ്റ്റുകളും മാറും. എല്ലാവിധ സ്വകാര്യ മൂലധന നിക്ഷേപത്തേയും പശ്ചിമ ബംഗാൾ സ്വാഗതം ചെയ്യുന്നു. ഞങ്ങൾ മാർക്സിസ്റ്റുകളാണ്, പക്ഷേ ഞങ്ങൾ വിഡ്ഢികളല്ല. വെസ്റ്റ് ബംഗാളിൽ ചെല്ലുമ്പോൾ നമുക്ക് Salt lake-ലേയ്ക്ക് പോകണം. Salt Lake City ആരാണ് വികസിപ്പിക്കുന്നത്? സഹാറ ഗ്രൂപ്പ് അല്ലേ? കൽക്കട്ടയിൽ ഇലക്ട്രിസിറ്റി സപ്ലൈ ആരാണ് നടത്തുന്നത്? ഗോയങ്കാ ഗ്രൂപ്പല്ലേ? എന്തിനാണ് അന്ധമായ പ്രൈവറ്റ് വിരോധം കാണിക്കുന്നത്? ഞാൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ഒരാളാണ് പ്രതിപക്ഷ നേതാവ്. ഞാൻ കുമ്പളങ്ങിക്കാരനാണ്. അദ്ദേഹവും അതിനടുത്താണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിത്തുകൾ പാകിയ ധാരാളം കരുത്തരായ നേതാക്കന്മാർ ഉണ്ടായിരുന്ന ഒരു പ്രദേശമാണ് കുമ്പളങ്ങി. തിരു-കൊച്ചി നിയമസഭയിൽ ആലപ്പുഴയിൽ നിന്ന് ജയിച്ച എം.എൽ.എ.-മാരായ സദാശിവനും കെ. കെ. കുഞ്ഞനും എന്റെ നാട്ടുകാരായിരുന്നു. കഴിഞ്ഞ മുന്നര വർഷക്കാലം ടൂറിസം വകുപ്പ് കൈകാര്യം ചെയ്തപ്പോൾ പലപ്പോഴും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ഞാൻ കൈക്കൊണ്ടു. ഉദാഹരണമായി ശംഖുമുഖത്ത് ടൂറിസം ഡിപ്പാർട്ട്മെന്റ് ഒരു walk way നിർമ്മിച്ചു. അന്ന് അവിടെ തർക്കമുണ്ടായപ്പോൾ പ്രതിപക്ഷ നേതാവ് അവിടെ പോയി. അദ്ദേഹം എന്നെ വിളിച്ചു. ഞാൻ പറഞ്ഞു അങ്ങ് ഇടപെടണം, പരിഹാരം ഉണ്ടാക്കണമെന്ന്. പരിഹാരമുണ്ടായി. അതിമനോഹരമായ ഒരു walk way ശംഖുമുഖത്ത് ഉണ്ടായി. വാഗമൺ പ്രോജക്ട് ടൂറിസം ഡിപ്പാർട്ട്മെന്റ് കൊണ്ടുവന്നപ്പോൾ അദ്ദേഹം അവിടേയും പോയി ചില കാര്യങ്ങൾ ഉന്നയിച്ചു. ഉന്നയിച്ച കാര്യങ്ങൾ പരിശോധിക്കാൻ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ടി. ബാലകൃഷ്ണനെ ഞാൻ നിയോഗിക്കുകയുണ്ടായി. പക്ഷേ കഴിഞ്ഞ ദിവസം കോവളത്ത് നടന്നത് എന്താണ്? പ്രതിപക്ഷ നേതാവ് കോവളത്ത് പോയി സമരം നടത്തി. ഞാൻ അതിന് എതിരല്ല. പക്ഷേ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ അക്രമപ്രവർത്തനങ്ങൾ അംഗീകരിക്കാൻ കഴിയുമോ എന്നാണ് എന്റെ ചോദ്യം. 2002 ജനുവരിയിൽ 'ജിം' നടന്നു. ജിം-ൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് പങ്കെടുത്തു. കേരളാ ഇക്കണോമിക് ഡെവലപ്മെന്റിൽ ജിം-നെക്കുറിച്ച് പറയുന്നുണ്ട്. To attract domestic and foreign investment, a Global Investors Meet was organised in Kochin in January 2003. The objective was to mobilise maximum investment from the private and public both domestic and foreign industry, I.T., Infrastructure, tourism and other sectors. അന്ന് 'ജിം' നടത്തിയത് കേരളത്തിലേയ്ക്ക് കൂടുതൽ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരുന്നതിനു വേണ്ടിയാണ്. പറഞ്ഞ കാര്യങ്ങൾ എല്ലാം പരിപൂർണ്ണമായി നടപ്പിലാക്കിയില്ലെങ്കിലും അതൊരു വലിയ ലക്ഷ്യത്തിൽ എത്തിക്കാൻ കഴിഞ്ഞു. അതിന് മുൻകൈ എടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ആന്റണിയും അന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടിയും ആണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും 'ജിം'-ൽ വന്നിരുന്നു. ജോർജ്ജിയോ എന്ന സിംഗപ്പൂരിന്റെ ഉപ പ്രധാന മന്ത്രി കേരളത്തിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിനുവേണ്ടി വരികയുണ്ടായി. മൂന്ന് ദിവസം മുഴുവൻ അദ്ദേഹം കേരളത്തിൽ ഉണ്ടായിരുന്നു. അതിനുശേഷം ശ്രീ. എ. കെ. ആന്റണിയുടെ സാന്നിധ്യത്തിൽ, കേരളത്തിലെ മന്ത്രിമാരുടെ സാന്നിധ്യത്തിൽ, അദ്ദേഹം ചോദിച്ചു, 'ഞാൻ ഇൻവെസ്റ്റ് ചെയ്യാം, പക്ഷേ നാളെ ഗവൺമെന്റുകൾ മാറും. എന്റെ ഇൻവെസ്റ്റ്മെന്റിനെ ആര് പ്രൊട്ടക്റ്റ് ചെയ്യും?' എന്ന്. ഞങ്ങൾ അദ്ദേഹത്തോട് പറഞ്ഞത് പ്രതിപക്ഷ നേതാവിനെ പോയി കാണണമെന്നാണ്. കേരളത്തിന്റെ വളർച്ചയ്ക്ക് പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും തുല്യ ഉത്തരവാദിത്വമാണുള്ളത്. വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ആ വീഴ്ചകൾ തുല്യമായി പങ്കിടാനുള്ള ഒരു സംവിധാനം ഉണ്ടാകണം. ടൂറിസം വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ ബാംഗ്ലൂരിൽ പോകുകയുണ്ടായി. കേരളത്തെക്കുറിച്ച് ഞാൻ പറഞ്ഞത് ദൈവത്തിന്റെ സ്വന്തം നാടാണ് എന്നാണ്. ഞങ്ങളുടെ ഭക്ഷണം നിങ്ങൾ ആസ്വദിക്കണം, ഞങ്ങളുടെ ആയുർവ്വേദ ചികിത്സ നിങ്ങൾ ആസ്വദിക്കണം. അവിടത്തെ പ്രധാനപ്പെട്ട സി.ഇ.ഒ.-മാരും ഉണ്ടായിരുന്നു. അതിൽ ഒരു സി.ഇ.ഒ. എന്നോട് ചോദിച്ചു; മി. തോമസ്, നിങ്ങൾ പറഞ്ഞത് എനിക്ക് ഇഷ്ടപ്പെട്ടു. ഞങ്ങൾ കേരളത്തിൽ വരാം. പക്ഷേ കേരളത്തിൽ 365 ദിവസത്തിൽ 125 ദിവസവും ബന്ദാണ്. 125 ദിവസവും ഹർത്താലാണ്. എല്ലാ ദിവസവും കല്ലേറാണ്. എനിക്ക് ആദ്യം മറുപടി പറയാൻ കഴിഞ്ഞില്ല. പക്ഷേ ഞാൻ മനോഹരമായി മറുപടി പറഞ്ഞു. കേരളത്തിൽ മാത്രമേ കല്ലേറ് കാണാൻ കഴിയൂ, കേരളത്തിൽ മാത്രമേ നിങ്ങൾക്ക് ഹർത്താൽ അനുഭവിക്കാൻ കഴിയൂ, അതുകൊണ്ട് ഹർത്താൽ അനുഭവിക്കാൻ, കല്ലേറ് കൊള്ളാൻ നിങ്ങൾ കേരളത്തിൽ വരണമെന്നാണ് പറഞ്ഞത്. ഇന്നലെ തിരുവനന്തപുരത്തു നടന്ന ജാഥകളെക്കുറിച്ച് ഇന്നത്തെ എല്ലാ പത്രങ്ങളും എഴുതിയിട്ടുണ്ട്. ഇൻഡ്യയിലെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും പോയിട്ടുള്ള വരാണ് ഇവിടെയുള്ളവർ. ഏത് സംസ്ഥാന തലസ്ഥാനത്ത് ഇതുപോലൊരു സമരം നടക്കുന്നുണ്ട്? ഇൻഡ്യയുടെ ക്യാപ്പിറ്റലായ ഡൽഹിയിൽ നടക്കുന്നുണ്ടോ? വെസ്റ്റ് ബംഗാളിൽ നടക്കുന്നുണ്ടോ? ഇതിൽ നമുക്ക് തുല്യ ഉത്തരവാദിത്വമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിങ്ങൾ കഴിഞ്ഞ 5 കൊല്ലം പ്രതിപക്ഷത്തിരുന്നപ്പോൾ ഇങ്ങനെയൊന്നും ചെയ്തില്ല എന്ന് എന്തുകൊണ്ട് തീരുമാനിക്കാൻ സാധിച്ചില്ല?

പ്രൊഫ. കെ. വി. തോമസ്: സർ, ഞാൻ പറഞ്ഞോട്ടെ, ഞാൻ വളരെ ബഹുമാനത്തോടുകൂടിയാണ് പ്രതിപക്ഷനേതാവിനേയും ഉപനേതാവിനേയും കാണുന്നത്. സമരം നിങ്ങളൊരു ഹരമായി എടുത്തിരിക്കുകയാണ്. എത്ര സമരങ്ങളാണ് ഈ കൊച്ചു കേരളത്തിൽ നടക്കുന്നത്? ഒരു സമരം കേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. പൊടിശല്യം–ഡി.വൈ.എഫ്.ഐ. റോഡ് ഉപരോധിച്ചു. പൈപ്പ് ലൈൻ ഇടുന്നതിനായി കുത്തിക്കുഴിച്ച കുടപ്പനക്കുന്ന്–പേരൂർക്കട റോഡിലെ അതിരൂക്ഷമായ പൊടിശല്യത്തിനും ശോചനീയാവസ്ഥയ്ക്കും പരിഹാരം കണ്ടെത്താൻ പേരൂർക്കടയിൽ റോഡ് ഉപരോധിച്ചു. ഇതാണോ പരിഹാരം? നമ്മൾ ഒന്നിച്ചല്ലേ പല കാര്യങ്ങളും ആലോചിക്കേണ്ടത്? ബഹുമാനപ്പെട്ട ടി. എം. ജേക്കബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നകാലത്ത് പ്രീഡിഗ്രി ഡീലിങ്ക് ചെയ്യാൻ തീരുമാനിച്ചു. അന്ന് നിങ്ങൾ എന്തുമാത്രം സമരമാണ് നടത്തിയത്? അതിനുശേഷം നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ പ്ലസ് ടു വന്നില്ലേ; ഡീലിങ്ക് ചെയ്തില്ലേ? അതിന്റെ സാമ്പത്തിക ബാധ്യത എത്രയാണ്? ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഇവിടെയുണ്ട്. 750 മുതൽ 1000 കോടി രൂപയുടെ അധിക ബാധ്യത കേരള സംസ്ഥാനത്തിനുണ്ടാക്കിയത് പ്ലസ് ടു തുടങ്ങിയതുകാരണമാണ്. അത് നാം ഗൗരവമായി ആലോചിക്കണം. അതുകൊണ്ട് നമുക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ഞാൻ എന്റെ പഴയ അനുഭവങ്ങളിലേക്ക് പോകുന്നു. ഞാൻ 1962–ലാണ് തേവര കോളേജിൽ വിദ്യാർത്ഥിയായി ചേരുന്നത്. അന്ന് എന്റെ പ്രൊഫസർ വരുന്നത് ആളുകൾ വലിക്കുന്ന റിക്ഷയിലാണ്. അതുകഴിഞ്ഞ് സൈക്കിൾ റിക്ഷ വന്നു. അന്ന് എറണാകുളം ബോട്ട് ജട്ടിയിൽ സൈക്കിൾ റിക്ഷ തല്ലിപ്പൊളിച്ചു. തൊഴിൽ നഷ്ടപ്പെടുമെന്നാണ് നിങ്ങളുടെ സുഹൃത്തുക്കൾ അന്ന് പറഞ്ഞത്. അതുകഴിഞ്ഞ് ഓട്ടോറിക്ഷ വന്നു. അന്നും സമരം നടത്തി. 1980–ൽ പനങ്ങാട് രാജൻ മാസ്റ്റർ ടില്ലർ കൊണ്ടുവന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഒരു വമ്പിച്ച മാറ്റമുണ്ടായിയെന്ന് അങ്ങ് പറയുന്നു. പശ്ചിമ ബംഗാളിൽ ഇപ്പോഴും മനുഷ്യൻ വലിക്കുന്ന റിക്ഷ ഉണ്ടെന്നുള്ളതും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഇല്ലെന്നുള്ളതും അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

പ്രൊഫ. കെ. വി. തോമസ്: അവരുടെ മനസ്സ് മാറിക്കൊണ്ടിരിക്കുകയാണ്. 1980–ൽ രാജൻ മാസ്റ്റർ പനങ്ങാട് ടില്ലർ കൊണ്ടുവന്നു. ആ ടില്ലർ കൊണ്ടുവന്നതും രാജൻ മാസ്റ്ററെ വെട്ടിക്കൊന്നു. അദ്ദേഹത്തിന്റെ സഹോദരനെ വെട്ടിക്കൊന്നു. എന്താണ് കാർഷിക മേഖലയിൽ ഇന്നുള്ള പ്രശ്നം? നമുക്ക് കൃഷി ചെയ്യാൻ ആളുണ്ടോ? അത് നമ്മൾ ഗൗരവമായി ആലോചിക്കണ്ടേ? കമ്പ്യൂട്ടർ വന്ന

പ്പോഴുള്ള സമീപനമെന്തായിരുന്നു? അന്ന് ബാങ്കുകളിൽ കൊണ്ടുവന്ന കമ്പ്യൂട്ടർ നിങ്ങളുടെ സുഹൃത്തുക്കൾ തല്ലിപ്പൊളിച്ചില്ലേ? ഇന്ന് ഏറ്റവും കൂടുതൽ കമ്പ്യൂട്ടറുകളുള്ളത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഓഫീസുകളിലാണ്. അതുകഴിഞ്ഞ് മൊബൈൽ ടെലിഫോൺ വന്നു. മൊബൈൽ ടെലിഫോണിനെ എതിർത്ത ശ്രീ. എം. എം. ലോറൻസ് ഉൾപ്പെടെയുള്ള എന്റെ സുഹൃത്തുക്കൾ എറണാകുളത്തെ സി.ഐ.ടി.യു.-വിന്റെ അഖിലേന്ത്യാ സമ്മേളനത്തിൽ രണ്ടു കൈയിലായി നാല് മൊബൈൽ ഫോണുമായി നടക്കുന്നത് കണ്ടു. 1984-ൽ ഞാൻ പാർലമെന്റിൽ ചെല്ലുമ്പോൾ എനിക്ക് വലിയ അഭിമാനം തോന്നി. ആരാണ് പാർലമെന്റിലെ സെക്യൂരിറ്റി സിസ്റ്റം നിയന്ത്രിക്കുന്നത്? കെൽട്രോൺ ആണ് നിയന്ത്രിക്കുന്നത്. ഡൽഹിയിലെ ട്രാഫിക് സംവിധാനങ്ങൾ നിയന്ത്രിക്കുന്നത് കെൽട്രോൺ ആണ്. വർഷങ്ങൾ കഴിഞ്ഞു, എവിടെ കെൽട്രോൺ? നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് നമ്മൾ വളരെയധികം ഊറ്റംകൊള്ളാറുണ്ട്. എവിടെയാണ് നമ്മുടെ public sectors എന്നുള്ളത് നാം ആലോചിക്കണം. കേരളത്തിലെ കെൽട്രോൺ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട 10 Public Sectors-നെക്കുറിച്ചാണ് ഞാൻ പറയുന്നത്. 1996-ൽ അവരുടെ paid up capital 180 കോടി രൂപയായിരുന്നു. നഷ്ടം 419 കോടി രൂപ. Public Sectors നമുക്കു വേണം. പക്ഷേ അവ ജനങ്ങൾക്ക് ബാധ്യതയാക്കുവാൻ കഴിയുമോ? നാം വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യങ്ങളാണത്. ഈ നാട്ടിലെ ജനങ്ങൾക്ക് കുടിവെള്ളം വേണം. ഇവിടെ ശ്രീ. കെ. ബാബു എറണാകുളത്തെ കുടിവെള്ള പ്രശ്നം അവതരിപ്പിച്ചു. 1995-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഹഡ്കോ പദ്ധതി തുടങ്ങി. പക്ഷേ സമരങ്ങളും കേസുകളും കാരണം ഒന്നും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 2003-ൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി 'ജിം' കൊണ്ടുവന്നു. അദ്ദേഹത്തിന് സ്വർണ്ണകിരീടം കൊടുക്കുന്നതിനുപകരം നാം മുൾക്കിരീടമല്ലേ കൊടുത്തത്? നമ്മൾ ആലോചിക്കേണ്ട ഒരു കാര്യമാണത്. കേരളത്തിൽ ഒരു മാറ്റമുണ്ടാക്കാൻ വന്ന ഗവൺമെന്റാണ് ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റ്. നിങ്ങൾ ഞങ്ങളെക്കുറിച്ച് ദുഃഖിക്കേണ്ട കാര്യമില്ല. ഇത് ഐക്യജനാധിപത്യ മുന്നണിയും കോൺഗ്രസ്സുമാണ്. ശ്രീ. എ. കെ. ആന്റണി പറഞ്ഞു കോൺഗ്രസ് തകരില്ല, കോൺഗ്രസ് പിളരില്ല എന്ന്. ശ്രീ. മത്തായി ചാക്കോ ഞങ്ങളെക്കണ്ട് കരയുന്നു. അങ്ങ് ബൈബിൾ വായിക്കണം. യേശുക്രിസ്തു എന്താണ് പറഞ്ഞത്? യേശുക്രിസ്തു അദ്ദേഹത്തെ കുരിശിലേറ്റിയപ്പോൾ ജറുസലേമിലെ സ്ത്രീകളോട് പറഞ്ഞത് എന്താണ്? "ജറുസലേമേ നീ നിന്നെയും നിന്റെ സന്തതികളേയും ഓർത്ത് ദുഃഖിക്കണം, എന്നെ ഓർത്ത് കരയേണ്ട". എനിക്ക് മാർക്സിസ്റ്റ് സുഹൃത്തുക്കളോട് പറയാനുള്ളത് നിങ്ങൾ നന്നായാൽ മാത്രം മതി എന്നാണ്. 1984-ൽ ഞാൻ പാർലമെന്റിൽ ചെല്ലുമ്പോൾ ബി.ജെ.പി.-ക്ക് രണ്ടേരണ്ട് അംഗങ്ങൾ മാത്രമേയുള്ളൂ. നിങ്ങളെടുത്ത നിലപാടുകൊണ്ടാണ് ഇന്ത്യയിൽ ബി.ജെ.പി. അധികാരത്തിൽ വന്നത്. ശ്രീ. വി. പി. സിംഗ് അധികാരത്തിൽ വന്നപ്പോൾ ബി.ജെ.പി.ക്കൊപ്പം നിന്ന് നിങ്ങൾ സഹായിച്ചവരാണ്. ഇന്ന് ഡൽഹിയിൽ കോൺഗ്രസ്സും എൽ.ഡി.എഫ്.-ഉം ഒന്നിച്ച് പോകുന്നു. ഒന്നിച്ചുപോകാതെ വേറെ മാർഗ്ഗമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, ഞാൻ ചോദിക്കുന്നത് ഇന്ത്യാ രാജ്യത്ത് അതുവരെ പരസ്പരം യോജിക്കാത്ത ഭാരതീയ ജനതാ സംഘവും അതുപോലുള്ള കക്ഷികളും ആദ്യമായി ഇന്ത്യയിലെ ജനാധിപത്യ പ്രസ്ഥാനങ്ങളുമായി യോജിച്ചത് അടിയന്തിരാവസ്ഥക്കാലത്ത് നിങ്ങൾ തകർത്ത ഇന്ത്യൻ ജനാധിപത്യത്തെ പുനഃസ്ഥാപിക്കാൻ ഒരു ശക്തമായ പ്രസ്ഥാനമില്ലാതെ സാധിക്കില്ലെന്നതിന്റെ അടിസ്ഥാനത്തിലല്ലേ? അങ്ങനെ ഒരു ജനാധിപത്യ പാർട്ടിയായി രൂപീകൃതമായി. അന്നത്തെ പ്രധാനമന്ത്രിക്കും മക്കൾക്കും ബന്ധുക്കൾക്കും മാത്രമായി അധികാരം സ്ഥിരപ്പെടുത്താൻ ശ്രമിച്ചുകൊണ്ട്, നിങ്ങൾ ജനാധിപത്യവിരുദ്ധമായി പ്രവർത്തിച്ചതുകൊണ്ടല്ലേ മറ്റുള്ള എല്ലാവരും യോജിച്ചത്?

പ്രൊഫ. കെ. വി. തോമസ്: മൊറാർജി ദേശായിയുടെ ഭരണം നാം കണ്ടതല്ലേ? ഇപ്പോൾ നാം എവിടെ നിൽക്കുന്നു? ബി.ജെ.പി.-യുടെ വർഗ്ഗീയതയ്ക്കെതിരായി ശ്രീമതി സോണിയാഗാന്ധിയുടെ കരുത്തായ നേതൃത്വം വേണമെന്ന് നിങ്ങളും ഞാനും ഒന്നിച്ചല്ലേ പറയുന്നത്? ശ്രീ. സുർജിത് സിംഗും അതല്ലേ പറയുന്നത്? നിങ്ങൾക്ക് ഭരണത്തിൽ പങ്കാളിയാകാമായിരുന്നില്ലേ? എങ്കിൽ ശ്രി. പി. കെ. വാസുദേവൻ നായർ ഉൾപ്പെടെയുള്ള ആളുകൾ മന്ത്രിസഭയിൽ വരുമായിരുന്നല്ലോ? ഇപ്പോൾ എന്താണ് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്? ഞങ്ങൾ ആലോചിക്കുന്നു എന്നാണ് പറഞ്ഞത്. അപ്പോൾ നിങ്ങൾക്ക് ആനപ്രസവം പോലെയാണ്, 10 വർഷമെടുക്കും നിങ്ങൾക്ക് ബുദ്ധിവരാൻ. നിങ്ങളും കേന്ദ്ര ഗവൺമെന്റിൽ നാളെ വരും, യാതൊരു സംശയവുമില്ല. നിങ്ങളും ഗവൺമെന്റിൽ പങ്കാളികളാകണം. ഉത്തരവാദിത്വം ഏറ്റെടുക്കണം. ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത് അദ്ദേഹം ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. ഒന്നേ എനിക്ക് പറയാനുള്ളൂ. കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഭരണപക്ഷമെന്നും പ്രതിപക്ഷമെന്നുമുള്ള വ്യത്യാസമില്ല, പ്രത്യേകിച്ചും കേരളത്തിന്റെ രാഷ്ട്രീയ കാലാവസ്ഥയിൽ. ഇവിടെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം മാറി മാറി ഭരിക്കുന്ന സംസ്ഥാനമാണ്. അതുകൊണ്ട് കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പ്രധാനപ്പെട്ട എല്ലാ ഇഷ്യൂസിലും ഒന്നിച്ചു നിൽക്കണമെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ വികസനത്തിനും വളർച്ചയ്ക്കും വ്യക്തമായ കാഴ്ചപ്പാടും അത് പ്രാവർത്തികമാക്കാനുള്ള ഇച്ഛാശക്തിയും പ്രകടമാക്കുന്നതാണ് ഗവർണ്ണർ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗം. വേഗതയാണ് ഈ സർക്കാരിന്റെ മുഖമുദ്ര. 100 ദിന കർമ്മപരിപാടി വിജയകരമായി പൂർത്തിയാക്കിയതിന്റെ സംതൃപ്തിയിലാണ് സർക്കാർ. സർക്കാർ ജനങ്ങൾക്കൊപ്പം എന്നതായിരുന്നു ഇതിലെ പ്രധാനപ്പെട്ട മുദ്രാവാക്യം. വികസന പ്രവർത്തനങ്ങളുടെ തുടക്കവും പൂർത്തിയാക്കിയവയുടെ ഉദ്ഘാടനവും, കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമെടുക്കലും ഒക്കെയാണ് ഇതിന്റെ ഭാഗമായി നടന്നത്. സർക്കാരിനെ ജനങ്ങളുടെ പടിവാതിൽക്കലെത്തിക്കുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ട് മുഖ്യമന്ത്രി

സംസ്ഥാനത്തൊട്ടാകെ പൊതുജന സമ്പർക്ക പരിപാടി ആരംഭിച്ചു. അഭൂത പൂർവ്വമായ ജനക്കൂട്ടത്തെ ആകർഷിച്ച പരിപാടിയിൽ ജനങ്ങളുടെ പരാതികളിലും ആവശ്യങ്ങളിലും വലിയൊരളവോളം തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കാലാവധി പൂർത്തിയാക്കാൻ ഒരു വർഷം മാത്രമേ അവശേഷിക്കുന്നുള്ളൂ എന്നതുകൊണ്ട് കേരളം അതിവേഗം മുന്നോട്ട് എന്ന് പ്രഖ്യാപിച്ച് വികസന പാതയിൽ കുതിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഈ ഓട്ടത്തിനിടയിലാണ് രാജ്യത്തെ നടുക്കിയ സുനാമി ദുരന്തമുണ്ടായത്. സർക്കാർ അവസരത്തിനൊത്തുയർന്നുകൊണ്ട് എല്ലാ വിഭാഗം ജനങ്ങളുടെയും ഒറ്റക്കെട്ടായ സഹകരണത്തോടുകൂടി സുനാമി പുനരധിവാസത്തിന് ഏറ്റവും മുന്തിയ പരിഗണന നൽകി പ്രവർത്തനങ്ങൾ നടത്തുകയാണ്. ഭരണനിർവ്വഹണത്തിലെ സുതാര്യത വർദ്ധിപ്പിക്കുവാനും വകുപ്പുകളുടെ സേവനം എളുപ്പം ലഭ്യമാക്കുവാനും സുതാര്യ കേരള പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനം, ജനങ്ങൾക്കൊപ്പം എന്ന പാർട്ടിയുടെ അടുത്ത ഘട്ടമായി കണക്കാക്കാം. ഇ-ഗവേണൻസ് നടപ്പിലാക്കുകവഴി ജനങ്ങളുമായി എല്ലാ വിവരങ്ങളും പങ്കുവയ്ക്കാൻ സർക്കാരിന് സാധിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിക്കാണ് രൂപം കൊടുത്തിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാനുള്ള തീരുമാനമാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ഓരോ സർവ്വകലാശാലയേയും ഓരോ സർക്കാർ കോളേജിനേയും മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുവാനും അത്തരം സ്ഥാപനങ്ങൾക്ക് അക്കാഡമിക് സ്വയംഭരണം നൽകാനും തീരുമാനിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതാണ് ഈ തീരുമാനം. ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങളും ക്ലിയറൻസുകളും നൽകി നിക്ഷേപങ്ങളെ ആകർഷിക്കുവാനും പിന്തുണയ്ക്കുവാനുമുള്ള തീരുമാനം, ജിമ്മിനുശേഷമുള്ള നിക്ഷേപ സൗഹൃദ സാഹചര്യം പരമാവധി പ്രയോജനപ്പെടുത്താൻ സഹായകമാകും. വ്യവസായ രംഗത്തും ഐ.ടി. മേഖലയിലും വൻ കുതിച്ചുചാട്ടത്തിനുള്ള തുടക്കം കുറിച്ചു കഴിഞ്ഞത് അഭിമാനകരമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രത്യേക ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. ചരിത്രത്തിൽ ആദ്യമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർച്ചേസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ 531 കോടി രൂപ നൽകുകയുണ്ടായി. ഒരു പഞ്ചായത്തിന് ശരാശരി ഇതുവഴി 45 ലക്ഷം രൂപയാണ് ലഭിക്കുന്നത്. ഇപ്പോൾ 30 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ കുടുംബശ്രീ, സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്യുക എന്നുള്ള ലക്ഷ്യത്തോടുകൂടി പുതിയ ഉദ്യമങ്ങളുമായി മുന്നോട്ടുപോകുകയാണ്. 350 പഞ്ചായത്തുകളിൽക്കൂടി അഗതി പുനരധിവാസ പദ്ധതി, "ആശ്രയ" പദ്ധതി നടപ്പാക്കുവാനുള്ള തീരുമാനം ശ്രദ്ധേയമാണ്. യു.ഡി.എഫ്. അധികാരമേൽക്കുന്ന സമയത്ത് പുതുതായി ആർക്കും ജോലി നൽകുവാൻ കഴിയാത്ത സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ സ്ഥിതി മാറി വന്നിരിക്കുകയാണ്. തൊഴിലവസരങ്ങളുടെ വാതായനങ്ങൾ യുവാക്കളുടെ മുമ്പിൽ മെല്ലെമെല്ലെ തുറക്കപ്പെടുകയാണ്. ഇരുപതിനായിരം പേർക്ക് പി.എസ്.സി. നിയമനത്തിനുള്ള അഡ്വൈസ് മെമ്മോ ഇതിനകം അയച്ചുകഴിഞ്ഞു. കുടുംബശ്രീ പദ്ധതിയിലൂടെ അരലക്ഷം പേർക്ക് തൊഴിൽ ലഭിക്കുവാൻ പോകുകയാണ്. സംസ്ഥാനത്തെ റോഡുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് മുന്തിയ പ്രാധാന്യമാണ് സർക്കാർ നൽകിക്കൊണ്ടിരിക്കുന്നത്. ദേശീയപാതകളുടേയും ബൈപ്പാസുകളുടേയും വികസനത്തിനും നിർമ്മാണത്തിനും 3053 കോടി രൂപയുടെ കേന്ദ്ര സഹായം ഇതിനകം വാഗ്ദാനം ചെയ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് നൂറ് പാലങ്ങളുടെ നിർമ്മാണത്തിനായി 400 കോടി രൂപയുടെ നബാർഡ് സഹായമാണ് ലഭിച്ചിട്ടുള്ളത്. നബാർഡിന്റെ ഏറ്റവും കൂടിയ തുകയുടെ സഹായമാണിത്. അതിനു പുറമേ 250 കോടി രൂപയുടെ റോഡ് പ്രവൃത്തികൾക്ക് ഈ വർഷം സർക്കാർ ഭരണാനുമതി നൽകിയതും എടുത്തുപറയേണ്ട നേട്ടമാണ്. അതോടൊപ്പംതന്നെ സംസ്ഥാനത്ത് ഹിൽവേയുടെ നിർമ്മാണ പ്രവൃത്തി തുടങ്ങിക്കഴിഞ്ഞു. എന്നാൽ തീരദേശ ഹൈവേ, എക്സ്പ്രസ് ഹൈവേ എന്നിവയുടെ പ്രവർത്തനങ്ങൾ ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ജനങ്ങളുടെ ആശങ്കകളും സംശയങ്ങളും തെറ്റിദ്ധാരണകളും അകറ്റി, തടസ്സങ്ങൾ മാറ്റി ഈ രണ്ടു റോഡുകളുടേയും പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രവാസികളെ സംബന്ധിച്ചിടത്തോളം മുമ്പ് എന്നത്തേക്കാളും പരിഗണന പുതിയ കർമ്മപദ്ധതിയിലുണ്ട്. നോർക്കയുടെ സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ തിരുവനന്തപുരത്തും കോഴിക്കോടും ആരംഭിച്ചതിനുപുറമേ കൊച്ചിയിലും തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവാസികളുടെ പുനരധിവാസത്തിന് പ്രത്യേകം ഗ്രാമം ഏർപ്പെടുത്താനുള്ള തീരുമാനം, ഈ വിഭാഗത്തോട് സർക്കാരിനുള്ള പ്രതിബദ്ധത വിളിച്ചോതുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം കൂടുതൽ കാര്യക്ഷമമാക്കുവാനും സർക്കാരിൽ നിന്നും അവർക്ക് ലഭിക്കേണ്ട അവകാശങ്ങൾ ഫലപ്രദമായി വിതരണം ചെയ്തു എന്ന് ഉറപ്പുവരുത്തുന്നതിനുമായി സ്മാർട്ട് കാർഡ് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കടലിൽ വച്ചുണ്ടാകുന്ന അത്യാഹിതങ്ങളിൽ അവരെ സഹായിക്കാൻ ഇത് പര്യാപ്തമാകുമെന്നാണ് വിശ്വസിക്കുന്നത്. കേരളത്തിലെ കാർഷിക, പരമ്പരാഗത വ്യവസായ മേഖലകൾ തകർച്ചയിലാണ്. കാർഷിക വായ്പ എടുക്കുകയും അത് തിരച്ചടയ്ക്കുന്നതിനുമുമ്പ് മരണപ്പെടുകയും ചെയ്യുന്ന കർഷകരുടെ ബാദ്ധ്യത Risk Fund Scheme-ന്റെകീഴിൽ ഏറ്റെടുക്കുന്നതിനുള്ള തീരുമാനവും, വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള തീരുമാനവും സ്വാഗതാർഹമാണ്. പ്രാദേശിക കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും രക്ഷപ്പെടുത്താൻ മാർക്കറ്റിംഗ് ബിൽ കൊണ്ടുവരാനുള്ള തീരുമാനവും വളരെ നന്നായിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ കാര്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയിലും ഓരോ വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിച്ചെടുക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് നമ്മുടെ സംസ്കാരത്തിനും പാരമ്പര്യത്തിനും ഇണങ്ങുംവിധം നടപ്പിൽ വരുത്തേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ ന്യൂനപക്ഷ പിന്നോക്ക സമുദായങ്ങളുടെ പ്രതീക്ഷയും പ്രത്യാശയുമായ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ഒരു പരാമർശംപോലും ഗവർണ്ണറുടെ പ്രസംഗത്തിൽ ഉണ്ടായിരുന്നില്ലെന്നുള്ളത് അങ്ങേയറ്റം ഖേദകരവും പ്രതിഷേധാർഹവുമാണ്. എന്നിരുന്നാൽത്തന്നെയും ബഹുമാന്യനായ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. എം. എം. ഹസ്സന്റെ പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഗവർണ്ണറുടെ പ്രസംഗത്തിന് ബഹുമാന്യനായ എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ മുപ്പത്തിരണ്ടതര മാസക്കാലം കേരളത്തിൽ ഭരണം നടത്തിയ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റിന്റെ തുടർച്ചയായി വന്ന, ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായ ഗവൺമെന്റിന്റെ വരുംകാല പ്രവർത്തനങ്ങൾക്കുകൂടിയുള്ള ഒരു സൂചനയാണ് ഗവർണ്ണറുടെ പ്രസംഗത്തിലുള്ള പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ സി. അച്യുതമേനോനുശേഷം കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ മുഖ്യമന്ത്രി എന്ന് അപ്പുറത്തിരിക്കുന്ന ആളുകൾപോലും സ്വകാര്യമായി സമ്മതിക്കുന്ന ഒന്നാണ് ശ്രീ. എ. കെ. ആന്റണിയുടെ ഭരണകാലം.....(ബഹളം).....ഈ ഗവൺമെന്റിന് വലിയൊരു ലക്ഷ്യബോധമുണ്ടായിരുന്നു. അപ്പുറത്തിരിക്കുന്ന ശ്രീ. എം. വി. ജയരാജൻ ഉൾപ്പെടെയുള്ളവരും ഇക്കാര്യം സമ്മതിക്കുന്നു. അതുകൊണ്ടാണല്ലോ നിങ്ങൾ ഏറ്റവും കൂടുതൽ ശ്രീ. എ. കെ. ആന്റണിയെ ഭയപ്പെട്ടത്. മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷജനാധിപത്യ മുന്നണിയും ശ്രീ. എ. കെ. ആന്റണിയെ നഖശിഖാന്തം എതിർക്കാനുള്ള കാരണവും അതുതന്നെയാണ്. ശ്രീ. എ. കെ. ആന്റണി അഞ്ച് വർഷം തുടർച്ചയായി കേരളം ഭരിച്ചാൽ സി.പി.എം.-നും ഇടതുപക്ഷജനാധിപത്യ മുന്നണിക്കും കേരളത്തിൽ തിരിച്ചുവരാൻ കഴിയില്ലെന്ന് പൂർണ്ണബോദ്ധ്യമുള്ളതുകൊണ്ടാണ് നിങ്ങൾ എതിർത്തത് എന്നുള്ള കാര്യത്തിൽ തർക്കമില്ല. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ മാറിമാറി വന്ന പല ഗവൺമെന്റുകളും ലക്ഷ്യബോധമില്ലാതെ താൽക്കാലികമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി മാത്രമുണ്ടായിരുന്നവയായിരുന്നു. അത്തരം ഒരു ഭരണ സംവിധാനത്തിൽനിന്നും വ്യത്യസ്തമായി ദീർഘവീക്ഷണത്തോടുകൂടി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും സാമൂഹ്യ സുരക്ഷിതത്വത്തിലും ഭാവി തലമുറയെ ലക്ഷ്യമാക്കിക്കൊണ്ട്, കേരളത്തിന്റെ വികസനത്തിൽ ശാശ്വതവും സ്ഥിരവുമായ ഒരു പുതിയ ആശയം ഉണ്ടാക്കുന്ന രീതിയിലാണ് ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഈ ഭരണം മുന്നോട്ട് കൊണ്ടുപോയത്. ഇന്നലെ പ്രസംഗം ആരംഭിച്ച ശ്രീ. ബിനോയ് വിശ്വം മുതൽ ശ്രീ. മത്തായി ചാക്കോ വരെയുള്ളവർ അപ്പുറത്തിരുന്നുകൊണ്ട് ഗവർണ്ണറുടെ പ്രസംഗത്തിലെ 4-ാമത്തെ പേജിലെ 6-ാമത്തെ പാരഗ്രാഫിനെ വിമർശിക്കുന്നുണ്ടായിരുന്നു. അതിൽ ഏറ്റവും പ്രധാനമായി ഗവർണ്ണർ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലെ എന്ന് പ്രത്യേകം എടുത്തു പറഞ്ഞതിനെക്കുറിച്ചായിരുന്നു വിമർശനബുദ്ധിയോടുകൂടി സംസാരിച്ചത്. സി. അച്യുതമേനോനുശേഷം സങ്കുചിത രാഷ്ട്രീയത്തിനപ്പുറത്തായി സംസ്ഥാന താൽപ്പര്യം കണക്കിലെടുത്തുകൊണ്ട് വരുംതലമുറയെ രക്ഷിക്കാനുള്ള ഗൗരവപൂർവ്വമായ, ദീർഘവീക്ഷണത്തോടുകൂടിയുള്ള ഭരണമാണ് തുടർന്നുവന്നത്. അതിന്റെ തുടർച്ചയായിട്ടാണ് ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റും നേരത്തെ തുടങ്ങിവച്ച കർമ്മപരിപാടികളും പുതിയ പദ്ധതികളും നടപ്പിലാക്കിയത്. അതീവ സങ്കടകരമായ കാര്യം നമ്മുടെ സംസ്ഥാനത്ത് ചരിത്ര സമാനതകൾ ഇല്ലാത്ത വലിയൊരു ദുരന്തം കഴിഞ്ഞ ഡിസംബർ 26-ാം തീയതി കടന്നുവരികയുണ്ടായി.

രാക്ഷസത്തിരമാല എന്നറിയപ്പെടുന്ന സുനാമി ദുരന്തത്തിന്റെ ഞെട്ടലിൽ നിന്നും കേരളം ഇപ്പോഴും മോചനം നേടിയിട്ടില്ല. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്ര മാത്രം ഭയാനകമായ ഒരു സാമൂഹ്യ വിപത്ത് ഇതിനുമുമ്പുണ്ടായിട്ടില്ല എന്ന് എല്ലാവർക്കും അറിയാം. ആ ദുരന്തത്തിനിരയായവർ ഇപ്പോഴും ക്യാമ്പുകളിൽ ദീനരോദനങ്ങളുമായി കഴിയുകയാണ്. അവരെ സഹായിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എടുത്ത സമീപനങ്ങൾ അങ്ങേയറ്റം പ്രശംസനീയമാണ്. സാമൂഹ്യസംഘടനകളേയും ഇതര ജനവിഭാഗങ്ങളേയും കോർത്തിണക്കിക്കൊണ്ട് എല്ലാവരുടേയും പിൻബലത്തോടുകൂടി ഈ ഗവൺമെന്റ് സുനാമി ദുരന്തത്തിൽ കഷ്ടതയനുഭവിക്കുന്നവരെ സഹായിക്കാൻ എടുത്ത സമീപനങ്ങളെ ഈ സന്ദർഭത്തിൽ ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയാണ്. പ്രത്യേകിച്ച് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ഇക്കാര്യത്തിൽ കാണിച്ച ആത്മാർത്ഥത എടുത്തു പറയാതിരിക്കാൻ നിവൃത്തിയില്ല. എല്ലാ മത്സ്യത്തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകാൻ നടപടികളായി. മത്സ്യബന്ധനോപകരണങ്ങൾ തകർന്നവർക്ക് അത് സൗജന്യമായി കൊടുക്കാനും മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകാനും തീരുമാനമായി. അതു നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കാൻ തീരുമാനമായി. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഈ ഘട്ടത്തിലെ വിഹിതം ഗവൺമെന്റ് തന്നെ കൊടുക്കുകയുണ്ടായി. വായ്പയുടെ തിരിച്ചടവ് ആറുമാസത്തേക്കുകൂടി നീട്ടിവയ്ക്കാനും കഴിഞ്ഞു. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ് നിരവധി വർഷങ്ങൾക്കുമുമ്പേ കുടിശ്ശികയായിരുന്നു. അതെല്ലാം കൊടുത്തു തീർക്കാൻ ഗവൺമെന്റ് മുൻകയ്യെടുത്തുയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. സുനാമി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട മുഴുവൻ ആളുകൾക്കും മത്സ്യഫെഡു വഴി വള്ളവും വലയും എഞ്ചിനും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കൊല്ലം ജില്ലയിൽ 882 പേർക്കും ആലപ്പുഴ ജില്ലയിൽ 16 ഗ്രൂപ്പുകൾക്കും എറണാകുളം ജില്ലയിൽ 19 ഗ്രൂപ്പുകൾക്കും ഇതിനകം വള്ളവും വലയും എഞ്ചിനും നൽകിയതിന് ഫിഷറീസ് ഡിപ്പാർട്ട്മെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. വളരെ വേഗത്തിൽ തീരുമാനങ്ങളെടുക്കുന്നതിനും അവയൊക്കെ നടപ്പാക്കുന്നതിനും ഈ ഡിപ്പാർട്ട്മെന്റിന് സാധിച്ചിട്ടുണ്ട്. ഇതിന്റെ ഓരോ ഗ്രൂപ്പിനും 1,000 രൂപ മുതൽ 7,500 രൂപവരെ വർക്കിംഗ് ക്യാപ്പിറ്റലായി പ്രത്യേകം നൽകുകയുണ്ടായി. മത്സ്യഫെഡിന് ഇതിനുവേണ്ടി 13.85 കോടി രൂപ സർക്കാർ നൽകിയെന്നുള്ളത് എടുത്തുപറയേണ്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ ലംപ്സം ഗ്രാന്റിന്റെ കാര്യം ചോദിച്ചു. ഈ ഗവൺമെന്റ് 6.26 കോടി രൂപ ഇപ്പോൾ വിതരണം ചെയ്തു. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് കൊടുക്കാനുള്ള ലംപ്സം ഗ്രാന്റ് രണ്ട് ഗഡു കുടിശ്ശികയിട്ടുകൊണ്ടാണ് ഭരണത്തിൽ നിന്നും പോയത് എന്ന കാര്യം ശ്രീ. ടി. കെ. ദേവകുമാറിന് അറിയാമോ? നമ്മളൊക്കെ തീരദേശത്തുള്ളവരാണ്. 6.26 കോടി രൂപ കൊടുത്ത് ലംപ്സം ഗ്രാന്റ് അപ് ടു ഡേറ്റാക്കാനുള്ള ശ്രമമുണ്ടാക്കി എന്നുള്ളത് വളരെയേറെ അഭിമാനകരമായ കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : സർ, മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഇപ്പോൾ 6.26 കോടി രൂപ ലംപ്സം ഗ്രാന്റ് കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്തുവെന്ന് അങ്ങ് പറഞ്ഞു. തൊട്ടടുത്ത ശ്വാസത്തിൽ ഞങ്ങളെ മോശക്കാരാക്കുവാൻ വേണ്ടി നായനാർ ഗവൺമെന്റിന്റെകാലത്താണ് കുടിശ്ശിക വന്നതെന്നും പറഞ്ഞു. ആ രണ്ട് ഗഡു തുകയാണോ 6.26 കോടി രൂപ? ആ രണ്ട് ഗഡു എത്ര രൂപയുണ്ട്? ആദരണീയനായ ശ്രീ. എ. കെ. ആന്റണിയുടെ ഭരണത്തിലാണ് കുടിശ്ശികയുണ്ടായതെന്നുകൂടി ശ്രീ. ഡൊമനിക് പ്രസന്റേഷൻ പറഞ്ഞുതന്ന കാര്യം അങ്ങ് വിട്ടുപോയതായിരിക്കും. അതൊന്നു വിശദീകരിക്കാമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): നായനാർ ഗവൺമെന്റിന്റെ കാലംതൊട്ടേ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ് കുടിശ്ശികയാണ്. ശ്രീ. എ. കെ. ആന്റണി പോകുന്നതിനു മുമ്പുതന്നെ രണ്ടരക്കോടി രൂപ കുടിശ്ശിക കൊടുത്തിട്ടാണ് പോയത്. അതാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത്.

ശ്രീ. ടി. കെ. ദേവകുമാർ : സുനാമി വന്നതുകൊണ്ട് രക്ഷപ്പെട്ടു.

ശ്രീ. ടി. എൻ. പ്രതാപൻ : സുനാമി വന്നില്ലെങ്കിലും ശ്രീ. എ. കെ. ആന്റണി പോകുന്നതിനുമുമ്പുതന്നെ രണ്ടരക്കോടി രൂപയും കൊടുത്തിരുന്നു. കുട്ടികളുടെ കയ്യിൽ പൈസ കിട്ടി. ഇത് കൊടുത്തതിലാണ് നിങ്ങൾക്ക് ദുഃഖമുള്ളത്. അരലക്ഷത്തോളം കുട്ടികൾക്കാണ് കേരളത്തിൽ ഇതിന്റെ ഗുണം കിട്ടിയത്. ഇത്രയും ക്രിയാത്മകമായ രീതിയിൽ തീരപ്രദേശ മേഖലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു കാലം കഴിഞ്ഞ മൂന്നുവർഷത്തിനു മുമ്പുണ്ടായിട്ടില്ലെന്നുള്ളത് എല്ലാപേരും സമ്മതിക്കുന്ന കാര്യമാണ്. ഇൻഷ്വറൻസ് ഇല്ലാതെ കഴിഞ്ഞ ഒന്നരക്കൊല്ലത്തിനിടയിൽ 26 മത്സ്യത്തൊഴിലാളികൾ മരിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ അവർക്ക് ഇൻഷ്വറൻസ് ഉണ്ടാക്കി 126 ലക്ഷം രൂപ കൊടുക്കാൻ അനുവദിച്ചിരിക്കുകയാണ്. ഇതെല്ലാം വളരെ ഗൗരവപൂർവ്വം കൈകാര്യം ചെയ്ത ഗവൺമെന്റിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സുനാമി ദുരന്തമുണ്ടായ തീരദേശ മേഖലകളെല്ലാം വളരെ അസ്വസ്ഥപൂർണ്ണമാണ്. സുനാമി ദുരന്തമുണ്ടായതിനുശേഷം തീരപ്രദേശത്ത് മത്സ്യക്ഷാമം രൂക്ഷമായിരിക്കുകയാണ്. മത്സ്യക്ഷാമം രൂക്ഷമായി എന്നു മാത്രമല്ല കിട്ടുന്ന മത്സ്യങ്ങൾ വാങ്ങാൻ ആളില്ല. മത്സ്യം കഴിക്കുന്നതിനെതിരെ വ്യാപകമായ ദുഷ്പ്രചരണം നടത്തുകയാണ്. നമ്മുടെ ചെറുവിരലിന്റെ മാത്രം വലിപ്പമുള്ള നെത്തോലി എന്ന മത്സ്യത്തിനകത്തുനിന്നുപോലും മനുഷ്യന്റെ വിരൽ കിട്ടിയെന്ന് ദുഷ്പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിലെ കോഴിലോബി ഉൾപ്പെടെ ഇതിനെതിരായി പ്രചരണം നടത്തുകയാണ്. ഇതുമൂലം മത്സ്യത്തൊഴിലാളിക്കൾക്ക് ദുരിതപൂർണ്ണമായ സ്ഥിതിയുണ്ടായിരിക്കുകയാണ്. ഇന്ന് തീരപ്രദേശം വ്യാപകമായ പട്ടിണിയിലാണ്. പല സ്ഥലങ്ങളിലേയും മാർക്കറ്റുകളിൽ കൊണ്ടുവരുന്ന മത്സ്യം തിരിച്ചുകൊണ്ടുപോകുന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെയുള്ള തീരപ്രദേശങ്ങളിലെ ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും മത്സ്യബന്ധനത്തിന് പോകുന്നില്ല. പിടിച്ചുകൊണ്ടുവരുന്ന മത്സ്യംപോലും ഉണക്കി താറാവുകൾക്ക് കൊടുക്കാൻ അന്യ സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഗുരുതരമായ സ്ഥിതിവിശേഷമാണുണ്ടായിക്കൊണ്ടിരിക്കുന്നത്. മത്സ്യം കഴിക്കുന്നതിനുവേണ്ടിയുള്ള വ്യാപകമായ പ്രചരണങ്ങൾ ഇപ്പോൾ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി നടത്തുന്നുണ്ട്. ഇന്ന് നിയമസഭാംഗങ്ങൾക്കും മാധ്യമ പ്രവർത്തകർക്കും കപ്പയും മീനും വച്ചുകൊണ്ടുള്ള ഗംഭീരമായ മത്സ്യവിഭവ സദ്യ ഒരുക്കിയിരിക്കുകയാണ്. മത്സ്യം കഴിക്കാത്ത വെജിറ്റേറിയനായിട്ടുള്ള ആളുകളുണ്ടെങ്കിൽ അവർ ഇതിൽ പങ്കെടുത്ത് ഇതിനെ പിന്താങ്ങണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ കടൽ മത്സ്യം കഴിക്കാതിരിക്കാൻ വേണ്ടി അതിനെതിരായിട്ടുള്ള ഒരു ലോബി, പ്രത്യേകിച്ച് കോഴിക്കച്ചവടം നടത്തുന്നവരെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞല്ലോ. നാട്ടികയിൽ അങ്ങ് നടത്തിയ പൊതുസദ്യ, കപ്പയും മത്സ്യവും വച്ചുകൊണ്ടുള്ള സദ്യ നടത്തിയതിനുശേഷം ആ പ്രദേശങ്ങളിൽ വ്യാപകമായി മത്സ്യം കഴിക്കുന്നതിനുള്ള പ്രേരണയുണ്ടായി എന്നത് കണക്കിലെടുത്ത് ബഹുമാനപ്പെട്ട മന്ത്രി ഇന്ന് സംഘടിപ്പിച്ചിട്ടുള്ളതുപോലെ എല്ലാ പ്രദേശങ്ങളിലും ഇത്തരം പരിപാടി സംഘടിപ്പിക്കുവാൻ ഫിഷറീസ് വകുപ്പ് മുൻകൈ എടുക്കുമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>): ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത് ജനങ്ങൾക്ക് സന്ദേശം കൊടുക്കുകയാണ്. സത്യം പറഞ്ഞാൽ സസ്യഭുക്കായിട്ടുള്ള ഒരു ജീവിയാണ് മത്സ്യം. അതറിയാതെയാണ് പലരും ദുഷ്പ്രചരണങ്ങൾ നടത്തുന്നത്. അതുകൊണ്ടുതന്നെയാണ് എം.എൽ.എ.-മാർക്കും പത്രപ്രവർത്തകർക്കും ഇവിടെ ഈ സദ്യവച്ചിട്ടുള്ളത്. ഇത് നല്ല സദ്യയായിരിക്കും. ഇത് എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് നമ്മുടെ തീരപ്രദേശങ്ങളിലുള്ളത്. ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതുപോലെ നാട്ടികയിലാണ് ആദ്യമായി കപ്പയും മീനും വച്ചുകൊണ്ടുള്ള സദ്യ തുടങ്ങിയത്. മൂവായിരത്തോളം ആളുകൾ അതിൽ പങ്കെടുത്തു. സാംസ്കാരിക നായകൻമാരും, ജനപ്രതിനിധികളും, രാഷ്ട്രീയത്തിനതീതമായി മുഴുവൻ ആളുകളും കൂടിച്ചേർന്നാണ് ഇത് തുടങ്ങിവച്ചത്. കേരളത്തിൽ എല്ലാ സ്ഥലത്തും ആരംഭിച്ചിട്ടുണ്ട്. ഈ ഭയാശങ്ക മാറ്റാനുള്ള ശ്രമമാണ് നടത്തുന്നത്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പു മന്ത്രി പറഞ്ഞതുപോലെ നമുക്ക് ലഭിക്കുന്ന ഭൂരിപക്ഷം മത്സ്യങ്ങളും കടൽ ചെടികൾ കഴിക്കുന്നവയാണ്. കൊമ്പൻസ്രാവുകൾ മാത്രമാണ് നരഭോജികളായിട്ടുള്ളതെന്നാണ് മത്സ്യശാസ്ത്രം പറയുന്നത്. നെത്തോലിയുടെ വയറ്റിലും മത്തിയുടെ വയറ്റിലും മനുഷ്യമാംസത്തിന്റെ അംശം കണ്ടെന്നൊക്കെയാണ് പറഞ്ഞു പരത്തുന്നത്. അതുപോലെ വെള്ളൂരി എന്ന മത്സ്യത്തിന്റെ വയറ്റിനകത്തുനിന്നും മോതിരം കിട്ടിയെന്നാണ് പ്രചരണം. ഇങ്ങനെ വ്യാപകമായ പ്രചരണങ്ങൾ നടക്കുകയാണ്. ഇതിനകത്ത് കേരളത്തിനു പുറത്തുള്ള കോഴി ലോബികൾ പോലുമുണ്ടെന്ന് സംശയിക്കുന്നു. ഇപ്പോൾ കോഴിയുടെ വില വർദ്ധിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സുനാമിബാധിത പ്രദേശങ്ങളിൽ ഗവൺമെന്റ് നടത്തുന്ന ആശ്വാസ പ്രവർത്തനങ്ങൾ മറ്റ് തീരദേശ മേഖലകളിൽക്കൂടി വ്യാപിപ്പിക്കണം. സൗജന്യ റേഷൻ മറ്റ് തീരപ്രദേശങ്ങളിൽക്കൂടി കൊടുക്കണം. സുനാമി ദുരന്തപ്രദേശങ്ങളിൽ ചെയ്യുന്ന കാര്യം മാതൃകാപരമാണ്. കേന്ദ്ര സംസ്ഥാന മേഖലകളിൽനിന്നുള്ള പണം മാക്സിമം ഉപയോഗപ്പെടുത്തുന്നുണ്ട്. മറ്റ് ജില്ലകളിലെ മത്സ്യത്തൊഴിലാളികൾ ഇതുമൂലം അനുഭവിക്കുന്ന ദുരന്തവും പട്ടിണിയും കണക്കിലെടുത്ത് കേരളത്തിലെ മുഴുവൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും സൗജന്യ റേഷൻ കൊടുക്കാനുള്ള നടപടിയുണ്ടാകണം. പൂർണ്ണമായും മത്സ്യമേഖല സ്തംഭിച്ചിരിക്കുകയാണ്. പലരും മത്സ്യം പിടിക്കാൻതന്നെ പോകുന്നില്ല. ഇത് വളരെ ഗൗരവതരമായ കാര്യമാണ്. ആ കാര്യത്തിൽ ഗവൺമെന്റ് ഭാഗത്തുനിന്നും സത്വരമായ ഇടപെടലുണ്ടായേ മതിയാകൂ. ഇന്ന് കേരളത്തിലെ ഏറ്റവും വലിയ ചർച്ചാവിഷയം ലോട്ടറിയാണ്. നമ്മുടെ നാട്ടിൽ ഓൺലൈൻ ലോട്ടറിയും ഒറ്റ നമ്പർ ലോട്ടറിയും വളരെ അപകടകരമായ സാമൂഹ്യ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. ജനങ്ങൾക്കിടയിൽ വളരെയേറെ ആശങ്കയാണ്. പാവപ്പെട്ട ചുമട്ടുതൊഴിലാളികളും ഓട്ടോറിക്ഷാ തൊഴിലാളികളും ഉൾപ്പെടെയുള്ള കൂലി എടുക്കുന്ന മുഴുവൻ ആളുകളും ഒറ്റ നമ്പർ ഓൺലൈൻ ലോട്ടറിക്കാരുടെ പുറകിലാണ്. കുടുംബങ്ങൾ പട്ടിണിയിൽ, സ്ത്രീകൾ ആത്മഹത്യയിൽ, കുട്ടികളുടെ വിദ്യാഭ്യാസംപോലും ഇതുകൊണ്ട് ദുരിതപൂർണ്ണമായിരിക്കുന്നു. കേരളത്തിൽ ഒരു കാരണവശാലും ഒറ്റനമ്പർ ഓൺലൈൻ ലോട്ടറി ഉണ്ടാകാൻ പാടില്ല. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഗവൺമെന്റ് എടുത്ത ഒരു തീരുമാനം സംസ്ഥാന സർക്കാർ ലോട്ടറിപോലും നിരോധിക്കുക എന്നതാണ്. കേരളത്തിലെ വികലാംഗരും അന്ധരും ഉൾപ്പെടെ പതിനായിരക്കണക്കിന് വരുന്ന ആളുകളുടെ, അതായത് ഈ സംസ്ഥാനത്തെ വളരെ പാവപ്പെട്ട ആളുകളുടെ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അത്താണിയാണ് സംസ്ഥാന ലോട്ടറി. ഇന്ന് സർവ്വകക്ഷി ചർച്ചയുണ്ട്. ആ കാര്യത്തെ ഗൗരവമായി കണക്കിലെടുത്ത് നിയമം നിർമ്മിക്കണമെങ്കിൽ നിയമം നിർമ്മിച്ചായാലും അതിനുവേണ്ടി ഏത് അറ്റംവരെ പോകേണ്ടിവന്നാലും സംസ്ഥാന ലോട്ടറി പുനഃസ്ഥാപിക്കാൻവേണ്ടിയുള്ള നടപടി ഉണ്ടാകണം. പതിനായിരക്കണക്കിന് വരുന്ന ആളുകളുടെ ജീവിതത്തിലെ അവരുടെ കണ്ണീരിന്റെ ഉപ്പ് ഈ ഗവൺമെന്റ് തീർച്ചയായും തിരിച്ചറിയണമെന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ഓൺലൈൻ ലോട്ടറികളും ഒറ്റനമ്പർ ലോട്ടറികളും നിരോധിച്ചേ മതിയാകൂ. അതോടൊപ്പംതന്നെ ഗവൺമെന്റ് ലോട്ടറി തീർച്ചയായും നടപ്പിലാക്കാൻ വേണ്ടിയുള്ള എന്ത് മാർഗ്ഗവും സ്വീകരിക്കണം. അവരെ പുനരധിവസിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞു. നമുക്കറിയാം ചാരായം നിരോധിച്ചപ്പോൾ ചാരായത്തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ തീരുമാനിച്ചു. അതിന്റെ പ്രായോഗികമായ ബുദ്ധിമുട്ട് ഇതുവരേയും മാറിയിട്ടില്ല. ഇന്നും ചാരായത്തൊഴിലാളികളുടെ ദുരന്തം നമ്മുടെ മുന്നിൽ കാണുകയാണ്. പുനരധിവസിപ്പിക്കുക എന്നതിന്റെ അവസാന വാക്ക് യാഥാർത്ഥ്യമാകാൻ ഏറെ സമയമെടുക്കും എന്നുള്ളതുകൊണ്ട് നിർബന്ധമായും ഈ കാര്യത്തിൽ നിയമ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം നടത്തി സർവ്വകക്ഷി അംഗീകാരത്തോടെ ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അടുത്തതായി വൈദ്യുതി വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. 75,000 പാവപ്പെട്ട ആളുകൾക്ക് പുതിയ വൈദ്യുതി കണക്ഷൻ കൊടുക്കാൻ തീരുമാനിച്ചത് ഇന്നത്തെ പത്രത്തിൽ വായിക്കാൻ ഇടയായി. നേരത്തേ വൈദ്യുതി വകുപ്പിൽ നടന്നുവന്നിരുന്ന ബി.പി.എൽ. കണക്ഷന്റെ സമയം നീട്ടി വീണ്ടും പുതിയതായി 75,000 പേർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കാൻ തീരുമാനിച്ചു. പോസ്റ്റ് ഇല്ലാത്തതിന്റെ പേരിൽ കണക്ഷൻ ലഭിക്കാതിരുന്നവർക്ക് കണക്ഷൻ കൊടുക്കുന്നതിനുവേണ്ടി ബോർഡ് എടുത്ത പുതിയ തീരുമാനത്തിന് ആവശ്യമായ പിൻബലം തീർച്ചയായിട്ടും ധനകാര്യ വകുപ്പിൽനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. നേരത്തെ ബഹുമാന്യനായ മത്തായി ചാക്കോ കോൺഗ്രസ്സിലെ ആഭ്യന്തര കാര്യങ്ങളെക്കുറിച്ച് പറയുക യുണ്ടായി. എന്റെ സ്നേഹിതൻ ശ്രീ. സാജു പോൾ അപ്പുറത്തിരിപ്പുണ്ട്. അദ്ദേഹം കോൺഗ്രസ് രക്തവുമായി ബന്ധമുള്ള ഒരു ചെറുപ്പക്കാരനാണ്. എറണാകുളത്ത് മാർക്സിസ്റ്റ് പാർട്ടിക്കും ഇടതുപക്ഷ മുന്നണിക്കും മേപ്പടി അഡ്രസ് ഉണ്ടാക്കിയ ആളാണ് അദ്ദേഹം. അദ്ദേഹത്തിന് ഈ കഴിഞ്ഞ ജില്ലാ സമ്മേളനത്തിൽ ഉണ്ടായ അനുഭവം ശ്രീ. മത്തായി ചാക്കോയ്ക്ക് അറിയാവുന്നതാണ്. അത് പ്രത്യേകം വിവരിക്കേണ്ട കാര്യമില്ല. പാവം ശ്രീ. സാജുപോളിനെ ഒരു സമ്മേളന പ്രതിനിധി പോലും ആക്കാൻ കഴിയാതെ നിലംപരിശാക്കി പറഞ്ഞയച്ചതിന്റെ ഓർമ്മയുണ്ടാകും. ഞങ്ങളുടെ പാർട്ടിയിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകാറുണ്ട്. ഗാന്ധിജിയുടെ കാലം മുതൽ അഭിപ്രായഭിന്നതയുള്ള പാർട്ടിയാണ് കോൺഗ്രസ്സ്. അത് എല്ലാപേർക്കും അറിയാവുന്നതാണ്. പക്ഷേ ഞങ്ങൾക്ക് ഒരു കാര്യമുണ്ട്. കോൺഗ്രസ് പാർട്ടി ഒന്നിച്ച് നിൽക്കാൻ തീരുമാനിച്ചാൽ ഒരു മിനിറ്റ് മതി, ഒരു ബട്ടണിട്ടാൽ കത്തുന്ന ബൾബ് പോലെ ഏത് സന്ദർഭത്തിലും ഒന്നിച്ചു നിൽക്കും. കോൺഗ്രസ്സിൽ അഭിപ്രായഭിന്നതയുണ്ടാകാം. ഞങ്ങൾ ഒരു മേശയ്ക്ക് ചുറ്റും ഒരുമിച്ചിരുന്നാൽ അൽപ്പ സമയം കൊണ്ട് അത് തീരും. ഞങ്ങൾ ഒന്നിച്ച് നിൽക്കും. അതിൽ യാതൊരു തർക്ക വുമില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലോക്കൽ സമ്മേളനവും ഏരിയാ സമ്മേളനവും ജില്ലാ സമ്മേളനവും കഴിഞ്ഞപ്പോൾ ഉണ്ടായതുപോലെയുള്ള ഒരു വെട്ടിനിരത്തൽ പ്രതിഭാസം ഒരിക്കലും കോൺഗ്രസ്സിൽ ഉണ്ടാകാറില്ല. ഞങ്ങൾ അവസാനം സമന്വ യത്തിന്റെ പാതയിൽ പോകുന്ന ഒരു വലിയ ദേശീയ പ്രസ്ഥാനമാണ് എന്ന് പ്രത്യേകം പറയുകയാണ്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : കോൺഗ്രസ്സ് പാർട്ടിയിൽ ശ്രീ. പ്രതാപൻ വന്നതിനുശേഷം ഇന്നുവരെ ഏതെങ്കിലും സമ്മേളനം നടന്നിട്ടുണ്ടോ? പിന്നെ എങ്ങനെയാണ് സമ്മേളനത്തെക്കുറിച്ച് അറിയുന്നത്?

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : ബഹുമാനപ്പെട്ട അംഗം, ഞങ്ങൾ സ്ഥിരമായി കോൺഗ്രസ് പാർട്ടിയിൽ സമ്മേളനം നടത്താറുണ്ട്. യാതൊരു സംശയവും വേണ്ട. അതിനെക്കുറിച്ച് എപ്പോഴെങ്കിലും ബോദ്ധ്യപ്പെടുത്തണമെങ്കിൽ അവിടെ നിന്നും രാജി

LIBRARY ARCHIVES Kerala Legislative Assembly

വച്ച് പോന്നാൽ അന്ന് ഞങ്ങൾ സമ്മേളനത്തിന് കൊണ്ടുവന്ന് സമ്മേളനത്തിന്റെ ശൈലിയും സിസ്റ്റവും ബഹുമാനപ്പെട്ട മെമ്പറെ പഠിപ്പിച്ചു തരാം. ബഹുമാനപ്പെട്ട ഗിരിജാ മാഡത്തിന് അതിനുള്ള അവസരം ഉണ്ടാക്കി തരാം. ഒരു കാര്യം ബഹുമാനപ്പെട്ട ഗിരിജാ മെമ്പർക്കും ബോദ്ധ്യമാകും. മാർക്സിസ്റ്റ് പാർട്ടിയേക്കാൾ ഭേദം കോൺഗ്രസ് പാർട്ടിയാണെന്ന് ബോദ്ധ്യമാകുന്ന കാലം അതിവിദൂരമല്ല. പതിമൂന്ന്-പതിനാല് മാസം കൂടി കഴിയുമ്പോൾ മാഡത്തിന് അത് ബോദ്ധ്യമാകുമെന്ന് പ്രത്യേകം പറയാൻ ആഗ്രഹിക്കുകയാണ്.

മി. ഡെ. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ടി. എൻ. പ്രതാപൻ : ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് ബഹുമാന്യനായ എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി : സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. ആർ. എൽ. ഭാട്ടിയ അവതരിപ്പിച്ച നയപ്രഖ്യാപനത്തോട് അനുകൂലിച്ചുകൊണ്ട് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. 2001-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഭരണമേൽക്കുമ്പോൾ കടക്കെണിയിൽ അകപ്പെട്ട ഒരു അവസ്ഥയിലായിരുന്നു. വളരെ പാടുപെട്ട് ആ കടക്കെണിയിൽ നിന്ന് ഈ സ്റ്റേറ്റിനെ, ഈ സർക്കാരിനെ, ഈ ജനങ്ങളെ നയിച്ച് സ്റ്റേബിളായിട്ടുള്ള ഒരു നിലവാരത്തിൽ കൊണ്ടുവരാൻ പണിപ്പെട്ട ഒരു മഹത്വ്യക്തിയാണ് ശ്രീ. എ. കെ. ആന്റണി. വികസനം വഴിമുട്ടിനിന്ന കേരളത്തെ കൈപ്പിടിച്ച് ഉയർത്തി എല്ലാതലത്തിലും വികസനം ഉറപ്പ് വരുത്തിക്കൊണ്ട് മുന്നോട്ട് വരുകയായിരുന്നു അദ്ദേഹം. ആ സമയത്താണ് ശ്രീ. ഉമ്മൻചാണ്ടി ഭരണം ഏൽക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒട്ടനവധി വികസന പ്രവർത്തനം വളരെ ശുഷ്കാന്തിയോടുകൂടി, ധീരതയോടുകൂടി ഏറ്റെടുത്ത് കേരളം ഇന്ന് അതിവേഗം മുന്നോട്ട് പോവുകയും ചെയ്യുന്നത്. ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ നൂറുദിന പരിപാടി സെപ്റ്റംബർ 8-ാം തീയതി ആദ്യത്തെ കാബിനറ്റിൽ തന്നെ പ്രഖ്യാപിക്കുകയും അത് വിജയകരമായി മുന്നോട്ട് കൊണ്ടുപോവുകയും ചെയ്തു. കടക്കെണിയുടെ വക്കത്തുനിന്ന് ആയിരക്കണക്കിന് അഭ്യസ്തവിദ്യരായ, തൊഴിൽരഹിതരായ യുവാക്കൾക്ക് ആശ്വാസം ഏകിക്കൊണ്ട് നിലവിലുണ്ടായിരുന്ന ഇരുപതിനായിരത്തിൽപരം ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്യുകയും അതുമൂലം തൊഴിൽരഹിതരായ യുവാക്കൾക്ക് അനേകം തൊഴിലവസരങ്ങൾ ലഭിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി വഴി സുതാര്യമായ നിലപാട് എടുത്ത് അനേകം ജനങ്ങളുടെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരും നേരിട്ട് ജനങ്ങളുമായി ഇടപെട്ട് പ്രശ്നങ്ങൾക്ക് എളുപ്പത്തിൽ പരിഹാരം കാണുന്നതിൽ വളരെയേറെ വിജയിച്ചിട്ടുണ്ട്. അത് ഏറ്റവും ജനപ്രിയമായ ഒരു പദ്ധതിയായിരുന്നു. അതുപോലെ തന്നെ കെട്ടിക്കിടന്ന ഫയലുകൾ എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുകയും അതിന് തീർപ്പ് കൽപ്പിക്കുകയും ചെയ്തു. അതിൽക്കൂടി 77 ശതമാനം പെന്റിംഗ് ഫയലുകൾ ക്ലിയർ ചെയ്യുകവഴി പ്രോംപ്റ്റ് ആയിട്ടുള്ള റിലീഫ് ലഭിച്ചിട്ടുണ്ട്. അതിനോടനുബന്ധിച്ചാണ് റവന്യൂ വകുപ്പിന്റെ പട്ടയമേളകൾ സംഘടിപ്പിച്ചത്. എല്ലാ ജില്ലകളിലും ശ്രീ. കെ. എം. മാണി പട്ടയമേളകൾ സംഘടിപ്പിക്കുകയുണ്ടായി. ജനങ്ങൾ കാലാകാലങ്ങളായി വളരെ ആകാംക്ഷയോടുകൂടിയും പ്രതീക്ഷയോടുകൂടിയും കാത്തിരുന്ന ഒരു സംഗതിയാണ് അവരുടെ രണ്ടോ മൂന്നോ സെന്റ് ഭൂമിക്ക് പട്ടയം ലഭിക്കുക എന്നുള്ളത്. കാലാകാലങ്ങളിൽ ലഭിക്കാതിരുന്ന കൈവശരേഖകൾ ഇന്ന് ഒട്ടനവധി ആളുകൾക്ക് ലഭിക്കുകയുണ്ടായി. കൈവശരേഖ ലഭിക്കുകവഴി റേഷൻ കാർഡ് ഉൾപ്പെടെയുള്ള അടിസ്ഥാന രേഖകൾ സാധാരണ ജനങ്ങൾക്ക് ലഭിക്കാനായിട്ടുള്ള അടിസ്ഥാന രേഖയായ പൊസഷൻ സർട്ടിഫിക്കറ്റ് ലഭിച്ചു. പട്ടയത്തിന് അർഹരായവരുടെ പെന്റിംഗ് ആയ ഫയലുകൾ പരിശോധിച്ച് എത്രയും വേഗം പട്ടയങ്ങൾ നൽകാനുള്ള നടപടികൾ ത്വരിത ഗതിയിൽ നടത്തിയെടുത്തു. ഈയടുത്തയിടയ്ക്ക് നിയമ വകുപ്പിന്റെ പ്രഖ്യാപന മുണ്ടായി. തോട്, കുളം, നദി ഇവയുടെ തീരത്ത് താമസിക്കുന്ന അല്ലെങ്കിൽ ഇപ്പോൾ നിലവിൽ പട്ടയം ഇല്ലാത്ത വസ്തു ഉടമസ്ഥർക്ക് ആ ഭാഗം പതിച്ചുകൊടുക്കും എന്ന്. ഈ പ്രഖ്യാപനം വളരെയേറെ സ്വാഗതാർഹമായ ഒരു വിഷയമാണ്. സ്വന്തം ഭൂമിയില്ലാതെ, പണത്തിന് ആവശ്യം വന്നാൽ പണയം വയ്ക്കാൻ ഭൂമിയില്ലാതെ വിഷമിക്കുന്ന ഒരു അവസ്ഥയിൽ നിന്ന് അനേകരെ രക്ഷപ്പെടുത്താനുള്ള ഒരു മാർഗ്ഗമായിരുന്നു അത്. സ്വാഗതാർഹമായ ഒരു പ്രക്രിയയാണ് റവന്യൂ വകുപ്പിന്റെ ഭാഗത്തു നിന്ന് ഉണ്ടായിരിക്കുന്നത്. ഇവയൊക്കെ നടന്നുവരുമ്പോഴാണ് സുനാമി ദുരന്തം ഉണ്ടായത്. ഇന്ന് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്ത ഏറ്റവും മഹനീയമായ ഒരു കാര്യമാണ് സുനാമി ദുരന്തം നേരിട്ട രീതി. സുനാമി തിരമാലകൾ നമ്മുടെ തീരങ്ങളെ ആക്രമിച്ചപ്പോൾ ഒരു മണിക്കൂറിനകം മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും തീരദേശ സ്ഥലങ്ങൾ സന്ദർശിക്കുകയും ഉടൻതന്നെ വേണ്ട നടപടികൾ ആരംഭിക്കുകയും ചെയ്തു. ഭക്ഷണം, വസ്ത്രം, കിടപ്പാടം, വീടുകൾ ഇവയൊക്കെ സജ്ജീകരിച്ച് വിതരണം ചെയ്യുവാനായി വളരെ ശുഷ്കാന്തിയെടുത്ത ഈ ഗവൺമെന്റിന്റെ നടപടികളെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇന്ന് ക്യാമ്പുകളിൽ കഴിയുന്ന ആളുകൾക്ക് വീടുകൾ വച്ചുകൊടുക്കുന്നതിനും വീട്ടുപകരണങ്ങൾ നൽകുന്നതിനും ആവശ്യമായ നടപടികൾ എടുത്തുവരുന്നു. അതുപോലെതന്നെ കൃഷിമേഖലയിൽ ഗുണനിലവാരമുള്ള വിത്തുകൾ, വളങ്ങൾ, ഹൈടെക് അഗ്രിക്കൾച്ചറൽ പ്രോഗ്രാംസ്, സോയിൽ ടെസ്റ്റിംഗ് ലബോറട്ടറീസ് മുതലായ കാര്യങ്ങളൊക്കെ കൃഷി മേഖലയുടെ ത്വരിത വികസനത്തിനായി നടന്നുവരുന്നു. യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വനിതകളുടെ ഉന്നമനത്തിനുംവേണ്ടി ഈ ഗവൺമെന്റിന്റെ വളരെ സുതാര്യമായ കുടുംബശ്രീ പോലുള്ള പദ്ധതികളെ സ്വാഗതം ചെയ്തുകൊണ്ട് എന്റെ വാക്കുകൾ ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: സർ, ബഹുമാന്യനായ കേരളാ ഗവർണ്ണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ആദരണീയനായ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഏറെ

12.00 Noon] പ്രതീക്ഷയോടും അതിലേറെ അഭിമാനത്തോടും കൂടിയാണ് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നത്. ഒരു വലിയ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് നാം ഇവിടെ സമ്മേളിക്കുന്നത് എങ്കിലും ആ ദുരന്തം സൃഷ്ടിച്ച ദുരിതത്തെ അവധാനതയോടെ കൈകാര്യം ചെയ്ത ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ഞാൻ അങ്ങേയറ്റം ശ്ലാഘിക്കുകയാണ്. താണ്ടാനുള്ള ദൂരം വളരെ വലുതും അതിനുള്ള സമയം തീരെ പരിമിതവുമാണെന്നുള്ള തിരിച്ചറിവിൽ നിന്നുകൊണ്ട് ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തുമെന്ന് എനിക്ക് ഉറപ്പാണ്. ഗവൺമെന്റ് ആവിഷ്ക്കരിച്ച നൂറ് ദിന കർമ്മ പരിപാടിയും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയും കേരളീയ സമൂഹത്തിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റം വളരെ വലുതാണ്. പദ്ധതികൾ നടപ്പാക്കാൻ, ഡിസാസ്റ്റർ മാനേജ്മെന്റിനുവേണ്ടി പ്രത്യേകം വകുപ്പ് വരെ ഉണ്ടാക്കിയിരിക്കുകയാണ്. ഇതെല്ലാം ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തിയെയാണ് പ്രതിഫലിപ്പിക്കുന്നത്. ഐ.ടി. രംഗത്ത് നൂതന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി 'സുതാര്യ കേരളം' എന്ന വിപുലമായ പരിപാടി ഗവൺമെന്റും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കാൻ പര്യാപ്തമാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേന്ദ്രത്തിലെ യു.പി.എ. ഗവൺമെന്റും ഇവിടത്തെ യു.ഡി.എഫ്. ഗവൺമെന്റും കാർഷിക മേഖലയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള നയസമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. മഴ തീർന്നാലും മരം പെയ്യുമെന്നു പറയുന്നതുപോലെ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ദുഷ്ചെയ്തികളും നിഷ്ക്രിയത്വവും കേരളത്തിലെ കാർഷിക മേഖലയുടെ നട്ടെല്ല് തകർത്തിരിക്കുന്നു. അതോടൊപ്പം കടന്നുവന്ന പ്രകൃതി ക്ഷോഭം, പ്രത്യേകിച്ചും വരൾച്ച നമ്മുടെ നാട്ടിലെ കൃഷിക്കാരന്റെ ജീവിതം നരകതുല്യമാക്കി മാറ്റി. കൂനിന്മേൽ കുരു എന്നപോലെ ഡബ്ല്യൂ. ടി. ഒ. കൃഷിക്കാരന്റെ അസ്ഥിവാരം തോണ്ടുന്ന സ്ഥിതിയിൽ എത്തിച്ചു. യു.ഡി.എഫ് ഗവൺമെന്റിന്റെ തലയിൽ ഇതെല്ലാം കെട്ടിവയ്ക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ആത്മഹത്യയുടെ മുനമ്പിൽനിന്നും കേരളത്തിലെ കർഷകനെ കുറഞ്ഞ നാളുകൾകൊണ്ട് ജീവിതത്തിന്റെ പച്ചത്തുരുത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ ഗവൺമെന്റ് കാർഷിക മേഖലയിൽ ചെയ്തിട്ടുള്ള ഏറ്റവും വലിയ നേട്ടം. നെല്ല്, റബ്ബർ, നാളികേരം തുടങ്ങിയിട്ടുള്ള മുഖ്യ കാർഷിക വിളകൾക്ക് വൻ വില വർദ്ധനവ് ഈ കാലഘട്ടത്തിൽ ഉണ്ടായി. മാർക്കറ്റ് ഇന്റർവെൻഷനിലൂടെ കുരുമുളക്, അടയ്ക്ക എന്നിവയുടെ വില വർദ്ധിപ്പിക്കുവാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. കാർഷിക മേഖലയ്ക്ക് മുൻഗണന നൽകുന്നു എന്നു പറയുമ്പോൾ ബഡ്ജറ്റ് വിഹിതം കൃത്യമായി കാർഷിക മേഖലയ്ക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ ധനകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. നെല്ല് സംഭരണത്തിനുള്ള കുടിശ്ശിക നൽകുന്നതടക്കം ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനം ഉണ്ടാകണമെന്നാണ് ഇതുസംബന്ധിച്ച്

പറയാനുള്ളത്. ആരോഗ്യ വിദ്യാഭ്യാസ വ്യവസായ രംഗത്ത് ഒക്കെ വലിയ മാറ്റങ്ങൾ ഉണ്ടായി എന്നു പറയുമ്പോൾ നേരത്തെ പരമ്പരാഗത വ്യവസായവുമായി ബന്ധപ്പെട്ട് മുട്ടിനു മുട്ടിന് സമരങ്ങളും, പ്രക്ഷോഭങ്ങളും നയിച്ചു കൊണ്ടിരുന്ന കശുവണ്ടി മേഖലയിൽ ഇന്ന് വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനെപ്പറ്റി ഒരക്ഷരം അപ്പുറത്തിരിക്കുന്ന ആളുകൾ ഉരിയാടുന്നില്ല. ശ്രീ. കോവൂർ കുഞ്ഞുമോനും മറ്റുള്ളവരുമൊക്കെ അവരുടെ നാട്ടിൽ നിന്നിങ്ങോട്ടു പോരുമ്പോൾ പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികളുടെ വീടുകളുടെ അടുക്കളയിൽ ഇപ്പോൾ തീ പുകയുന്നത് കാണാവുന്നതാണ്. ആ വലിയ മാറ്റത്തിന് നേതൃത്വം കൊടുത്ത ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയെ കല്ലെറിഞ്ഞോടിച്ച ആളുകൾക്ക് ഈ നാട്ടിൽ നടക്കുന്ന പുരോഗതിയെക്കുറിച്ച് എന്താണ് പറയാനുള്ളത്? അതുപോലെ തന്നെ പവർ കട്ട് പൂർണ്ണമായും മാറ്റി. ഇവിടെ നടക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച്, താരതമ്യേന ഫലപ്രദമായ ക്രമസമാധാന നിലയെ കുറിച്ച് പ്രതിപക്ഷത്തിന് ഒന്നും പറയാനില്ല. അവർ ക്ഷീരമല്ല തേടുന്നത്, ചോരയാണ്. അവർ എക്സ്പ്രസ്സ് ഹൈവേയെ എതിർക്കുകയാണ്; അവർ സ്മാർട്ട് സിറ്റിയെ എതിർക്കുകയാണ്. ഞങ്ങളുടെ നാട്ടിൽ പഴയ ഒരു കാരണവരുടെ കഥ പറഞ്ഞു കേട്ടിട്ടുണ്ട്. മരിച്ചുകഴിഞ്ഞാൽ അന്ത്യാഭിലാഷമായി തന്റെ തലയിൽ നാരായം അടിച്ചു കയറ്റണമെന്ന് മരിക്കുന്നതിനു മുമ്പ് മരുമക്കളോട് ഉപദേശിച്ചിട്ട് മരിച്ചുപോയ ഒരു കാരണവർ, അവസാനം മരിച്ചു കഴിഞ്ഞപ്പോൾ മരുമക്കളെ കൊലക്കേസിൽ ശിക്ഷിക്കേണ്ട ഒരു ഗതികേടിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചു എന്നു പറയുന്നതു പോലെയാണ് ഇവിടത്തെ പ്രതിപക്ഷം. ഇവർ ഈ നാട് നന്നാക്കാൻ അനുവദിക്കില്ല. ഈ നാടിനെ മുമ്പോട്ടുപോകാൻ അനുവദിക്കില്ല. ലൈംഗിക അപവാദകേസുകളിലും, സ്ത്രീപീഡനങ്ങളിലും മാത്രമായി ജീവിക്കുന്ന ഒരു പ്രതിപക്ഷം സാംസ്കാരിക കേരളത്തിന് അപമാനമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഈ നാട്ടിലെ സാമൂഹ്യ വ്യവസ്ഥയെപ്പറ്റി എന്താണ് പറയുന്നത്? മനുഷ്യ സമൂഹത്തിന്റെ ചരിത്രം വർഗ്ഗ സമരങ്ങളുടെ ചരിത്രമാണെന്നാണ് കമ്മ്യൂണിസ്റ്റ് പാർട്ടി പഠിപ്പിക്കുന്നത്. വർഗ്ഗ സമരങ്ങൾ നയിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. ആ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം ഉൾപ്പാർട്ടി സമരത്തിന്റെ ചരിത്രം കൂടിയാണ്. എന്താണ് ഉൾപ്പാർട്ടി സമരം? എവിടെയാണ് ഉൾപ്പാർട്ടി സമരം നടക്കുന്നത്? ഒരു ഉൾപ്പാർട്ടിയുമില്ല. ഒരു സമരവും ഇല്ല. പ്രത്യയശാസ്ത്ര ഭിന്നതകൾ എന്നൊക്കെ പറയുന്നത് എന്നെങ്കിലും ഈ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉണ്ടോ? ലൈംഗിക കഥകളും പീഡന കേസുകളും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വഴിമുടക്കി നിൽക്കുന്ന അത്യന്തം ലജ്ജാകരമായ ഒരു അവസ്ഥയാണ് നമ്മൾ കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. എന്നിട്ടും പ്രതിപക്ഷത്ത് ഇരിക്കുന്ന ആളുകൾക്ക് ഒന്നും തോന്നുന്നില്ല എങ്കിൽ അവരുടെ തൊലിക്കട്ടി പരിശോധിക്കേണ്ടതു തന്നെയാണ്. കിളിരൂർ കേസിലെ പെൺകുട്ടി ആശുപത്രിയിൽ കിടന്നപ്പോൾ കാണാൻ പോയത് രണ്ട് വനിതാ നേതാക്കളാണ്. അതിൽ ഒരു വനിതാ നേതാവ് ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെയുള്ള ആളാണ്. ഒരാളെ പുറത്തു നിർത്തിയിട്ടാണ് മറ്റെയാൾ അകത്ത് കയറിയത് എന്നാണ് പത്രങ്ങളിൽ വാർത്തവന്നത്. അവർ അകത്തുകയറി എന്താണ് പറഞ്ഞത് എന്നത് നമുക്കൊന്നും അറിയില്ല. ഏതായാലും ശ്രീ. വി. എസ്. പറഞ്ഞു, കാണാൻ ചെന്ന ഒരു വി.ഐ.പി. കുട്ടിയെ പേടിപ്പിച്ചു എന്ന്. അതാരാണെന്ന് നമുക്കറിയില്ലല്ലോ? ഏതായാലും കുട്ടി മരിച്ചതിനുശേഷം വന്ന വാർത്ത ആ കുട്ടിയുടെ ശരീരത്തിൽ ചെമ്പിന്റെ അംശം കൂടിയതു കൊണ്ടാണ് മരണം സംഭവിച്ചത് എന്നാണ്. പീഡിപ്പിച്ചവരെ പേടിപ്പിച്ചാൽ ചെമ്പിന്റെ അംശം കൂടുമോ? എനിക്കറിയില്ല, ഏതായാലും കേരളത്തിലെ മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠിക്കാൻ പറ്റുന്ന ഒരു വിഷയമാണ് ഇത്. സർ, CPM-ന്റെ എല്ലാ സമ്മേളനങ്ങളിലും ഇപ്പോൾ പ്രധാനമായി ഉന്നയിക്കുന്നത് ഇതു പോലുള്ള ലൈംഗിക അപവാദ കേസുകൾ തങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് എങ്ങനെ മാനേജ് ചെയ്തു എന്നുള്ളതിനെ സംബന്ധിച്ചാണ്. നമ്മൾ ഇവിടെ ഡിസാസ്റ്റർ മാനേജുമെന്റിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ, CPI (M)-ൽ ലൈംഗിക അപവാദകേസുകൾ മാനേജു ചെയ്തതിനെ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്. ആലപ്പുഴ നടന്ന സമ്മേളനത്തിൽ ജില്ലാ സെക്രട്ടറിയെ തീരുമാനിക്കാൻ പതിമൂന്ന് മണിക്കൂർ സമയമെടുത്തു. അത്രയും ഗംഭീരമായ ഉൾപ്പാർട്ടി ചർച്ചയാണ് നടക്കുന്നത്. ഉൾപ്പാർട്ടി സമരത്തിന്റെ ഫലമായി നമ്മുടെ പ്രിയപ്പെട്ട ദേവകുമാർ തറവാട്ടിൽ നിന്നിറങ്ങി എങ്കിലും അമ്മാത്ത് എത്തിച്ചേർന്നില്ല. അദ്ദേഹം ഒരു ഗ്രൂപ്പിൽ നിന്നിറങ്ങി പക്ഷേ അടുത്ത ഗ്രൂപ്പിൽ എത്തിയുമില്ല. സുനാമി ദുരന്തത്തെ സംബന്ധിച്ച് പറഞ്ഞു. സുനാമി ദുരന്തത്തിന്റെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടും ദുരിതവും യാതനയും അനുഭവിക്കുന്ന പ്രദേശമാണ് ആലപ്പുഴ. ആലപ്പുഴയിലെ തീരപ്രദേശങ്ങളിലെ പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ സഹായിക്കാൻവേണ്ടി എത്രയോ പദ്ധതികൾ ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. ആ പദ്ധതികളെ എല്ലാ ജനങ്ങളും അംഗീകരിക്കുകയാണ്. കടൽതീരത്ത് കല്ല് കെട്ടുന്നു, അവിടെ പുതിയ പാലം വരുന്നു, പട്ടാളക്കാരുടെ പുതിയ സംവിധാനങ്ങൾ വരുന്നു. എല്ലാം വരുമ്പോൾ അതിനെ എതിർക്കുന്നത് അവിടത്തെ ജനപ്രതിനിധി മാത്രമാണ്. ഇതെല്ലാം വന്നാൽ തങ്ങളുടെ പാർട്ടി ഓഫീസ് പൂട്ടുമോ എന്നാണ് അവർ ഭയക്കുന്നത്. സർ, സുനാമി ദുരന്തത്തിന്റെ ഫലമായിട്ടാണെങ്കിൽക്കൂടി വന്നിട്ടുള്ള സാമ്പത്തികസഹായങ്ങളെ എങ്ങനെ നമ്മുടെ നാടിന് ഗുണകരമായി ഉപയോഗിക്കാം എന്നതിനെ സംബന്ധിച്ചുപോലും തർക്കങ്ങൾ ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഗുണകരമായിട്ടുള്ള കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കാതിരിക്കുകയും ചെയ്യുന്നതിനുവേണ്ടി ബോധപൂർവ്വമായ കാര്യങ്ങൾ പ്രതിപക്ഷം ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. സുനാമി ദുരിതാശ്വാസ ക്യാമ്പിൽ എത്തി രാഷ്ട്രീയം പറഞ്ഞതിന്റെ പേരിൽ ചിലരെ ജനങ്ങൾ കൈകാര്യം ചെയ്ത് തിരിച്ചയച്ചു എന്ന പത്ര വാർത്തയും നമ്മൾ ഈ സന്ദർഭത്തിൽ കണ്ടതാണ്. കേരള സംസ്ഥാനത്തിനകത്ത് ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ നാല് വർഷക്കാലമായി ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലും അതിനുശേഷം ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലും ആവിഷ്ക്കരിച്ചു നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ ജനങ്ങൾക്ക് പൂർണ്ണമായി വിശ്വാസം വന്ന് ജനങ്ങൾ ആ നല്ല ഭരണം തുടരാൻ ആഗ്രഹിക്കുന്നു എന്നുള്ളതിന്റെ തെളിവ് നമുക്കനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ നല്ല ഭരണത്തിന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ വീണ്ടും പിന്താങ്ങുന്നു.

VIII. അറിയിപ്പ്

ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള സമയം

മി. ഡെപ്യൂട്ടി സ്പീക്കർ: 2005 ഫെബ്രുവരി 10-ാം തീയതി സഭ സമ്മേളിക്കാൻ തീരുമാനിച്ചിരിക്കുന്നതിനാൽ അന്നേ ദിവസത്തെ ചോദ്യങ്ങൾ ചോദിക്കാൻ 2-2-2005 വൈകുന്നേരം മൂന്ന് മണിവരെ നോട്ടീസ് നൽകാവുന്നതാണ്. ഊർജ്ജ വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി, വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി, കൃഷിയും കയറും വകുപ്പുമന്ത്രി എന്നിവരോട് അന്നേ ദിവസം ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. ടി. എം. ജേക്കബ്: സർക്കാരിന്റെ ദിശാബോധവും കാഴ്ചപ്പാടും ജനങ്ങളെ അറിയിക്കുക എന്ന കർത്തവ്യമാണ് നയപ്രഖ്യാപനത്തിൽക്കൂടി നിർവ്വഹിക്കപ്പെടുന്നത്. ഈ ഗവൺമെന്റിന്റെ ഈ സഭയിലെ അവസാനത്തെ നയ പ്രഖ്യാപന പ്രസംഗം എന്നു വേണമെങ്കിൽ ആ പ്രസംഗത്തെക്കുറിച്ച് പറയാം. അടുത്ത ജനുവരിയിൽ അവതരിപ്പിക്കുന്ന നയപ്രഖ്യാപനം പൂർത്തീകരിക്കാൻ കഴിയുകയില്ല. കാരണം മേയ് മാസം ആകുമ്പോഴേക്കും ഇലക്ഷൻ വരും. അതുകൊണ്ടുതന്നെ ഇപ്പോൾ അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റും ഐക്യജനാധിപത്യ മുന്നണിയുടെ അവസാനത്തെ ബഡ്ജറ്റാണ്. ഈ സന്ദർഭത്തിൽ ഐക്യ ജനാധിപത്യ മുന്നണിക്കുവേണ്ടി ജനങ്ങളുടെ മുമ്പാകെ സമർപ്പിച്ച ഒരു പ്രകടനപത്രിക—അതാണെന്റെ കയ്യിൽ ഇരിക്കുന്നത്—പരിഗണിക്കേണ്ടതുണ്ട്. ഈ പ്രകടനപത്രിക എഴുതി തയ്യാറാക്കിയതു ഞാനും ശ്രീ. എം. എം. ഹസ്സനും, ശ്രീ. സി. പി. ജോണും അടങ്ങുന്ന ഒരു സബ് കമ്മിറ്റിയാണ്. അത് ഐക്യജനാധിപത്യ മുന്നണിയുടെ കമ്മിറ്റിയിൽ വച്ച് പൂർണ്ണ രൂപത്തിൽ പാസ്സാക്കി. ശ്രീ. എ. കെ. ആന്റണിയുടെ അദ്ധ്യക്ഷതയിൽ ആയിരുന്നു ഈ നടപടി. അന്നത്തെ യു.ഡി.എഫ് കൺവീനർ ശ്രീ. ശങ്കരനാരായണൻ ഇപ്പോൾ അപ്പുറത്തിരിപ്പുണ്ട്. അവസാന ഭാഗത്തിന്റെ രണ്ടു സെന്റൻസ് ഞാൻ വായിക്കാം. "അഞ്ചു വർഷത്തെ നിഷ്ക്രിയമായ ഇടതുഭരണം കേരളത്തിലെ സാമ്പത്തിക സാമൂഹിക മേഖലകളെ നിശ്ചലമാക്കിയിരിക്കുന്നു. ഈ തകർച്ചയിൽനിന്ന് കേരളത്തെ മോചിപ്പിക്കാനുള്ള ശ്രമകരമായ ദൗത്യമാണ് യു.ഡി.എഫിന് ഏറ്റെടുക്കാനുള്ളത്. അധികാരം കിട്ടുമ്പോൾ പ്രകടനപത്രികയും വാഗ്ദാനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

വിസ്മരിക്കില്ല എന്ന് യു.ഡി.എഫ്. ഉറപ്പുനൽകുന്നു. ഭരണത്തിന്റെ മാർഗ്ഗരേഖയായ പ്രകടനപത്രിക കർമ്മപഥത്തിലെത്തിക്കാൻ മുഖ്യമന്ത്രി ചെയർമാൻ ആയ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കും. നാശനഷ്ടങ്ങളുടെ ചാരക്കൂനയിൽ നിന്ന് ഫീനിക്സ് പക്ഷിയെപ്പോലെ നാടിനെ വികസനത്തിന്റെ വിഹായസ്സിലേക്ക് ഉയർത്താനുള്ള യു.ഡി.എഫിന്റെ കർമ്മ പരിപാടി കേരള ജനതയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു".

ഈ പ്രകടനപത്രികയിൽ ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. അമ്പത്തിയൊമ്പത് പേജുള്ള ഈ പ്രകടനപത്രികയിൽ ഓരോ ഡിപ്പാർട്ടുമെന്റും നടപ്പിലാക്കേണ്ട ഒട്ടേറെ കാര്യങ്ങൾ പറയുന്നുണ്ട്. ഇതിൽ കുറേയേറെ കാര്യങ്ങൾ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പിലാക്കി. അവശേഷിക്കുന്ന കാര്യങ്ങൾ ഇനിയും അവശേഷിക്കുകയാണ്. അതിൽ പ്രധാനപ്പെട്ട ഒരു കാര്യം ഈ നയ പ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിട്ടില്ല എന്നുള്ളത് തികച്ചും ഖേദകരമായിട്ടുള്ള കാര്യമാണ്. അമ്പത്തിമൂന്ന് ഖണ്ഡികകൾ ഉള്ള ഈ നയ പ്രഖ്യാപന പ്രസംഗത്തിൽ ആദ്യത്തെ അഞ്ച് ഖണ്ഡികകളും സുനാമിയുമായി ബന്ധപ്പെട്ടതാണ്. 6-ാം ഖണ്ഡികയിലാണ് ഈ സർക്കാരിന്റെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്നത്. അത് ഇങ്ങനെയാണ്: "സംസ്ഥാനം ഇപ്പോൾ എത്തിനിൽക്കുന്ന സർവതോമുഖമായ വികസനത്തിലേയ്ക്ക് നയിച്ച ശ്രീമാൻ എ. കെ. ആന്റണിയും ക്യാബിനറ്റിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരും നൽകിയ വിലയേറിയ സംഭാവനകൾക്ക് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദങ്ങൾ രേഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ശ്രീമാൻ എ. കെ. ആന്റണിക്ക് ഈ മേലങ്കി നൽകുമ്പോൾ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ശോച്യാവസ്ഥയെപ്പറ്റി ഈ മഹനീയ സഭയ്ക്ക് ഓർമ്മയുണ്ടാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. അവർ നൽകിയ കഴിവുറ്റ ഭരണനേതൃത്വമാണ് ഈ സംസ്ഥാനത്തെ ഒരു കുതിച്ചുചാട്ടത്തിന് പ്രാപ്തമാക്കിയിരിക്കുന്നത്".

ഞാൻ ഇതിനോട് പൂർണ്ണമായി യോജിക്കുന്നു. ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് ശ്രീ. എ. കെ. ആന്റണിയെക്കുറിച്ചും അദ്ദേഹത്തിന്റെ മന്ത്രിസഭയെക്കുറിച്ചും ഇത്രയെങ്കിലും പറയിപ്പിച്ചതിന് ഹൃദയപൂർവ്വമായ നന്ദി രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രഖ്യാപിക്കുന്ന നയം അനുസരിച്ചാകണം സർക്കാർ പ്രവർത്തിക്കേണ്ടത്. പ്രഖ്യാപിക്കാനുള്ള സർക്കാരിന്റെ നയം രൂപപ്പെടുത്തുന്നത് രാഷ്ട്രീയ നേതൃത്വമാണ്. കേരളത്തെ സംബന്ധിച്ചാണെങ്കിൽ മുന്നണിയാകണം അവരുടെ നയം തീരുമാനിക്കുന്നത്. ഇപ്പോഴത്തെ ഭരണ നേതൃത്വത്തിന്റെ നയം തീരുമാനിക്കേണ്ടത് യു.ഡി.എഫ്. ഏകോപന സമിതിയാണ്. ഈ സഭയിൽ ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ അടിസ്ഥാനപരമായ നയ സമീപന കാര്യങ്ങൾ യു.ഡി.എഫ്. രൂപപ്പെടുത്തിയതല്ല. എന്നുമാത്രമല്ല, പാർലമെന്ററി ഡെമോക്രസി അനുശാസിക്കുന്നതുപോലെ സർക്കാരിന്റെ നയപ്രഖ്യാപനത്തിന് ആസ്പദമായ ദിശാബോധവും കാഴ്ചപ്പാടും എന്തായിരിക്കണം എന്നുപോലും യു.ഡി.എഫ്.-ൽ ചർച്ച ചെയ്തിട്ടില്ല. ഒരു

LIBRARY ARCHIVES Kerala Legislative Assembly

നയപ്രഖ്യാപന പ്രസംഗം ക്യാബിനറ്റ് അപ്രൂവ് ചെയ്യുന്നതാണ്. എനിക്ക് അതിൽ യാതൊരു സംശയവുമില്ല. ക്യാബിനറ്റ് സിസ്റ്റത്തിൽ അതേ പാടുള്ളൂ. പക്ഷേ ആ നയം എന്തായിരിക്കണം; ഇതിൽ എന്തെല്ലാം കാര്യങ്ങൾ ചേർക്കണം; 59 പേജുള്ള ഈ പ്രകടനപത്രികയിൽ വിട്ടുപോയിരിക്കുന്ന കാര്യങ്ങളിൽ ഏതിനൊക്കെയാണ് ഇനി പ്രാമുഖ്യം കൊടുക്കേണ്ടത് എന്നത് ചർച്ച ചെയ്യേണ്ടത് യു.ഡി.എഫിന്റെ സമിതിയിലാണ്. ആ യു.ഡി.എഫിന്റെ സമിതിയിൽ ഈ വിഷയം വന്നിട്ടില്ല. ഈ പ്രകടനപത്രികയിൽ തന്നെ രണ്ട്-മൂന്ന് കാര്യങ്ങൾ അന്ന് എടുത്തു പറഞ്ഞിരുന്നു. ഒന്ന്: സാമ്പത്തിക രംഗത്തെ കടബാദ്ധ്യതയെ സംബന്ധിച്ചാണ്. ഇരുപത്തിയേഴായിരം കോടി രൂപയുടെ കടത്തിലൂടെയും നാലായിരം കോടി രൂപയുടെ കമ്മിയിലൂടെയും വരും കാല ബാദ്ധ്യതകളായി വണ്ടിച്ചെക്കുകളിലൂടെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വരുത്തിവച്ച രൂക്ഷമായ സാമ്പത്തിക ബാദ്ധ്യതയിൽനിന്നും കേരളത്തെ എങ്ങനെ മോചിപ്പിക്കണമെന്നതിനെക്കുറിച്ച് ഞങ്ങൾ ഒരു ധവളപത്രം പുറപ്പെടുവിച്ചിരുന്നു, അതിന്റെ ഫോളോ അപ്പ് ആക്ഷൻ സംബന്ധിച്ച് അവസാനമായി ചെയ്യേണ്ട കാര്യങ്ങളുടെ ചുമതല ഈ ഗവൺമെന്റിന് ഉണ്ട് അതേക്കുറിച്ച് ഇതിൽ ഒന്നും പറയുന്നില്ല. ഇപ്പോൾ നാൽപ്പത്തിമൂവായിരം കോടി രൂപയോളം പൊതുകടം വന്നിട്ടുണ്ട്. അതുപോലെ ഏകദേശം ആറായിരം കോടിയോളം രൂപയുടെ കമ്മിയുമായി നിൽക്കുന്ന ഒരു സാഹചര്യമാണുള്ളത്. യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ വളരെ വിശദമായി പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട ഒരു സംഗതിയാണ് കുടുംബ സംഗമം. പ്രകടപത്രികയുടെ അവസാന ഭാഗത്ത്—ശ്രീ. ഹസ്സൻ ഇപ്പോൾ അവിടെയിരിപ്പുണ്ട്—ചാർട്ട് വരച്ച് എങ്ങനെയാണ് കുടുബസംഗമം നടപ്പിലാക്കേണ്ടതെന്ന് പറഞ്ഞിരിക്കുന്നു. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന ക്യാബിനറ്റ് അതിനുവേണ്ട നടപടികൾ സ്വീകരിച്ച് കുറേയേറെ കാര്യങ്ങൾ മുന്നോട്ടുനീക്കിയതാണ്. കുടുബസംഗമത്തിന്റെ അടിസ്ഥാനത്തിൽ അതിവിപുലമായ തൊഴിൽ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനായി കാർഷിക-വ്യാവസായിക മേഖലയിൽ സമ്പൂർണ്ണ വികസനം കൈവരിക്കാനുതകുന്ന നൂതനകർമ്മ പരിപാടിക്ക് യു.ഡി.എഫ്. രൂപം നൽകിയതാണ്. എന്നാൽ യു.ഡി.എഫ്. സർക്കാരിന്റെ ഈ അവസാന കാലഘട്ടത്തിലും അതേക്കുറിച്ച് ഒന്നും പറയുന്നില്ല. അതിന് ആരംഭം കുറിച്ചിട്ടുണ്ട്. അത് എങ്ങനെ മുന്നോട്ടു കൊണ്ടുപോകും എന്ന് പറയേണ്ടതുണ്ട്. ഒരു വർഷമാണ് ഇനി അവശേഷിക്കുന്നത്. അതുപോലെതന്നെ ഈ നയങ്ങൾ തീരുമാനിക്കുന്നതെങ്ങനെയാണ്? ഇവിടെ സംസ്ഥാന ലോട്ടറി നിരോധിക്കാനുള്ള തീരുമാനമെടുത്തു; ആരോടെങ്കിലും ആലോചിച്ചിരുന്നോ? ഇന്നലെ യു.ഡി.എഫ്. കൺവീനർ ടെലിവിഷനിൽക്കൂടി പറഞ്ഞത് ഞാൻ കേട്ടു; തിരുവനന്തപുരത്തെ നേതാക്കന്മാരെ ആരെയെങ്കിലും വിളിച്ച് ചോദിക്കാമായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. എന്നോട് പോലും ഇക്കാര്യം ടെലിഫോണിൽ സംസാരിച്ചിട്ടില്ല. കെ. പി. സി. സി. പ്രസിഡന്റിനോട് സംസാരിച്ചിട്ടില്ല. ഓൺ ലൈൻ ലോട്ടറി നിരോധിക്കണം. അത് ആവശ്യമാണ്. എലിയെ പേടിച്ച് ആരെങ്കിലും ഇല്ലം ചുടാറുണ്ടോ? അതല്ലേ ഇപ്പോൾ ഇവിടെ നടന്നിരിക്കുന്നത്? ലോട്ടറി നിരോധനത്തിന്റെ പേരിൽ എത്രയോ ലക്ഷം ആളുകൾ തൊഴിൽരഹിതരായി മാറി.

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫിനകത്ത്, കോൺഗ്രസിനടക്കം എല്ലാ കക്ഷികൾക്കും ഇക്കാര്യത്തിൽ, ഒരേ അഭിപ്രായമാണുള്ളത്. ഇത്രയും ഗുരുതരമായ ഒരു വിഷയം യു.ഡി.എഫ്.-ൽ ചർച്ച ചെയ്യാതെ ഏകപക്ഷീയമായി ഒരു തീരുമാനം എടുത്താൽ ബാക്കിയുള്ളവർ ഇതു കണ്ണുമടച്ചുനിന്ന് അംഗീകരിച്ചുകൊള്ളണമെന്ന് പറഞ്ഞാൽ സാധിക്കുമോ? ഞങ്ങളുമൊക്കെ യുഡി.എഫിന്റെ ഭാഗം തന്നെയല്ലേ? ഞാൻ കരുതിയത് ഞങ്ങളോട് മാത്രമാണ് ചോദിക്കാത്തതെന്നാണ്. പക്ഷേ ഞാൻ ഒട്ടേറെ നേതാക്കന്മാരുമായി, ലീഗിന്റെ നേതാക്കന്മാരുമായി സമ്പർക്കം പുലർത്തി. പക്ഷേ ഇക്കാര്യത്തെക്കുറിച്ച് ആരോടും കൺസൾട്ട് ചെയ്തിട്ടില്ല എന്നാണ് അറിഞ്ഞത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ തുടർച്ചയാണ് ഈ ഗവൺമെന്റെന്ന് പറയുന്നുണ്ടല്ലോ? അങ്ങനെയെങ്കിൽ ഈ ഗവൺമെന്റ് ഓരോ കാര്യങ്ങൾ ചെയ്യുമ്പോഴും ആ ഗവൺമെന്റിന്റെ നയമെന്തായിരുന്നു എന്നു നോക്കാനുള്ള ചുമതലയില്ലേ? ഈ സർക്കാർ വന്നതിനുശേഷം മദ്യനയം പ്രഖ്യാപിച്ചു. ആരോടെങ്കിലും ആലോചിച്ചോ? ഇപ്പോഴത്തെ കാബിനറ്റിന്റെ സ്ഥിതി എനിക്കറിയില്ല. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ കാബിനറ്റിൽ ഞാൻ രണ്ടു പ്രാവശ്യം മന്ത്രിയായിരുന്നു. നയപരമായ ഒരു കാര്യവും അദ്ദേഹം കാബിനറ്റ് അറിയാതെ, അല്ലെങ്കിൽ കാബിനറ്റിന് പുറത്ത് മറ്റുള്ള നേതാക്കളുമായി കൺസൾട്ട് ചെയ്യേണ്ടതാണെങ്കിൽ അവരുമായി കൺസൾട്ട് ചെയ്യാതെ തീരുമാനിച്ചിട്ടില്ല. ഇപ്പോഴുള്ള മന്ത്രിസഭയിലേയും അദ്ദേഹത്തിന്റെ മന്ത്രിസഭയിലേയും ചില അംഗങ്ങൾ പറഞ്ഞു, പല കാര്യങ്ങളിലും ചർച്ചപോലുമില്ലെന്ന്. എനിക്കറിയില്ല എന്താണിതിന്റെ കാര്യമെന്ന്. ശ്രീ. എ. കെ. ആന്റണി അധികാരത്തിലിരുന്നപ്പോൾ ബന്ധപ്പെട്ട ഓരോരുത്തരോടും ചോദിക്കും, നിങ്ങൾക്ക് ഈ വിഷയത്തിൽ എന്താണ് പറയാനുള്ളത്? എന്താണ് അഭിപ്രായം? അങ്ങനെയെടുക്കുന്ന തീരുമാനങ്ങൾ ചിലപ്പോൾ പൂർണ്ണമായും എല്ലാപേർക്കും ഉൾക്കൊള്ളാൻ കഴിയുന്നതായിരുന്നില്ലായിരിക്കാം. പക്ഷേ, ഒരു ചർച്ചയിലൂടെയും ഒരു കൂട്ടായ്മയിലൂടെയും—അത് ഉണ്ടെങ്കിൽ—ഏത് കാര്യത്തിനേയും ഓൺ ചെയ്യാൻ നമുക്ക് സാധിക്കും. ഇപ്പോൾ അത് ഇവിടെ നടക്കുന്നുണ്ടോ? അതുപോലെ പബ്ലിക് സർവീസ് കമ്മീഷനിൽ അംഗങ്ങളെ നിയമിച്ചു. ആരോട് ചോദിച്ചു? ഇപ്പോൾ ഇവിടെ ശ്രീ. മത്തായി പാക്കോ വായിക്കുന്നത് കേട്ടില്ലേ—ഒരു വ്യക്തിയെക്കുറിച്ച്! ഹൈക്കോടതിയിൽ കിടക്കുകയാണ് കേസ്. പി.എസ്.സി.-യിലെ അംഗസംഖ്യ 18 ആയി ഉയർത്തി. യു.ഡി.എഫ്:-ന്റെ ഏതെങ്കിലും ഫോറത്തിൽ ഇക്കാര്യം ചർച്ച ചെയ്തോ? ഒരു തീരുമാനം എടുക്കുമ്പോൾ, അത് എങ്ങനെയായിരിക്കണം; പി.എസ്.സി. ആണെങ്കിൽ അവിടെ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണം. ഇതൊക്കെ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതല്ലേ? 18 അംഗ പി.എസ്.സി. എന്നു പറയുന്നത് ഒരു ജംബോ പി.എസ്.സി. ആണ്. ഇക്കാര്യം നാട്ടിൽ മുഴുവനും പാട്ടായി. യു.ഡി.എഫ്.-ന് എതിരെയുള്ള ആക്ഷേപമായി അത് മാറിയിരിക്കുന്നു. ഈ ആക്ഷേപം ഉയരുമ്പോൾ ഇതിന് മറുപടി പറയേണ്ട ഞങ്ങളൊക്കെ എന്ത് പറയണം. ആരോട് ചോദിച്ചിട്ട് ഇത് ചെയ്തു? ഇത് ചർച്ച ചെയ്യേണ്ട ഫോറങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്യണ്ടേ? .....(ബഹളം).....ഞാൻ ഇവിടെ പറഞ്ഞുവന്ന കാര്യം, ഒരു മുന്നണി സംവിധാനത്തിൽ സാമാന്യമായി പുലർത്തേണ്ട ചില മര്യാദകളുണ്ട്. ഇതൊരു കൂട്ടുകക്ഷി ഗവൺമെന്റല്ലേ? ഒരു കൂട്ടുകക്ഷി ഗവൺമെന്റിൽ ഭരണത്തിന് നേതൃത്വം കൊടുക്കുന്നവർക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം കാണുമായിരിക്കും. ബംഗാളിലും, ത്രിപുരയിലും സി.പി.എം.-ന് ഒറ്റക്ക് ഭൂരിപക്ഷമുണ്ട്. എങ്കിലും അവരവിടെ എല്ലാ ഘടക കക്ഷികളേയും ഉൾപ്പെടുത്തിത്തന്നെയാണ് കാബിനറ്റുമായി മുന്നോട്ട് പോകുന്നത്. ഇവിടെ കഴിഞ്ഞ ജൂൺ മാസം ഒന്നാം തീയതി യു.ഡി.എഫ്.-ന്റെ ഒരു ഏകോപന സമിതി കൂടി. വളരെ വലിയൊരു പരാജയം ഞങ്ങൾക്ക് പാർലമെന്റ് തെരഞ്ഞെടുപ്പിൽ നേരിടേണ്ടി വന്നു. അതിന്റെ ധാർമ്മിക ഉത്തരവാദിത്വം ശ്രീ. എ. കെ. ആന്റണി ഏറ്റെടുക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ആ ധാർമ്മിക ഉത്തരവാദിത്വം ഞങ്ങൾക്കുമുണ്ട്. അദ്ദേഹം ആ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് രാജി സമർപ്പിച്ചു. പിന്നെ യു.ഡി.എഫ്. കൂടിയത് നവംബർ രണ്ടാം തീയതിയാണ്. നവംബർ രണ്ടാം തീയതി യു.ഡി.എഫ്. കൂടുമ്പോൾ പഴയ യു.ഡി.എഫ്. അല്ലല്ലോ? ആകെ മാറിയില്ലേ? ചെയർമാനായിരുന്ന ശ്രീ. എ. കെ. ആന്റണി മാറി. കൺവീനറായിരുന്ന ശ്രീ. ഉമ്മൻചാണ്ടി ചെയർമാനായി. ആ സാഹചര്യത്തിലാണ് ഞങ്ങൾ കൂടുന്നത്. ഐക്യജനാധിപത്യ മുന്നണിയുടെ ഘടന എന്തായിരിക്കണം? ഒരു മുന്നണിയെ സംബന്ധിച്ചിടത്തോളം, ഒരു മുന്നണി തെരഞ്ഞെടുപ്പിൽ മൽസരിക്കുമ്പോൾ ആ മുന്നണിയിൽ ആരൊക്കെ ഘടക കക്ഷികളാണ്, അവർക്കെല്ലാം ഭരണത്തിൽ പങ്കാളിത്തമുണ്ട്. എന്നെ മന്ത്രിസ്ഥാനത്തുനിന്നും മാറ്റിയതുകൊണ്ട് ഞാൻ പറയുന്നതല്ല. കേരളത്തിൽ ഇ.എം.എസ്. 1967-ലെ മുന്നണിയിൽ അവലമ്പിച്ച സമീപനം, അതിനുശേഷം കേരളത്തിൽ മാറിമാറി വന്ന എല്ലാ സർക്കാരുകളും ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റുകളിലെ മുന്നണി സംവിധാനത്തിലും, കേന്ദ്രത്തിൽ വന്ന വാജ്പേയി ഗവൺമെന്റിലും ഇപ്പോഴത്തെ മൻമോഹൻ സിംഗ് ഗവൺമെന്റിലും അനുവർത്തിച്ച സമീപനമാണിത്. എന്റെ കണ്ടുപിടിത്തമല്ല ഇത്. ഇവിടെ അതുണ്ടായിട്ടില്ല. ആരോട് ചോദിച്ചിട്ടാണ് ഈ കീഴ്വഴക്കം ലംഘിച്ചത്? ഇതിനെക്കുറിച്ച് മറുപടിയുണ്ടോ? കാബിനറ്റ് നയപ്രഖ്യാപനം അംഗീകരിച്ചു. ഞാൻ പറഞ്ഞല്ലോ, കാബിനറ്റാണ് നയപ്രഖ്യാപനം അംഗീകരിക്കേണ്ടത്. കാബിനറ്റിൽ എല്ലാ ഘടക കക്ഷികൾക്കും പ്രാതിനിധ്യമുണ്ടോ? പിന്നെ എങ്ങനെയാണ് ഘടക കക്ഷികളുടെ അഭിപ്രായം തേടുന്നത്? ഈ സാഹചര്യത്തിൽ ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യേണ്ട ഫോറമെന്ന് പറയുന്നത് യു.ഡി.എഫ്.-ന്റെ കാബിനറ്റ് സമിതിയാണ്. അവിടെ ഇക്കാര്യം ചർച്ച ചെയ്തില്ല. അങ്ങനെ ചർച്ച ചെയ്യാതെ നയപ്രഖ്യാപനം വന്നു. ഈ നയം ഞങ്ങളും കൂടി അംഗീകരിച്ചതല്ല. യഥാർത്ഥത്തിൽ യു.ഡി.എഫ്.-ന്റെ പ്രകടന പത്രികയിലെ നയപരമായ കാര്യങ്ങൾ എഴുതിയുണ്ടാക്കിയ രണ്ടുപേർ ജീവനോടെ ഇവിടെ ഇരിപ്പുണ്ട്. ഞാനും ശ്രീ. എം. എം. ഹസ്സനും. ഈ പ്രകടനപത്രികയുടെ ഉത്തരവാദിത്വം ഞങ്ങൾക്കുമുണ്ട്. ആ പ്രകടനപത്രിക നടപ്പിലാക്കാൻ കഴിയാത്ത ഒരു അവസ്ഥയിൽ നമ്മൾ എത്തിയിരിക്കുന്നു. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് മുന്നണി സംവിധാനത്തിൽ ഉണ്ടായിരുന്ന ഇന്നത്തെ പോരായ്മയ്ക്ക് കേരളത്തിലെ ജനങ്ങളോട് മറുപടി പറയേണ്ടതായിട്ട് വരും. എല്ലാ കാര്യങ്ങളിലും കൂട്ടായ്മ വേണ്ടേ? ഭൂരിപക്ഷം കൂടുകയോ കുറയുകയോ ചെയ്യാം. കേരള രാഷ്ട്രീയം നമ്മൾ ഒരുപാട് കണ്ടതല്ലേ? ഇവിടെ ഏകകക്ഷി ഭരണം വളരെ നല്ലതാണ്. പക്ഷേ, കേരളത്തിലോ ഇൻഡ്യയിലോ ഇനി ഏകകക്ഷി ഭരണത്തിന് സാധ്യതയുണ്ടോ? ഇല്ല. ഇൻഡ്യയിലെ എല്ലാ പ്രമുഖ രാഷ്ട്രീയ കക്ഷികളും ഇക്കാര്യം പറയുന്നുണ്ട്. ഇപ്പോൾ അവിടെ ഏറ്റവും പ്രബലമായ സി.പി.ഐ. (എം.)-ഉം കോൺഗ്രസ് പാർട്ടിയും ഒറ്റയ്ക്ക് മൽസരിക്കുന്നുണ്ടോ? ഇല്ലല്ലോ. രണ്ട് പാർട്ടികളും മുന്നണിയുണ്ടാക്കിയാണ് മൽസരിക്കുന്നത്. ഇപ്പോൾത്തന്നെ നയപ്രഖ്യാപന പ്രസംഗം ഇവിടെ നടക്കുമ്പോൾ കുറേയാളുകൾ നിശ്ശബ്ദരായിരിക്കുകയാണ്. എന്തായാലും കുറേ കാര്യങ്ങൾ പറയാതെ പോകുന്നത് ശരിയല്ല എന്നുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം പറയാൻ തയ്യാറായത്. നയങ്ങൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ അതിനെക്കുറിച്ച് കുറേയെങ്കിലും ചിന്തിക്കേണ്ടത് ആവശ്യമായിരുന്നു. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, ഒരു മുന്നണി സംവിധാനത്തിൽ നമ്മൾ അനുവർത്തിക്കേണ്ട സാമാന്യമായ ചില മര്യാദകളുണ്ട്. ഇപ്പോൾ ശ്രീ. പ്രതാപൻ സംസാരിച്ചപ്പോൾ ശ്രീ. എ. കെ. ആന്റണിയെക്കുറിച്ച് പറയുകയുണ്ടായി. അദ്ദേഹം കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവാണ്. അദ്ദേഹത്തോട് എനിക്ക് ബഹുമാനവും ആദരവുമുണ്ട്. അവിടെ ഇരിക്കുന്ന ആളുകളോടുമുണ്ട്. ഞാൻ കോൺഗ്രസ്സ് പാർട്ടിക്കെതിരല്ല. പക്ഷേ, ആ കാര്യം പറയുമ്പോൾ, ഒരു കാര്യം ചിന്തിക്കണം; ശ്രീ. എ. കെ. ആന്റണിയെ ഈ സ്ഥാനത്തുനിന്നും മാറാൻ പ്രേരിപ്പിച്ചതെന്താണ്? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉണ്ടായ പരാജയമല്ലേ? പാർലമെന്റ് തെരഞ്ഞെടുപ്പിൽ നമുക്കുണ്ടായ ദയനീയ പരാജയം ചെറുതല്ലല്ലോ? അത് നമ്മളെല്ലാപേരും തുറന്ന് സമ്മതിച്ചിരിക്കുന്നു. ഈ പ്രകടന പത്രികയിൽ വിശ്വസിച്ച് അഞ്ചുൾപ്പെടെ, ഞാനുൾപ്പെടെ 99 പേരെയാണ് ഈ നിയമ സഭയിലേക്ക് കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുത്തയച്ചത്. ഈ പ്രകടന പത്രിക നടപ്പിലാക്കുമെന്ന് പറഞ്ഞുകൊണ്ടാണ് നമ്മൾ സ്ഥാനം ഏറ്റെടുത്തത്. 99 സീറ്റ് കിട്ടി. നമ്മൾ വീണ്ടും തെരഞ്ഞെടുപ്പിലേക്ക് പോയി—വടക്കാഞ്ചേരിയിൽ. അവിടെ നമുക്ക് ജയിക്കാൻ കഴിഞ്ഞോ? അവിടെ പരാജയപ്പെട്ടു. 1967-ൽ ഇടതുപക്ഷത്തിനനുകൂലമായി കാറ്റു വീശിയപ്പോഴും പനമ്പിള്ളി ഗോവിന്ദമേനോനെ പാർലമെന്റിലേയ്ക്കെത്തിക്കാൻ അന്നത്തെ കോൺഗ്രസ്സ് പാർട്ടിക്ക് കഴിഞ്ഞു. ഇന്ന് കോൺഗ്രസ്സിന്റെ ഒരു മെമ്പർപോലും അവിടെയില്ല. അതിന്റെ ധാർമ്മിക ഉത്തരവാദിത്വം ശ്രീ. എ. കെ. ആന്റണി ഏറ്റെടുത്തു. ശ്രീ. ഉമ്മൻ ചാണ്ടി ഈ സ്ഥാനവുമായി മുമ്പോട്ടുപോകുമ്പോൾ അടുത്ത ഇലക്ഷൻ വരുമ്പോൾ 99 സീറ്റ് 100 സീറ്റാകണ്ടേ? കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിലുണ്ടായ പരാജയം ഇനി നമുക്ക് ഉണ്ടാകാൻ പാടില്ല. അതിനു വേണമെങ്കിൽ എല്ലാപേരേയും സഹകരിപ്പിക്കാൻ ശ്രമിക്കണം. ഭൂരിപക്ഷം കോൺഗ്രസ് പാർട്ടി അംഗങ്ങളും ഇവിടെയുണ്ട്. ഞാൻ ഒന്നു ചോദിക്കട്ടെ, ഈ മുന്നണിയുടെ അംഗസംഖ്യ 74 ആയിരുന്നെങ്കിൽ ഏതെങ്കിലും ഒരു ഘടകകക്ഷിയെ ഒഴിവാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് പാർട്ടി തയ്യാറാകുമായിരുന്നോ? ഞാൻ പറയുന്നു ഇല്ല എന്ന്. അപ്പോൾ ഇവിടെ ഭൂരിപക്ഷമാണ് പ്രശ്നം. ഭൂരിപക്ഷമെന്ന് പറയുന്നത് എല്ലാപേരുടേയും സംഭാവനയാണ്. അത് ചെറുതായിരിക്കും, വലുതായിരിക്കും. 'അണ്ണാൻ കുഞ്ഞും തന്നാലായത്'. ഇല്ലെങ്കിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് ഇടതുപക്ഷ ഭരണം ഇവിടെ നടക്കുമ്പോൾ ഞാൻ ഇവിടെ ഇരുന്ന് സംസാരിച്ച ആളാണ്. എനിക്ക് മാർക്സിസ്റ്റ് പാർട്ടിയോട് അന്ധമായ വിരോധമൊന്നുമില്ല. ഞാൻ ഒരു മുന്നണിയിൽ നിന്നുകൊണ്ട് ആ മുന്നണിയുടെ നേട്ടങ്ങൾക്കുവേണ്ടി പോരാടുന്ന ആളാണ്. .....(ബഹളം).....ഞാൻ സഭയിലല്ലേ പറയുന്നത്? അന്നിവിടെ യു.ഡി.എഫ്.-നു വേണ്ടി തന്നെയാണ് സംസാരിച്ചത് യു.ഡി.എഫ്.-നു വേണ്ടി തന്നെയാണ് സമരം നടത്തിയത്. എന്നെ ശ്രീ. എം. എം. ഹസ്സനാണ് ചുമതലപ്പെടുത്തിയത്. സമരത്തിന്റെ ഉത്തരവാദിത്വം ഭംഗിയായി ചെയ്തില്ലേ? ശ്രീ. ഹസ്സൻ അവിടെയുണ്ട്. ചോദിച്ചുനോക്കണം. തിരുവനന്തപുരത്തായിരുന്നു ആസ്ഥാനം. 19 ദിവസം നീണ്ടുനിന്ന സമരം. നന്ദി പ്രമേയം ശ്രീ. എം. എം. ഹസ്സനാണ് അവതരിപ്പിച്ചത്. അദ്ദേഹം അദ്ദേഹത്തിന്റെ ജോലി ചെയ്തു. ഞാൻ നന്ദി പ്രമേയത്തെക്കുറിച്ചാണ് സംസാരിച്ചത്. ഞങ്ങളാരും ഞങ്ങളുടെ ജോലി ചെയ്യുന്നതിൽ വിമുഖത കാണിക്കുന്നില്ല. ഞാൻ ഇവിടെ പറഞ്ഞുവന്നത്, ഇങ്ങനെയൊരു സംവിധാനത്തിൽ സാമാന്യമായ നീതിയൊക്കെ പുലർത്തണ്ടേ? ഈ മുന്നണി ഇതോടുകൂടി ശിഥിലമാകണമെന്ന് ചില ആളുകൾക്ക് ആഗ്രഹമുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലെ എല്ലാ ആളുകൾക്കും ആ ആഗ്രഹമുണ്ടെന്ന് ഞാൻ പറയില്ല. അങ്ങനെ പറയാൻ ഞാൻ തയ്യാറുമല്ല. മുസ്ലീം ലീഗിന് ആഗ്രഹമുണ്ടെന്ന് പറയാനും ഞാൻ തയ്യാറല്ല. ഇനി ഒരു കാലത്തും ഐക്യജനാധിപത്യ മുന്നണി ജയിച്ച് ഇവിടെ അധികാരത്തിൽ വരരുത് എന്ന് ആഗ്രഹിക്കുന്ന ആളുകൾ ഇവിടെയുണ്ട്. അവിടെയാണ് പ്രശ്നം. ഒരു മുന്നണി സംവിധാനത്തിൽ പുലർത്തേണ്ട സാമാന്യ നീതിയൊക്കെ പുലർത്താൻ ബന്ധപ്പെട്ടവർ തയ്യാറാകണം. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിമാരോട് ഒരു അപേക്ഷയുള്ളത്, നമ്മുടെ പ്രകടന പത്രികയിൽ ഇനിയും കുറേ കാര്യങ്ങൾ നടപ്പാക്കാനുണ്ട്. അവിടെയിരിക്കുന്ന മന്ത്രിമാർ കാര്യങ്ങൾ നടത്താൻ പ്രാപ്തരല്ല എന്നു ഞാൻ പറയുന്നില്ല. ഇതിനകത്ത് അവശേഷിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ നിങ്ങൾ തയ്യാറാകണം.

<u>ശ്രീ. മത്തായി ചാക്കോ:</u> അങ്ങയുടെ പ്രസംഗം കേട്ടപ്പോൾ യു.ഡി.എഫ്.-ൽ വലിയ ശ്വാസംമുട്ട് അനുഭവപ്പെടുന്നതായി തോന്നുന്നുണ്ടോ?

<u>ശ്രീ. ടി.എം. ജേക്കബ്:</u> എനിക്ക് ഒരു ശ്വാസം മുട്ടലും ഇല്ല.

<u>ശ്രീ. പി. സി. ജോർജ്ജ്:</u> ശ്രീ. ടി. എം. ജേക്കബ്ബിന്റെ പ്രസംഗം വളരെ വേദനയോടുകൂടിയാണ് ഞാൻ ഇവിടെ കേട്ടുകൊണ്ടിരുന്നത്. അദ്ദേഹത്തിന് യു.ഡി.എഫ്.-ലുണ്ടായ തിക്താനുഭവങ്ങളും യു.ഡി.എഫ്.-ന്റെ ഇന്നത്തെ നിലയും വളരെ സ്പഷ്ടമായി അദ്ദേഹം ഇവിടെ വിശദീകരിച്ചിരിക്കുകയാണ്. അതിൽ സത്യസന്ധമായി പറയേണ്ട ഒരു കാര്യമുണ്ട്. അങ്ങയോട് ഈ ക്രൂരത കാണിച്ചത് ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. കെ. എം. മാണി, ശ്രീ. കുഞ്ഞാലിക്കുട്ടി എന്നിവർ ചേർന്ന ഒരു കോക്കസല്ലേ? ആ സത്യം കൂടി തുറന്നുപറയണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ്: ശ്രീ. ജോർജ്ജ് ആലോചിക്കുന്നത് പോലുള്ള മറുപടി പറയാൻ പറ്റുമോ? അസത്യമായ ഒരു കാര്യവും ഞാൻ പഞ്ഞിട്ടില്ല. ഈ സഭാവേദിയിൽ ഇത് പറയേണ്ടത് ആവശ്യമാണ്. കാരണം ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഒരു ഭാഗത്ത് ആറാം ഖണ്ഡികയിൽ തന്നെയാണ് ശ്രീ. എ. കെ. ആന്റണിയെക്കുറിച്ചും അദ്ദേഹത്തിന്റെ ഗവൺമെന്റിനെക്കുറിച്ചുമുള്ള പരാമർശം വന്നത്. തീർച്ചയായിട്ടും ഞങ്ങൾക്കതിൽ അങ്ങേയറ്റം സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ഇരുന്ന ഒരു വ്യക്തി എന്ന നിലയിൽ അദ്ദേഹത്തിന് എല്ലാ നിലയിലുമുള്ള അംഗീകാരം കൊടുക്കുമ്പോൾ അതിന്റെ ചെറിയ ഒരു അംശത്തിന് ഞാനും അർഹനാണ്. അതുകൊണ്ട് അക്കാര്യത്തിൽ നന്ദിയുണ്ട്. ഘടകകക്ഷികളുടെ സമഭാവനയും സഹവർത്തിത്വവുമാണ് യു.ഡി.എഫ്.-ന്റെ നയവും ശക്തിയും. ഇതിനുമുമ്പുള്ള എല്ലാ യു.ഡി.എഫ്. സർക്കാരുകളും നയപരമായ തീരുമാനങ്ങളിൽ ഘടകകക്ഷികളെ പങ്കാളികളാക്കുകയും അവരെ വിശ്വാസത്തിലെടുക്കുകയും ചെയ്തിരുന്നു. ഇതിനുമുമ്പുള്ള എല്ലാ നയപ്രഖ്യാപനങ്ങൾക്കും പ്രേരകമായ നയം അങ്ങനെ ചർച്ച ചെയ്ത് രൂപപ്പെടുത്തിയതാണ്. ഇപ്പോഴാകട്ടെ തികച്ചും ഏകപക്ഷീയമായ നയമാണ് പ്രഖ്യാപിച്ചത്. അതാണ് ഈ നയപ്രഖ്യാപനത്തിന്റെ പ്രത്യേകത എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും, കള്ളം പറഞ്ഞാൽ കറന്റും പോകും. ഇന്നലെ ശ്രീ. എം. എം. ഹസ്സൻ കള്ളം പറഞ്ഞ് അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ അതിശക്തമായി എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ഈ ഗവൺമെന്റിന്റെ ഭരണത്തിൻ കീഴിൽ കയർത്തൊഴിലാളികൾ കയറിലും കശുവണ്ടി തൊഴിലാളികൾ കശുമാവിലും കൈത്തറി തൊഴിലാളികൾ മുണ്ടിലും ജീവിതം ഒടുക്കേണ്ടുന്ന ഗതികേടിലാണ്. 48 ലക്ഷത്തോളം വരുന്ന യുവതീയുവാക്കൾ തെരുവോരങ്ങളിൽ കിടന്ന് സമരം ചെയ്യുന്ന രീതിയിലേയ്ക്കാണ് കേരളം മാറിക്കൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്.-ന്റെ എം.പി.-മാർ കേന്ദ്രത്തിൽ സമരം ചെയ്ത് വാങ്ങിച്ച 50 കോടി രൂപ കയറ്റുമതിക്കാരുടെ സൊസൈറ്റിയുണ്ടാക്കി അവരെ ഏൽപ്പിച്ചിരിക്കുകയാണ്. 535 പ്രൈമറി കയർ വ്യവസായ സഹകരണ സംഘങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലമായി അടഞ്ഞു കിടക്കുകയാണ്. അതിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഭരിക്കുന്ന കയർ സഹകരണ സംഘങ്ങളുണ്ട്. ആ സംഘങ്ങളെ സഹായിക്കുന്നതിനുവേണ്ടി ഒരു തുക പോലും മാറ്റിവയ്ക്കാത്ത ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. കേരളത്തിലെ സകല ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും എൽ.ഡി.എഫ്. അംഗങ്ങളാണ്. അവർ രാവിലെ 10 മണി മുതൽ തിരുവനന്തപുരം സെക്രട്ടേറിയറ്റ് നടയിൽ ഉപവാസം അനുഷ്ഠിക്കുകയാണ്. അതിന്റെ കാരണമെന്ന് പറയുന്നത്, അനുവദിച്ച ഫണ്ട് വെട്ടിക്കുറച്ചുകൊണ്ട് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ ഫലമായി 40 ശതമാനത്തോളം പദ്ധതി നടപ്പിലാക്കുവാൻ ഒരൊറ്റ പഞ്ചായത്തിനും കഴിയുന്നില്ല. അതുകൊണ്ട് വെട്ടിക്കുറച്ച തുക വകമാറ്റുന്നതിന് വേണ്ടിയുള്ള നടപടിയിൽനിന്നും

ഗവൺമെന്റിന്റെ നയം മാറ്റണമെന്നാണ് എനിക്ക് ഈ അവസരത്തിൻ സൂചിപ്പിക്കാനുള്ളത്. സുനാമിയെക്കുറിച്ച് വളരെ സുതാര്യമായ ചില അഭിപ്രായങ്ങൾ പറയേണ്ടതായി വരുന്നു. അങ്ങാടിയിൽ തോറ്റതിന് അമ്മയോടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കഴിഞ്ഞ ദിവസം കരുനാഗപ്പള്ളി എം.എൽ.എ. ശ്രീ. രാജൻ ബാബു പ്രസംഗിച്ചപ്പോൾ പറഞ്ഞ ചില കാര്യങ്ങൾ ഞാൻ ഇവിടെ എടുത്തുപറയാൻ ആഗ്രഹിക്കുന്നു. സുനാമിയുടെ ദുരന്തഫലം ഏറ്റവും കൂടുതൽ ഏറ്റുവാങ്ങിയ ഒരു ജില്ലയാണ് കൊല്ലം. ആ സംഭവം 26-ാം തീയതി നടക്കുമ്പോൾ വിദൂരത്തായ ഞാനും ശ്രീ. സുപാലും, അതുപോലെ തന്നെ തൃശ്ശൂർ ജില്ലയിലുള്ള ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. കെ. രാധാകൃഷ്ണൻ, കൊല്ലം ജില്ലയിലെ എം. പി.-മാരായിട്ടുള്ള ശ്രീ. രാജേന്ദ്രൻ, ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, ശ്രീ. ചെങ്ങറ സുരേന്ദ്രൻ, ശ്രീ. എ. എ. അസീസ് അടക്കമുള്ള ജനനേതാക്കന്മാർ അവിടെ ഓടിയെത്തി. 24 മണിക്കൂറിനുള്ളിൽ നിന്നുകൊണ്ടുതന്നെ അതിനുവേണ്ട എല്ലാ സഹായവും ചെയ്യാൻ ഇടതുപക്ഷ എം.എൽ.എ.-മാരും എം.പി.-മാരും അവർക്കറിയാവുന്നവിധം ശ്രമിക്കുകയുണ്ടായി. കരുനാഗപ്പള്ളി എം.എൽ.എ.-യെ അന്ന് അവിടെ കണ്ടില്ല. പല ജനകീയ വിഷയങ്ങളിൽനിന്നും കരുനാഗപ്പള്ളി എം.എൽ.എ. ഒളിച്ചോടുന്നു. അതിന്റെ ഫലമായി ആ ദുരന്തപ്രദേശത്ത് എത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. കരുനാഗപ്പള്ളി ആശുപത്രിയിൽ വന്ന് പടമെടുത്ത് പോകുന്ന രീതിയിലാണ് കരുനാഗപ്പള്ളി എം.എൽ.എ.-യും മറ്റ് യു.ഡി.എഫ്.-ലെ മന്ത്രിമാരും വന്നത്. കൊല്ലം ജില്ലയിലെ സുനാമി പ്രദേശത്ത് 5 മന്ത്രിമാർക്ക് ചാർജ് കൊടുത്തു. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പല ഘട്ടങ്ങളിലായി അവിടെ വന്നു. ബാക്കി 4 മന്ത്രിമാർ ആരൊക്കെയാണെന്നും എന്തൊക്കെയാണ് അവിടെ വികസന പ്രവർത്തനങ്ങൾ നടത്തിയതെന്നും അറിയാൻ കഴിയുന്നില്ല. മുഖ്യമന്ത്രി എന്റെ സാന്നിദ്ധ്യത്തിൽ പറഞ്ഞു, ഒരു മണിക്കൂറിനുള്ളിൽ നേവിയുടേയും പട്ടാളത്തിന്റേയും സേവനം ലഭ്യമാക്കുമെന്ന്. ഒരു മണിക്കൂറല്ല 24 മണിക്കൂർ കഴിഞ്ഞിട്ടും നേവിയുടെയോ പട്ടാളത്തിന്റെയോ സേവനം സുനാമി പ്രദേശമായ അഴീക്കലിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ല. അങ്ങനെയൊരു ഗതികേടാണ് ഈ ഭരണത്തിൽനിന്നും ഉണ്ടായിട്ടുള്ളത്. അങ്ങാടിയിൽ തോറ്റതിന് അമ്മയോടാണ് ഇവർ കളിക്കുന്നത്. ശ്രീ. രാജൻ ബാബു പല ജനകീയ വിഷയങ്ങളിലും ബന്ധപ്പെടുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ അതിശക്തമായിട്ടുള്ള ഒരു സമരം നടന്നു. അന്ന് ശ്രീ. രാജൻ ബാബു ഉണ്ടായിരുന്നില്ല. അന്ന് ഞാനും ശ്രീ. രാജേന്ദ്രനും അടക്കമുള്ള ജനനേതാക്കന്മാരായിരുന്നു അവിടെയുണ്ടായിരുന്നത്. 67 മൃതദേഹങ്ങൾ ചെറിയ അഴീക്കലിൽ സംസ്ക്കരിച്ചപ്പോൾ, സംസ്ക്കാരം നടന്നതിന് ശേഷം അന്നത്തെ കരുനാഗപ്പള്ളി ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റിന്റെ കറുത്ത ഗ്ലാസുള്ള ഇൻഡിക്ക കാറിൽ ശ്രീ. രാജൻ ബാബു, എം.എൽ.എ. ഒളിച്ചോടി. ഒരു ചെറുപ്പക്കാരൻ ആ കാഴ്ച കണ്ടു. അങ്ങനെ അവർ കാർ തടഞ്ഞുനിർത്തി. ഒന്നര മണിക്കൂറോളം ശ്രീ. രാജൻ ബാബുവിനെ തടഞ്ഞുനിർത്തി. ജനകീയ വിഷയങ്ങളിൽ നിന്നും ശ്രീ. രാജൻബാബു ഓടുന്നു. അതിന് ഞങ്ങളെ കുറ്റം പറഞ്ഞിട്ട് എന്താണ് കാര്യം? ഇടതുപക്ഷ എം.എൽ.എ.-മാരല്ല ശ്രീ. രാജൻ ബാബുവിനെപ്പറ്റി പറഞ്ഞത്. ഞങ്ങൾക്ക് അതിന്റെ ഒരു കാര്യവുമില്ല. അതുകൊണ്ട് ബഹുമാന്യനായ രാജൻ ബാബുവിനോട്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് സൂചിപ്പിക്കുവാനുള്ളത്, കരുനാഗപ്പള്ളിയിലെ എം. എൽ. എ. ആണെങ്കിൽ അവിടുത്തെ ജനങ്ങളുടെ കാര്യങ്ങൾ നോക്കാൻ നിങ്ങൾ ഇനിയെങ്കിലും ശ്രദ്ധിക്കണം. ഞാൻ അദ്ദേഹത്തെ കുറ്റം പറയുന്നില്ല. 40 ജൂനിയർ വക്കീലൻമാരുടെ സീനിയറായ ശ്രീ. രാജൻ ബാബുവിന് ജനങ്ങളെ സേവിക്കാൻ സമയമില്ല. ഹൈക്കോടതിയിൽ കേസ് വാദിക്കാനാണ് സമയം. അദ്ദേഹം ജനകീയ വിഷയങ്ങളിൽ പങ്കെടുക്കാൻ അദ്ദേഹത്തിന്റെ പാർട്ടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘമായിട്ടുള്ള ഒരു പ്രസംഗത്തിലേയ്ക്ക് കടക്കുന്നില്ല. ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. കെ. സി ജോസഫ്: സർ, ബഹുമാന്യനായ ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ഉത്തമതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വ്യക്തമായ ഒരു നയമോ നിർദ്ദേശമോ ഗവർണ്ണറുടെ പ്രസംഗത്തിലില്ല. ഇത്ര നിർജ്ജീവമായ ഒരു പ്രംസംഗം അടുത്തകാലത്തൊന്നും കേരള നിയമസഭ കേട്ടിട്ടില്ല. ഇന്നലെ ശ്രീ. കെ.സി. ജോസഫ് തൊട്ട് പ്രൊഫസർ കെ. വി. തോമസ് അടക്കമുള്ളവർ കൃഷിമേഖലയിൽ ഉണ്ടായിട്ടുള്ള സമ്പത്ത് വ്യവസ്ഥയിലെ വളർച്ചയെസംബന്ധിച്ച് പറഞ്ഞ് അഭിമാനം കൊള്ളുകയുണ്ടായി. റബ്ബറിന് വില വർദ്ധനവുണ്ടായി, മറ്റുള്ള വയ്ക്ക് വില വർദ്ധനവുണ്ടായി എന്നൊക്കെ പറഞ്ഞു. റബ്ബറിന്റെ വില വർദ്ധനവ് ആഗോളാടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള മാർക്കറ്റ് വിലയുടെ പ്രതിഫലനമാണ്. മറ്റുള്ള എല്ലാ മേഖലയിലും വില ഇടിഞ്ഞുകൊണ്ടിരിക്കുന്നു. നെൽക്കർഷകരാകട്ടെ, കുരുമുളക് കർഷകരാകട്ടെ, അടയ്ക്കാ കർഷകരാകട്ടെ എല്ലാ മേഖലയിലേയും കൃഷിക്കാർ ഇന്നുതകർന്നു കൊണ്ടിരിക്കുന്നു. അവരെ രക്ഷിക്കാൻ ചില പദ്ധിപാടികൾ പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ അത് നടപ്പിലാക്കാൻ കഴിയുന്നുണ്ടോ? മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതി നടപ്പിലാക്കുമെന്നു പറയുന്നു; പക്ഷേ നടപ്പിലാകുമോ. അടയ്ക്കാ സംഭരിക്കാൻ തുടങ്ങിയോ? കുരുമുളക് സംഭരിക്കാൻ തുടങ്ങിയോ? നെല്ല് സംഭരണം കൃഷി നടന്ന പാലക്കാട്ടോ തൃശ്ശൂരോ നടന്നോ? കുരുമുളക് സംഭരിക്കാൻ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ? നിശ്ചിത വലിപ്പത്തിൽ കുറഞ്ഞ കുരുമുളക് സംഭരിക്കുകയില്ല. ഒരു വള്ളിയിൽ നിന്ന് 400 ഗ്രാമിൽ കൂടുതൽ സംഭരിക്കയില്ല എന്നൊക്കെയുള്ള മാനദണ്ഡങ്ങൾ വച്ച് സംഭരണം അപ്രായോഗികമാക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. പണ്ട് ഒരു വിവാഹാലോചനയ്ക്ക് ചെന്ന അവസരത്തിൽ സ്ത്രീധനത്തെക്കുറിച്ച് പറഞ്ഞപ്പോൾ പറഞ്ഞു, ഇത്ര രൂപയും പവനും നൽകും എന്ന്. അപ്പോൾ വരന്റെ പാർട്ടിക്കാർ അതിൽ കൂടുതൽ ആവശ്യപ്പെടുകയും, ഈ പറഞ്ഞതല്ലാതെ ഒന്നും തരികയില്ല എന്ന് വധുവിന്റെ അച്ഛൻ പറയുകയും ചെയ്തു. വിവാഹത്തിനുശേഷം ഈ സാധനങ്ങളും ഉണ്ടായിരുന്ന ആഭരണങ്ങളുമൊക്കെ എടുത്തുകൊണ്ടുപോയി. ആൾക്കാർ ചോദിച്ചു നിങ്ങൾ എന്താണ് ഈ കാണിക്കുന്നത് എന്ന്. അപ്പോൾ വധുവിന്റെ അച്ഛൻ പറഞ്ഞു, അന്നു തന്നെ ഞാൻ പറഞ്ഞില്ലേ ഈ പറഞ്ഞതല്ലാതെ ഒന്നും തരുകയില്ലയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയുകമാത്രമേയുള്ളൂ; ചെയ്യുകയില്ല. ഇതാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ നയം. ഓരോ കാര്യങ്ങൾക്കും വാഗ്ദാനങ്ങൾ നൽകും. കഴിഞ്ഞ നാല് വർഷമായി നടത്തിയ നയപ്രഖ്യാപന പത്രികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ? യു.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് പറഞ്ഞ ഒരു വാഗ്ദാനവും കഴിഞ്ഞ നാലുവർഷംകൊണ്ട് നടപ്പിലാക്കാൻ ശ്രമിച്ചിട്ടില്ല. കർഷകരെ രക്ഷിക്കുവാനുള്ള കാർഷിക ഇൻഷ്വറൻസ് പദ്ധതി, നെല്ലിന് വച്ചിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയവയുടെ പ്രീമിയം തുക ഗവൺമെന്റ് അടയ്ക്കാത്തതുകൊണ്ടും കഴിഞ്ഞ വർഷത്തെ വരൾച്ച കൊണ്ടും ഉപ്പുവെള്ളം കയറി കൃഷി നശിച്ചതുകൊണ്ടും കൃഷിക്കാർക്ക് ഇൻഷ്വറൻസിന്റെ ആനുകൂല്യം കിട്ടാതിരിക്കുന്നു. ബഡ്ജറ്റിൽ തുക ഇല്ല. കൃഷി വകുപ്പിന് മാർക്കറ്റിംഗ് ഇന്റർവെൻഷൻ നടത്തിയതിന് കഴിഞ്ഞ വർഷം നെല്ല് സംഭരിച്ച സഹകരണ സംഘങ്ങൾക്ക് കൊടുക്കാനുള്ള ഹാന്റ്ലിംഗ് ചാർജ് 7 കോടി രൂപയിലേറെ കുടിശ്ശികയായതുകൊണ്ട് ഈ തവണ സംഭരണം നടക്കുവാൻ കഴിയാത്ത സ്ഥിതിയിലേയ്ക്ക് വന്നിരിക്കുന്നു. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെ ഫലമായി ആകെ 4 വർഷം ഉണ്ടായിട്ടുള്ള വളർച്ച പൊതു കടത്തിന്റെ വളർച്ചയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്തും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും ഇവിടെ അവതരിപ്പിച്ച വൈറ്റ് പേപ്പർ സാമ്പത്തിക നിലയെക്കുറിച്ച് പറഞ്ഞത് പൊതുകടം 13,000 കോടി രൂപ നായനാർ ഗവൺമെന്റ് വർദ്ധിപ്പിച്ചു; 10,000 കോടി രൂപ എന്നുള്ളത് 23,000 കോടി രൂപയായി വർദ്ധിപ്പിച്ചു എന്നൊക്കെയാണ്. ഈ നാല് വർഷം കൊണ്ട് പൊതുകടം 48,000 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ എല്ലാ കാലഘട്ടത്തിലുംകൂടി എല്ലാ ഗവൺമെന്റുകളും ഉണ്ടാക്കിയ പൊതുകടത്തെക്കാൾ കൂടുതൽ തുക കഴിഞ്ഞ 4 വർഷം കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റുണ്ടാക്കി ഈ സംസ്ഥാനത്തെ കടത്തിന്റെ അഗാധതയിലേയ്ക്ക് തള്ളിയിട്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെ മുന്നോട്ട് പോകുകയാണ്. ഈ സ്ഥിതിയിൽ ഈ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒന്നും നടക്കാൻ പോകുന്നില്ല. ഈ സംസ്ഥാനത്തെ അഭിവൃദ്ധിയിലേയ്ക്ക് നയിക്കാൻ കഴിയാത്ത ഒരു പ്രസംഗമാണ് നടത്തിയിരിക്കുന്നത്. അതുകൊണ്ടു തന്നെ ഈ നന്ദി പ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

<u>ശ്രീ. എം. എ. വാഹീദ്:</u> സർ, ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഈ നന്ദി പ്രമേയത്തെ പ്രതിപക്ഷം കാണുന്നത് കുരുടൻ ആനയെ കണ്ടതുപോലെയാണ്. വളരെയെറെ ലക്ഷ്യബോധമുള്ളതും അതിശക്തമായി മുന്നോട്ടുകുതിക്കുന്നതിന് ഉതകുന്നവിധത്തിലുമുള്ള ഒരു നയമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. ഇതൊന്നും കണ്ടില്ല എന്നു നടിക്കുന്ന നയമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. ഈ നയപ്രഖ്യാപനപ്രസംഗം കണ്ണുള്ളവർ കാണട്ടെ, കാതുള്ളവർ കേൾക്കട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾക്ക് നാന്ദി കുറിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

100 ദിവസ കർമ്മ പരിപാടി കടന്നു പോയിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ രണ്ട് പ്രധാന പരിപാടികൾക്കാണ് തുടക്കം കുറിച്ചത്. ഒന്ന് എന്റെ നിയോജക മണ്ഡലത്തിലെ ചെമ്പഴന്തിയിലെ ശ്രീനാരായണ പഠനകേന്ദ്രത്തിന്റെ പ്രവർത്തനത്തിന് ആരംഭം കുറിച്ചു എന്നതാണ്. രണ്ടാമത്തേത് 10-30 വർഷക്കാലമായി പഴക്കമുള്ളതും സ്വന്തമായി കെട്ടിടം ഇല്ലാതിരുന്നതുമായ വനിത ഐ.ടി.ഐ.-ക്ക് ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തി എന്നുള്ളതാണ്. അങ്ങനെ ഓരോന്നോരോന്നായി പോവുകയാണ്. ഇതൊന്നും പ്രതിപക്ഷത്തിന്റെ കണ്ണിൽ കാണുന്നില്ല എന്നതാണ് എനിക്ക് പറയാനുള്ളത്. കേരളം അതിവേഗം മുന്നോട്ട് എന്നാണ് ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ മുദ്രാവാക്യം. 'സുതാര്യ കേരളം' അതിന് മാതൃകയായി മുന്നോട്ടു വന്നു. കർഷകർക്കായി മാർക്കറ്റിംഗ് ബിൽ, കാർഷിക വിളകൾക്ക് വില ഉറപ്പു വരുത്താൻ മാർക്കറ്റ് ഇന്റർവെൻഷൻ സ്ക്കീം; കടബാധ്യതയിൽപ്പെട്ട കർഷകരെ രക്ഷിക്കാൻ റിസ്ക്ക് ഫണ്ട്; വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണ അവകാശം കൊടുത്തുകൊണ്ട് സ്വയംഭരണ സ്ഥാപനങ്ങളാക്കി മാറ്റുക; ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുക; മത്സ്യബന്ധന മേഖലയിൽ സ്മാർട്ട് കാർഡ് സമ്പ്രദായം നിലവിൽ വരുന്നു; ഉപഭോക്താക്കൾക്കായി ഉപഭോക്തൃ ക്ഷേമ നിധി; ഹാബിറ്റാറ്റ് ഫോറസ്ട്രി പ്രോജക്ട്; മൈക്രോ സംരംഭങ്ങൾ തുടങ്ങിയ ഒട്ടനവധി കാര്യങ്ങൾ ഉണ്ട്. ആരോഗ്യ മേഖലയിൽ ഇന്റഗ്രേറ്റഡ് ഡിസീസ് സർവ്വേയിംഗ് പ്രോഗ്രാം, തൊഴിൽ മേഖലയിൽ ഫ്ളോർ ലെവൽ മിനിമം വേജസ് നടപ്പിലാക്കാനുള്ള പരിപാടി അങ്ങനെ ധാരാളം പരിപാടികൾ ഈ നയ പ്രഖ്യാപന പ്രസംഗത്തിലൂടെ കേരള സർക്കാർ മുന്നോട്ട് വച്ചിരിക്കുന്നു. ഇതൊന്നും കണ്ടില്ല എന്നു നടിക്കുന്ന ഒരു നയമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്, കണ്ണുള്ള കേരളത്തിലെ ജനങ്ങൾ ഇതുകാണും, മനസ്സിലാക്കും, അതിന് അനുസരണമായ ഒരു പ്രവർത്തനത്തിന് ഇച്ഛാശക്തിയുള്ള യു.ഡി.എഫ്. സർക്കാർ നേതൃത്വം നൽകും എന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ നാല് വർഷമായി കേരളം അഭിമുഖീകരിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളുടെ നടുവിലാണ് കേരളം മുന്നോട്ട് പോകുന്നത്. മറ്റ് ഒരു സർക്കാരിനും കേരളം ഉണ്ടായതിനുശേഷം നേരിടേണ്ടിവന്നിട്ടില്ലാത്ത പ്രശ്നങ്ങൾ ഈ സർക്കാരിന് നേരിടേണ്ടി വന്നിട്ടുണ്ട്. മാറി മാറി പ്രകൃതി ദുരന്തങ്ങൾ ഓരോ വർഷവും ഉണ്ടായിക്കൊണ്ടിരുന്നു. വരൾച്ച കൊണ്ട് സാമ്പത്തിക കാർഷിക നഷ്ടങ്ങൾ ഉണ്ടായി. പ്രകൃതി ക്ഷോഭംമൂലവും ഉരുൾപൊട്ടൽമൂലവും നഷ്ടങ്ങൾ ഉണ്ടായി. ഏറ്റവും അവസാനം സുനാമി എന്ന പ്രതിഭാസത്തിലൂടെ രാക്ഷസത്തിരമാലകൾ ഈ കൊച്ച് കേരളത്തെ തളർത്തി. കടുത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായിരുന്നപ്പോൾ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ആ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ഇത്തരം പ്രകൃതി ദുരന്തങ്ങൾ നേരിട്ടുകൊണ്ട് കേരളത്തിലെ ജനങ്ങളെ സഹായിക്കാനുള്ള പുതിയ പദ്ധതികൾക്ക് രൂപം നൽകി. ഈ സാഹചര്യത്തിലാണ് 'കേരളം അതിവേഗം മുന്നോട്ട്' എന്ന മുദ്രാവാക്യവുമായി കേരളത്തിന്റെ മുഖ്യമന്ത്രി വന്നത്. കേരളത്തിൽ വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു വർഷം കൊണ്ട് ഒട്ടനവധി മാറ്റങ്ങൾ വ്യാവസായിക രംഗത്തും കാർഷിക രംഗത്തും തൊഴിൽ രംഗത്തും ഉണ്ടാക്കാൻ കഴിയും. വ്യാവസായിക രംഗത്ത് നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുവാൻ, കഴിഞ്ഞ നാല് വർഷമായി നടത്തിയ ശ്രമങ്ങൾ ഇപ്പോൾ ഫലപ്രാപ്തിയിൽ എത്തുകയാണ്. ഒരുപാട് വിദേശസംരംഭകർ ഉൾപ്പെടെയുള്ള നിക്ഷേപകർ കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു. അതിനെ ചെറുക്കുന്നതിനുവണ്ടി പ്രതിപക്ഷം ദൈനംദിനം നിരന്തരം സമരങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. ആ സമരങ്ങൾ കൊണ്ട് കേരളത്തിലെ തൊഴിൽ രഹിതരായ ലക്ഷോപലക്ഷം വരുന്ന ജനങ്ങളുടെ പ്രതീക്ഷയാണ് അസ്തമിക്കാൻ പോകുന്നത്. തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം തുറമുഖം ലക്ഷക്കണക്കിന് ആൾക്കാർക്ക് തൊഴിൽ സാധ്യതയുണ്ടാക്കും. അതുപോലെതന്നെ അന്താരാഷ്ട്ര ടെർമിനൽ, സ്മാർട്ട് സിറ്റി തുടങ്ങിയവ ലക്ഷക്കണക്കിന് ആൾക്കാർക്ക് തൊഴിൽ സാധ്യത ഉളവാക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഇന്നലത്തെ പ്രസംഗം അതിനെയും തുരങ്കം വയ്ക്കുന്നതാണ്. എന്തെങ്കിലും സൗകര്യം കൊടുക്കാതെ ഒരു വ്യവസായിയും കേരളത്തിലേയ്ക്ക് വരികയില്ല. വ്യവസായം തുടങ്ങുന്നതിന് സൗജന്യമായി സ്ഥലം കൊടുക്കരുതെന്നു പറഞ്ഞുകൊണ്ട് സമരത്തിലേയ്ക്ക് പ്രതിപക്ഷം ഇറങ്ങുന്ന ഒരു സ്ഥിതിയാണുള്ളത്. ലക്ഷോപലക്ഷം വരുന്ന തൊഴിൽരഹിതരായ ചെറുപ്പക്കാരുടെ അവസരം നിക്ഷേധിക്കുന്ന രീതിയിലുള്ള പ്രതിപക്ഷത്തിന്റെ ഈ നയം കേരളത്തെ കൊടും പട്ടിണിയിലേയ്ക്ക് നയിക്കുമെന്നുള്ളതുകൊണ്ട് ദിശാബോധത്തോടുകൂടിയും വളരെ ഇച്ഛാശക്തിയോടുകൂടിയും മുന്നോട്ട്പോകുന്ന കേരളത്തിലെ യു.ഡി.എഫ്. സർക്കാരിന്റെ ഉമ്മൻചാണ്ടി സർക്കാരിന്റെ നയം വ്യക്തമാക്കുന്ന ഈ നയപ്രഖ്യാപന പ്രസംഗത്തെയും അതിന് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തേയും ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ശ്രീ. ആർ. എൽ. ഭാട്ടിയ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാനപ്പെട്ട എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. പ്രതിപക്ഷം ഈ നയപ്രഖ്യാപനത്തേയും നന്ദിപ്രമേയത്തേയും എതിർക്കുന്നത് എന്തിന്റെ പേരിലാണ്? പ്രതിപക്ഷം 'എതിർപ്പ്' ഒരു മുഖമുദ്രയാക്കിയിരിക്കുന്നു. മലയാളസാഹിത്യകാരനായ കേശവദേവ് തന്റെ ആത്മകഥയ്ക്ക് പേരിട്ടത് 'എതിർപ്പ്' എന്നായിരുന്നു. ഇവിടെ പ്രതിപക്ഷത്തുള്ള ആരെങ്കിലും ആത്മകഥ എഴുതുകയാണെങ്കിൽ അതിന് എതിർപ്പ് എന്ന് പേരിടുമെന്ന് ഞാൻ കരുതുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ വന്നതിനെയാണോ എതിർക്കുന്നത്? ഞങ്ങളുടെ മക്കൾ പഠിച്ചില്ലായെങ്കിലും നിങ്ങളുടെ മക്കൾക്ക് അതിൽ കയറി പഠിച്ചുകൂടേ? 200 കെ. എസ്. ആർ. ടി. സി. ബസ്സ് വാങ്ങിയതിനെയാണോ എതിർക്കുന്നത്? നിങ്ങൾ സമരം ചെയ്യുമ്പോൾ കല്ലെറിയാൻ ഇവിടെ ബസ്സ് വേണ്ടേ? ആരോഗ്യ രംഗത്ത് ആശുപത്രി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെയാണോ എതിർക്കുന്നത്? നിങ്ങളുടെ അനുയായികൾക്ക് ചികിത്സ കിട്ടണ്ടേ? നിങ്ങൾക്ക് അമേരിക്കയിലും ലണ്ടനിലും പോയി ചികിത്സിക്കാമല്ലോ. പി. എസ്. സി. ഇരുപതിനായിരം പേർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നിയമനം നൽകിയതിനെയാണോ എതിർക്കുന്നത്? എൻ. ജി. ഒ. യൂണിയൻ മെമ്പർഷിപ്പ് വേണ്ടേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി നടത്തിയതിനെയാണോ എതിർക്കുന്നത്? 'സുതാര്യ കേരളം' എന്ന പരിപാടിയെയാണോ എതിർക്കുന്നത്? നെല്ല്, അടയ്ക്ക, കാപ്പി, കുരുമുളക് എന്നീ കർഷകരെ രക്ഷിക്കാൻ മാർക്കറ്റ് ഇന്റർവെൻഷൻ സ്കീം തുടങ്ങിയതിനെയാണോ എതിർക്കുന്നത്? 5.14 ലക്ഷം പേർക്ക് വൺടൈം സെറ്റിൽമെന്റ് പ്രകാരം 143 കോടി രൂപയുടെ കടം ഇളവ് ചെയ്തതിനെയാണോ എതിർക്കുന്നത്? വിള ഇൻഷ്വറൻസ് പദ്ധതിയെയാണോ; ഈ രാജ്യത്തെ 25,000 പാവപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനെയാണോ; പ്രവാസികൾക്കുള്ള പദ്ധതികളെയാണോ; പത്താം പദ്ധതിയിൽ എല്ലാം കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ കൊടുക്കുമെന്ന പ്രഖ്യാപനത്തെയാണോ എതിർക്കുന്നത്? ശ്രീ. വി. എസ്. അച്ചുതാനന്ദനും അപ്പുറത്തുള്ള മറ്റ് പലരും ഇവിടെ പ്രസംഗിച്ചു. ശ്രീ. വി. എസ്. പ്രസംഗത്തിൽ നിരാശാജനകം 'ചുക്ക്', 'വിദ്വാൻ', 'നുണ' 'വാലുംപൊക്കി ഓടുക', 'മാണിയുടെ ഗുണ്ടകൾ' മുതലായ അനേകം പദ പ്രയോഗങ്ങൾ നടത്തി. ഇവരുടെ പ്രസംഗം കേട്ടപ്പോൾ എബ്രഹാം ലിങ്കൺ ഒരു പാതിരിയുടെ പ്രസംഗം കേട്ടിട്ട് പറഞ്ഞതാണ് എനിക്ക് ഓർമ്മവരുന്നത്. പാതിരിയുടെ പ്രസംഗം കേട്ടിട്ട് ലിങ്കൺ പറഞ്ഞു. "നിങ്ങൾ രണ്ട് മണിക്കൂർ പ്രസംഗിച്ചത് എന്റെ വീട്ടിലുള്ള ഒരു പുസ്തകത്തിലുണ്ട്" എന്ന്. പാതിരി പറഞ്ഞു "ആ പുസ്തകം ഒന്നു കാണണമെന്ന്". അപ്പോൾ എബ്രഹാം ലിങ്കൺ തന്റെ വീട്ടിലുണ്ടായിരുന്ന രണ്ടായിരം പേജുകളുള്ള ഇംഗ്ലീഷ് ഡിക്ഷണറിയെടുത്ത് പാതിരിക്ക് കൊടുത്തു. ശ്രീ. എ. കെ. ആന്റണി ഗവൺമെന്റ് വന്നതിനുശേഷം ഞങ്ങൾക്കു നേരെ പ്രയോഗിക്കാൻ മാർക്സിസ്റ്റ് പാർട്ടി തയ്യാറാക്കിയ അശ്ലീല പദ നിഘണ്ടുവിലെ വാക്കുകളല്ലാതെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റുള്ളവരും പറഞ്ഞതിൽ വ്യത്യസ്തമായിട്ടുള്ളത് എന്താണെന്ന് നിങ്ങൾ വ്യക്തമാക്കണം. എനിക്ക് ഇതിൽ അത്ഭുതമില്ല നിങ്ങൾക്ക് ഇങ്ങനെയേ പറയാൻ കഴിയൂ. മനുഷ്യനായാലും പാർട്ടിയായാലും ശീലങ്ങൾ മാറ്റാൻ പറ്റില്ല. പണ്ട് അമ്പതുകൊല്ലം ആധാരമെഴുതിയ ഒരുത്തനെ ഹോട്ടലിലെ കണക്കെഴുതാൻ നിർത്തി. അഞ്ച് രൂപയ്ക്ക് ഒരാൾ ചായ കടം കുടിച്ചപ്പോൾ അവൻ, "വെള്ളായണ്ടേരി അംശം, വെളിയന്നൂർ ദേശം, വലിയപറമ്പത്ത് ജോസഫ് മകൻ വർക്കി സ്വന്തം ഗൃഹരേണം വയസ് നാൽപ്പത് ചായ പറ്റ് അഞ്ച് രൂപ" എന്ന് കണക്കെഴുതി. നിങ്ങൾക്ക് ആ ശീലങ്ങൾ മാറ്റാൻ കഴിയില്ല. കൃഷ്ണപിള്ളയും എൻ. സി. ശേഖറും കെ. ദാമോദരനും എ. കെ.ജി.യും കെ. പി. ആർ. ഗോപാലനും ഒക്കെ ചേർന്ന് പിണറായിയിലെ പാറപ്പുറത്ത് രൂപം കൊടുത്ത ഒരു പാർട്ടി നിങ്ങൾ തന്നെ ലിക്വിഡേറ്റ് ചെയ്യാൻ പോവുകയാണ്. പാലോറമാതയെ തലയിലേറ്റിയ പാർട്ടി, പട്ടിണി പാവങ്ങളുടെ കുടിലുകളിൽ നട്ടപ്പാതിരായ്ക്ക് കയറിച്ചെന്ന് കഞ്ഞിയും കരിക്കാടിയും കുടിച്ച് വളർത്തിയെടുത്ത പാർട്ടി പാർലമെന്റിന്റെ എ. സി. റൂമിലിരുന്നാൽ തൊഴിലാളി വർഗ്ഗത്തെ താൻ മറക്കുമോ എന്ന് ഭയപ്പെട്ട് ആത്മകഥയിൽ അത് പരാമർശിച്ച പാവങ്ങളുടെ പടത്തലവനായ എ. കെ. ജി. വളർത്തിയ പാർട്ടി, ഏലംകുളം മനയ്ക്കലെ നാലുകെട്ടിന്റെ നടുമുറ്റത്ത് വേദമന്ത്രേതിഹാസങ്ങൾ കേട്ടു വളർന്ന നമ്പൂതിരി ബാലൻ, വിപ്ലവകാരികളുടെ നേതാവായി തന്റെ കുടുംബസ്വത്ത്

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ വിറ്റ് പാർട്ടിക്ക് കൊടുത്ത മഹാനായ ഇ.എം.എസ്. വളർത്തിയ പാർട്ടി ഇങ്ങിങ്ങായി കൊലചെയ്യപ്പെടുമ്പോൾ വെള്ളം ചോദിച്ചാൽ മൂത്രമൊഴിച്ച് കൊടുത്തതിന് അത് ചെയ്തവന്റെ മുഖത്ത് തുപ്പി ഇൻകിലാബ് വിളിച്ച കോട്ടാത്തല സുരേന്ദ്രൻ ഉൾപ്പെടെയുള്ള ആയിരക്കണക്കിന് രക്തസാക്ഷികളെ സംഭാവന ചെയ്ത പാർട്ടി, ചെങ്കൊടികളിലെ നക്ഷത്രം തുക്കിവിറ്റ് ഇന്ന് പഞ്ചനക്ഷത്ര ഹോട്ടലുകളിൽ അഭയം തേടുന്ന പാർട്ടിയായി അധഃപതിച്ചിരിക്കുന്നു. ഗതികേടേ നിന്റെ പേരാണോ മാർക്സിസ്റ്റ് പാർട്ടി എന്ന് ഞാൻ ചോദിക്കുകയാണ്. ഇൻഡ്യൻ പ്രധാനമന്ത്രിപോലും വിദേശ നിർമ്മിതകാർ ഉപയോഗിക്കാതെ അംബാസിഡർ കാർ ഉപയോഗിക്കുന്ന കാല ഘട്ടത്തിൽ നായനാർ മന്ത്രിസഭയിലെ മന്ത്രിമാർ ഉദാരവൽക്കരണത്തിന്റെ ഫലമായി ലഭിച്ച ആഡംബര കാറുകളിൽ സഞ്ചരിച്ചത് ഈ രാജ്യം കണ്ടതാണ്. പരുക്കൻ ഖദറിൽ കഞ്ഞിയും പശയും മുക്കി കീറിയത് തുന്നിക്കെട്ടി രാഷ്ട്രീയ പ്രവർത്തനം നടത്തിയ ആദ്യകാല സഖാക്കളുടെ ത്യാഗം തൂക്കി വിറ്റ് ലൂയിസ് ഫിലിപ്പിന്റേയും ആരോവിന്റേയും പോലുള്ള കമ്പനികളുടെ ആയിരങ്ങൾ വിലയുള്ള ഷർട്ടിട്ട് നടക്കുന്നു എന്ന് ഞങ്ങളല്ല ആക്ഷേപിച്ചത്; നിങ്ങളുടെ ജില്ലാ സമ്മേളനങ്ങളിലാണ്. ബൂർഷാ പാർട്ടികൾ എന്ന് നിങ്ങൾ ആരോപിക്കുന്ന ഞങ്ങളല്ല ആഡംബരത്തിലും ആഘോഷങ്ങളിലും മുമ്പിൽ കഴിഞ്ഞ നായനാർ മരണകാലത്ത് ആഡംബരം മുത്ത് ഉപയോഗിക്കുന്ന കൗപീനത്തിൽ പോലും കസവ് വച്ചവരാണ് നിങ്ങളെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അഞ്ച് വർഷം ഭരിച്ചപ്പോൾ സർക്കാർ ആശുപത്രികളിൽ മരുന്നുപോലും നൽകാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. പറഞ്ഞുപറഞ്ഞ് എന്തും പറയാമെന്നുള്ള പരുവത്തിലാണ് നിങ്ങൾ. സുനാമി വരുന്നത് നേരത്തെ പ്രവചിച്ചില്ല എന്നാണ് ശ്രീ. ബിനോയ് വിശ്വം പറഞ്ഞത്. അദ്ദേഹത്തിന്റെ അത്രയും ജ്ഞാനം മുഖ്യമന്ത്രിക്ക് ഇല്ലാതെപോയി. നിങ്ങൾക്ക് ഏഴരശ്ശനിയുടെ കാലമാണ്. ഏത് കാര്യത്തിലും രാഷ്ട്രീയം നിങ്ങൾ കാണും. പ്രതിപക്ഷത്താകുമ്പോൾ വെട്ടിനിരത്തുകയും ഭരണകാലത്ത് പറഞ്ഞ കാര്യങ്ങൾ വെട്ടിത്തിരുത്തുകയും ചെയ്യുക നിങ്ങളുടെ ജന്മസഭാവമാണ്. ഇത് തലയിലെഴുത്താണ്. കമുകറ പുരുഷോത്തമൻ പാടിയതു പോലെ "ചീകിയുമഴകായ് പോറ്റി വളർത്തിയ പുണ്യശിരസ്സേ" എന്ന് നിങ്ങളുടെ പ്രസംഗം കേൾക്കുമ്പോൾ എനിക്ക് പാടാൻ തോന്നുകയാണ്. ആദർശം പടുതിരി കത്തുന്ന ആധുനിക കാലത്ത് ശ്രീ. എ. കെ. ആന്റണിയുടെ നന്മ നിങ്ങൾ കണ്ടില്ല. നാൽപതു പേരുടെ ഫിക്സഡ് ഡെപ്പോസിറ്റുമായി അദ്ദേഹത്തെ പൊളിക്കാൻ കൂടു നിന്നവരാണ് നിങ്ങൾ. അങ്ങനെ കൂടുനിന്നവർ ഇപ്പോൾ നിങ്ങൾക്കു വേണ്ടി പ്രസംഗിച്ചതും ഈ സഭ കേട്ടു. ഇന്നു നിങ്ങളുടെ പാർട്ടിയുടെ സ്ഥിതി യെന്താണ്? കായ്ച്ച് നിൽക്കുന്ന തെങ്ങിനെയായാലും കുലച്ചുനിൽക്കുന്ന വാഴയെയായാലും ഉദിച്ചു നിൽക്കുന്ന സഖാക്കളെയായാലും നിങ്ങൾ വെട്ടിനിരത്തും. ഇപ്പോൾ മലപ്പുറത്താണ് യുദ്ധം വരാൻ പോകുന്നത്. പ്രതിപക്ഷ നേതാവിനോട് എനിക്ക് വളരെ ബഹുമാനമാണുള്ളത്. അദ്ദേഹത്തിന്റെ പ്രതികരണശേഷിയും പ്രതികാര ശേഷിയും അപാരമാണ്. പക്ഷേ പ്രതികാരശേഷി ചില പ്രത്യേക കാലങ്ങളിലാണ്. നീലക്കുറുഞ്ഞി പൂക്കും പോലെയാണ് അദ്ദേഹത്തിന്റെ പ്രതികാരം. 1992-ലെ നാലാം ലോകം 2004-ലാണ് ചോദ്യം ചെയ്യുന്നത്. 1996-ൽ നടന്ന സ്ത്രീ പീഡനങ്ങളോട്

LIBRARY ARCHIVES Kerala Legislative Assembly

അമേരിക്കയിൽ പെൺവാണിഭം നടക്കുന്നത് ചായ കുടിക്കുന്നതുപോലെയാണെന്നും പെണ്ണുള്ളിടത്ത് പെൺവാണിഭം ഉണ്ടാകുമെന്നും നായനാർ പറഞ്ഞപ്പോൾ എൽ.ഡി.എഫ്. കൺവീനറായിരുന്ന അദ്ദേഹം മൗനം പാലിച്ച് പ്രതികരിച്ചത് 2004-ൽ ആണ്. എനിക്ക് പ്രതിപക്ഷ നേതാവിനോട് ബഹുമാനമാണ്. അദ്ദേഹം വന്ദ്യവയോധികനാണ്. വിപ്ലവ പാരമ്പര്യമുണ്ട്. അദ്ദേഹം അദ്ദേഹത്തിന്റെ പാർട്ടിയുടെ ഭരണകാലത്തും പ്രതിപക്ഷത്തും ഏഷ്യൻ പെയിന്റിന്റെ പരസ്യംപോലെ 'മഴയത്തും വെയിലത്തും മാറാത്ത ഭംഗി' നിലനിർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തിന്റെ പാർട്ടി ഭരിക്കുന്ന പഞ്ചായത്തിൽ കൊക്കകോള വന്നപ്പോൾ അദ്ദേഹം കണ്ടില്ല. എ.ഡി.ബി. വന്നപ്പോൾ കണ്ടില്ല. പിന്നെ സമരം നടത്തി. ഇപ്പോൾ ശ്രീ. കൃഷ്ണദാസ് പറയുന്നു "വെള്ളം വിറ്റവർതന്നെ ഇപ്പോൾ അവിടെ സമരത്തിന് പുറപ്പെടുന്നു" എന്ന്. ശ്രീ വി. എസ്.-ന് എപ്പോഴും അഭിപ്രായം മാറും. ഏത് മലയിലും അദ്ദേഹം കയറും. ഏത് തീരവും അദ്ദേഹം കാണും. മുൾമേട്ടിലും മുൾപടർപ്പിലും അദ്ദേഹം ചെല്ലും. മുത്തങ്ങ, മതികെട്ടാൻമല, പൂയംകുട്ടി എല്ലായിടത്തും പോകും. അദ്ദേഹം ശബരിമല മാത്രം പോയില്ല. ശബരിമലയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയി. പക്ഷേ ശ്രീ. വി. എസ്. എവിടെപ്പോയാലും, കളി നന്നായാലും ഗോളടിക്കാൻ അദ്ദേഹത്തിന് പറ്റില്ല. കളി നന്നാവും പക്ഷേ ഗോളടിക്കാൻ അദ്ദേഹത്തിന് യോഗമില്ല. മൂന്ന് വർഷം മുമ്പ് ഞാൻ ഈ സഭയിലേയ്ക്ക് വന്ന നവാഗതനാണ്. പക്ഷേ ശ്രീ. എ. കെ. ആന്റണി അദ്ദേഹത്തിന്റെ മുറിയിലേയ്ക്ക് പോയാൽ ആ കസേരയിൽ നോക്കി പ്രതിപക്ഷനേതാവ് നെടുവീർപ്പിടുന്നത് അനേക തവണ ഞാൻ കണ്ടിട്ടുണ്ട്. ഞങ്ങളുടെ കുറ്റം അല്ലല്ലോ. കേരളത്തിലെ ജനങ്ങൾ തീരുമാനിച്ചതല്ലേ? പാലക്കാട്ടെ ചന്ദന ഫാക്ടറി, മലബാർ സിമന്റ്സ്, കോവളം ഹോട്ടൽ, താജ് ഗ്രൂപ്പ് ഇരുമ്പ് കമ്പനികൾ എല്ലാം അദ്ദേഹം സന്ദർശനം നടത്തും. പക്ഷേ ഓരോന്നും അവസാന നിമിഷത്തിൽ തിരുവിതാംകൂറിൽ ഗോലിയെന്നും ഞങ്ങളുടെ നാട്ടിൽ ഗോട്ടിയെന്നും പറയുന്ന കളിപോലെ അത് അടിച്ചയിടത്തുതന്നെ തിരിച്ചുവരും. പൊതുമുതൽ കൊള്ള ചെയ്യുന്ന ഒരുപാട് ചന്ദന ഫാക്ടറികൾ പാലക്കാട്ട് ഉണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

ശ്രീ. സുധാകരൻ ധനാഭ്യർത്ഥന നടത്തുന്നതിന്റെ തലേ ദിവസംവരെ

1.00 p.m.] അദ്ദേഹം ഇവിടെ ആക്രോശിച്ച് അത് പൂട്ടിക്കുമെന്നാണ് ഞാൻ കരുതിയത്. എന്നാൽ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞത് ഈ ചന്ദന ഫാക്ടറികൾ പോലെ സർക്കാർ ഫാക്ടറികൾ തുടങ്ങണമെന്നാണ്. ഞാൻ ആവശ്യപ്പെടുന്നത് ചന്ദന ഫാക്ടറികളെല്ലാം അടച്ചുപൂട്ടി മറയൂരിലുള്ള ചന്ദനത്തെ രക്ഷിക്കണമെന്നാണ്. ഇപ്പോൾ സ്മാർട്ട് സിറ്റിയെ ഭീഷണിപ്പെടുത്തുകയാണ്. താജ് ഗ്രൂപ്പിനെ ഭീഷണിപ്പെടുത്തി അവിടെപ്പോയി അദ്ദേഹം ഒരു നാടകം നടത്തി. ഞാനൊന്ന് ചോദിക്കട്ടെ, കോവളത്ത് ഹോട്ടൽ തുടങ്ങിയ ഗൾഫാർ മുഹമ്മദ് കൈരളി ചാനലിൽ പണം മുടക്കിയിട്ടില്ലേ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ വി. എസ്. അച്ചുതാനന്ദൻ അന്ന് എൽ.ഡി.എഫ്. കൺവീനറായിരുന്നില്ലേ? എന്തുകൊണ്ട് പ്രതിപക്ഷ നേതാവ് മിണ്ടിയില്ല. എന്നിട്ട് ലോട്ടറി നിരോധിച്ചതിൽ ദുരൂഹതയുണ്ട്; ഡിവൈ.എസ്.പി.-യെ നിയമിച്ചതിൽ ദുരൂഹതയുണ്ട് എന്നു പറയുന്നു. അപ്പുറത്തിരിക്കുന്ന ആളുകളിൽ അദ്ദേഹവും അദ്ദേഹത്തിന്റെ കുറച്ച്

LIBRARY ARCHIVES Kerala Legislative Assembly

അനുയായികളും മാത്രം പുണ്യവാളൻമാരും ഇപ്പുറത്തിരിക്കുന്നവർ കള്ളൻമാരും. ഞാൻ കൂടുതലൊന്നും പറയുന്നില്ല. എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട. മലപ്പുറത്ത് രണ്ടാമത് വാഗൺ ട്രാജഡി നടക്കാൻ പോകുകയാണ്. ആ വാഗൺ ട്രാജഡിയിൽ ഡോ. തോമസ് ഐസക്കും പെടുമോ. ശ്രീ. കോടിയേരി പെടുമോ എന്നൊന്നും അറിയില്ല. ശ്രീ. പാലൊളി നിലവിളിക്കുമോ എന്നും അറിയില്ല. ഒരുകാലത്ത് ശ്രീ. എം. എ. ബേബി ശ്രീ. V. S.-ന്റെ അമുൽ ബേബിയായിരുന്നു. അദ്ദേഹത്തിന്റെ ഗതിയും അറിഞ്ഞുകൂടാ. "കൊണ്ടു നടന്നതും നീയേ ചാപ്പ, കൊണ്ടുപോയി കൊല്ലിച്ചതും നീയേ ചാപ്പ" എന്ന് വടക്കൻ പാട്ടിൽ പാടിയിട്ടുണ്ട്. ഞാൻ അതിരു കവിഞ്ഞ ശുഭാപ്തി വിശ്വാസിയല്ല. പണ്ടൊരു ബാർബർ ഷാപ്പിൽ ഒരു തിരുമേനി മുടിവെട്ടാൻ പോയി. മുടി വെട്ടിക്കഴിഞ്ഞ് തിരുമേനിയോട് "എങ്ങനെയുണ്ട് മുടിവെട്ട്" എന്നു ചോദിച്ചു. അപ്പോൾ തിരുമേനി പറഞ്ഞു. "രണ്ട് നിശ്ചയവും, ഒരു സംശയവുണ്ട്" "മുടി മുഴുവൻ പോയില്ലെന്നുള്ളതും മുഖം മുറിഞ്ഞു എന്നുള്ളതും നിശ്ചയവും" "പക്ഷേ പ്രാണൻ പോയോ എന്ന് സംശയവുമാണ്". . എന്തായാലും ഒരു കാര്യം നിശ്ചയമാണ്, ശ്രീ. വി. എസ്.-ന് ഇഷ്ടമില്ലാത്തവരെ വെട്ടി നിരത്തും. ഇനിയിപ്പോൾ സംശയമുള്ളത് ശ്രീ. പിണറായി സെക്രട്ടറി ആകുമോ ഇല്ലയോ എന്നുള്ളതാണ്. കുഞ്ഞാലിയുടേയും ഇമ്പിച്ചി ബാവയുടേയും പടം വരച്ചു വയ്ക്കേണ്ട മാർക്സിസ്റ്റ് പാർട്ടി, മലപ്പുറത്ത് സൈനുദ്ദീൻ മഖ്ദൂമിന്റെയും ഉമ്മർ ഖാസിയുടേയും വാരിയംകുന്നത്ത് കുഞ്ഞഹമ്മദാജിയുടേയും, ആലി മുസലിയാരുടേയും പടം വരച്ചു വയ്ക്കുന്ന ഗതികേടിലാണ്. സി.പി.എം.-ന്റെ അവയിലബിൾ സെക്രട്ടേറിയറ്റ് ശ്രീ. V. S.-ന്റെ ഭാഷയിൽ അലവലാതി സെക്രട്ടേറിയറ്റ് ആണ് എന്നാണ് എല്ലാ ജില്ലാ സമ്മേളനങ്ങളിലും പറയുന്നത്. അവസാനം ലോട്ടറിയുടെ മേൽ കയറിപ്പിടിച്ചിരിക്കുകയാണ്. "കുശേ ദർഭേ ഞാങ്ങണേ മുട്ടിയ പക്ഷം വയ്ക്കോലേ" എന്നു പറഞ്ഞതുപോലെ എല്ലാം പരാജയപ്പെട്ടപ്പോൾ ഇപ്പോൾ ലോട്ടറി ഞാൻ ഒന്നേ പറയുന്നുള്ളു. ജിം-നെ നിങ്ങൾ നശിപ്പിച്ചു. നിങ്ങൾ ജിം-നെ എതിർത്തില്ലായിരുന്നെങ്കിൽ ശ്രീ. എ. കെ. ആന്റണിയുടേയും, ശ്രീ. കുഞ്ഞാലിക്കുട്ടിയുടേയും നേതൃത്വത്തിൽ കേരളത്തിന്റെ മുഖച്ഛായ മാറുമായിരുന്നു. ഇതിലുള്ളതെല്ലാം ഒന്നാംതരം നയപ്രഖ്യാപനങ്ങളാണ്, ഒന്നാംതരം നന്ദി പ്രമേയമാണ്. ഇതിൽ ഇല്ലാത്തത് മൈക്രോസ്കോപ്പ് വച്ച് കണ്ടുപിടിക്കുകയാണ്. പശുവിന് പാലുണ്ട് വാലില്ല എന്നു പറയുന്നതുപോലെയാണ് വിമർശനം. പാലുണ്ട് എന്നുള്ളതാണ് പ്രധാനം. അല്ലാതെ വാലില്ല എന്നുള്ളതല്ല. അതുകൊണ്ട് പാലിനെ കാണാൻ നിങ്ങൾക്ക് സാധിക്കണം. ഈ നാട് നിങ്ങൾ നശിപ്പിക്കരുത്. നിങ്ങൾ ചെകുത്താനെ കൂട്ടുപിടിച്ചും കോൺഗ്രസ്സിനെ ഇറക്കണം എന്നു പറഞ്ഞ് അവസാനം ഡൽഹിയിൽ ഞങ്ങളെ പിൻതുണയ്ക്കുകയാണ്. ചന്ദനക്കുറ്റിയിൽ ചാരിയാൽ ചന്ദനം നാറുമെന്നാണ് കേട്ടിട്ടുള്ളത്. അവിടെയുള്ള സഖ്യത്തിന്റെ മണം അൽപ്പമെങ്കിലും അവിടെ ഇല്ലാത്തതു കഷ്ടമാണ്. ഞങ്ങളെ പിൻതുണച്ചില്ലെങ്കിലും ദൈവത്തെയോർത്ത് നാട് നശിപ്പിക്കരുത്. ഒരുകാലത്ത് മാർക്സിസ്റ്റ് പാർട്ടി ജനകോടികളുടെ വിശ്വസ്ത സ്ഥാപനമെന്നാണ് പറഞ്ഞിരുന്നത്. അതിപ്പോൾ നിങ്ങൾ പറയുന്നില്ല. കൈരളിയിൽ അറ്റ്ലസ് രാമചന്ദ്രൻ ഇത് ധാരാളമായി പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

'ഞാൻ സഫലമീ യാത്ര' എന്ന കവിതയിൽ കക്കാട് പറഞ്ഞ വരികൾ ഉദ്ധരിക്കുന്നു. "കാലം ഇനിയും ഉരുളും വിഷു വരും, വർഷം വരും, തിരുവോണം വരും പിന്നെയോരോ തളിരിലും പൂ വരും, കായ് വരും, അപ്പോൾ ആരെന്നും എന്തെന്നും ആർക്കറിയാം. നമുക്ക് ഈ പൊഴിയാദ്രിയെ ശാന്തരായ് സൗമ്യരായ് എതിരേൽക്കാം. വരിക സഖി അരികത്തു ചേർന്ന് നിൽപ്പൂ പഴയൊരുമന്ത്രം സ്മരിക്കാം, അന്യോന്യം ഊന്നു വടികളായ് നില്ക്കാം. ഹാ സഫലമീ യാത്ര". ഈ കവിത പത്തു വട്ടം നിങ്ങൾ ചൊല്ലി പഠിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ചിലരുടെ പ്രസംഗം ഞാൻ കേട്ടു. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ഇവിടെ ചെയ്തു. അന്ന് പലരും ഈ മന്ത്രിസഭയുടെ ഒപ്പമിരുന്ന്, പ്രതിപക്ഷത്തിനെപ്പോലെ നിന്ന് വിമർശിച്ചു. ഇന്നും അങ്ങനെ ഈ ഗവൺമെന്റിന്റെയൊപ്പം നിന്ന് വിമർശിക്കാമെന്ന് ആരും കരുതേണ്ട. മഹാഭാരതത്തിൽ ഒരു കഥാപാത്രമുണ്ട് ശല്യർ. മാദ്രീ പുത്രന്മാരുടെ അമ്മാവനായ ശല്യർ വിധിവൈപരീത്യംകൊണ്ട്, കൗരവൻമാരുടെ സേനാധിപനായ വില്ലാളിവീരനായ കർണ്ണന്റെ തേരാളിയായി യുദ്ധത്തിനു പോകുമ്പോൾ ശല്യർ പ്രാർത്ഥിച്ചത് പാണ്ഡവൻമാർ ജയിക്കട്ടെ എന്നായിരുന്നു. രണ്ട് വള്ളത്തിൽ കാല് ചവിട്ടി യു.ഡി.എഫ്.-ൽ മുന്നോട്ട് പോകാൻ ഒരു ശല്യത്തെയും ഞങ്ങൾ അനുവദിക്കില്ല എന്ന് ഈ അവസരത്തിൽ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് യു.ഡി.എഫ്. യോഗമല്ല. ഇത് കേരള നിയമസഭയാണ്. അത് ഓർമ്മ വേണം. എന്റെ പാർട്ടിയുടെ ഉത്തരവാദിത്വപ്പെട്ട ഭാരവാഹിയെന്ന നിലയിൽ എനിക്ക് പരിമിതികളുണ്ട്. അതിനാൽ കൂടുതൽ പറയുന്നില്ല. യു.ഡി.എഫ്. ആണെങ്കിൽ യു.ഡി.എഫ്.-ന്റെ നയപ്രഖ്യാപനത്തെ പിൻതാങ്ങണം. കേരളത്തിന് പുതിയ ദിശാബോധം നൽകുന്നതിന് ശ്രീമാൻ എ. കെ. ആന്റണി 1957-ന് ശേഷം കേരളത്തെ ഒരുപാട് മാറ്റങ്ങൾക്ക് വിധേയമാക്കിക്കൊണ്ട് ഒരു നല്ല ഭരണമാണ് കാഴ്ചവെച്ചത്. രാഷ്ട്രീയ പക്ഷഭേദമില്ലാതെ അദ്ദേഹം നടപ്പിലാക്കിയ പോലീസ് നയത്തെപ്പോലും അംഗീകരിക്കുവാൻ നിങ്ങൾക്ക് സാധിച്ചില്ല എന്നുള്ളതാണ് വസ്തുത. ജനാധിപത്യത്തിന്റെ മഹനീയമായ മാതൃക ഉയർത്തിപ്പിടിച്ചുകൊണ്ട് ശ്രീ. എ. കെ. ആന്റണി സ്ഥാനം ഒഴിഞ്ഞപ്പോൾ നിങ്ങൾ മുതലക്കണ്ണീർ ഒഴുക്കുകയാണ്. ഈ നിയമസഭാ വേദിയിൽ അദ്ദേഹം ചെയ്ത ഏതെങ്കിലും നല്ല കാര്യത്തെക്കുറിച്ച് പ്രശംസിക്കാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? ശ്രീ. സഖറിയ പറഞ്ഞ ഒരു കാര്യം ഉദ്ധരിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. "ഒരുപക്ഷേ നമ്മുടെ വിനോദസഞ്ചാര വികസനത്തെയായിരിക്കും കമ്മ്യൂണിസം ഏറ്റവും അവസാനം സഹായിക്കുക, കാരണം കുറച്ചു വർഷങ്ങൾകൂടി കഴിഞ്ഞും കമ്മ്യൂണിസം അതിന്റെ ഇന്നത്തെ പൗരാണികാവസ്ഥയിൽ ഇവിടെയുണ്ടെങ്കിൽ ആയുർവ്വേദ വിനോദസഞ്ചാരത്തിന് വിദേശികൾ എത്തുംപോലെ കമ്മ്യൂണിസം കാണാൻ ലോകമൊട്ടാകെ നിന്ന് വിനോദസഞ്ചാരികളുടെ പ്രവാഹം ഉണ്ടാകാനിടയുണ്ടാകും. അങ്ങനെയായിരിക്കും അവസാനം കമ്മ്യൂണിസം നമ്മെ രക്ഷിക്കുക". അതുകൊണ്ട് മലയാളികളുടെ കമ്മ്യൂണിസത്തിന്റെ ജുറാസിക് പാർക്കിൽ ഉറക്കം നടിക്കുന്ന റിപ്പുവാൻ വിംഗിൾമാരാണ് കൂടുതലും. ഉറങ്ങുന്നവരെ ഉണർത്താം ഉറക്കം

LIBRARY ARCHIVES Kerala Legislative Assembly

നടിക്കുന്നവനേയോ?" നിങ്ങൾ ഉറക്കം നടിക്കുകയാണ്. ഞാനല്ല. പതിനായിരം പേർ പ്രസംഗിച്ചാലും നിങ്ങളുടെ ബധിര കർണ്ണങ്ങളിൽ ഇത് പതിക്കുകയില്ല. ഈ നയപ്രഖ്യാപനത്തിന് ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സി. കെ. നാണു: ഞാൻ ഈ നന്ദി പ്രമേയത്തെ എതിർക്കുന്നു. ഇവിടെ സുനാമി ദുരന്തം ഉണ്ടായ അവസരത്തിൽ കേരളത്തിലെ മുഴുവൻ എം. പി. മാരും ബഹുഭൂരിപക്ഷം എം.എൽ.എ. മാരും ത്രിതല പഞ്ചായത്തിലേയും ആലപ്പുഴ, കൊല്ലം ജില്ലകളിലെ ജനപ്രതിനിധികളും ഇവിടെ വന്ന് എല്ലാ തരത്തിലുമുള്ള പ്രവർത്തനങ്ങൾ നടത്തി. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ മന്ത്രിമാരും ഉദ്യോഗസ്ഥരും എന്നുള്ളതല്ലാതെ ഒരു വാക്ക് പോലും ഇതിൽ എഴുതി ചേർക്കാത്തതെന്താണെന്ന് വ്യക്തമാക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഒരു നാട്ടിൽ ദുരന്തമുണ്ടായപ്പോൾ എല്ലാ എം. പി.മാരും ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ നിവേദനം നടത്തി നമുക്ക് ആവശ്യമുള്ളത് വാങ്ങിച്ച് തരികയും ചെയ്തിട്ടുണ്ടെങ്കിലും അതിനെക്കുറിച്ച് ഒരു വരിയെങ്കിലും എഴുതിയോ?

സർ, എനിക്ക് വ്യക്തമാക്കാനുള്ള ഒരു വസ്തുത, ഈ നയപ്രഖ്യാപന പ്രസംഗം വരുന്ന ഘട്ടത്തിൽ ഇൻഡ്യയിൽ അധികാരത്തിൽ ഒരു രാഷ്ട്രീയ മാറ്റം നടന്നു. കേരളത്തിൽ കഴിഞ്ഞ മൂന്ന് കൊല്ലം വരൾച്ച, വെള്ളപ്പൊക്കം എന്നിവയെല്ലാമുണ്ടായ അവസരത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധികൾ ഡൽഹിയിൽ പോയി കേരളത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിച്ചു. ആ ആവശ്യങ്ങൾ ബഹുഭൂരിപക്ഷവും അംഗീകരിക്കാതെ തിരിച്ചുവരും. എന്നിട്ട് ഇവിടെ വന്ന് കേന്ദ്രം അവഗണിക്കുന്നു, അവഗണിക്കുന്നു എന്നു പറയുന്ന പ്രസ്താവനകൾ ഇറക്കുകയും ചെയ്യുന്നു. പക്ഷേ ഇന്ന് സ്ഥിതിഗതികളാകെ മാറിയിരിക്കുന്നു. ഇന്ന് സംസ്ഥാന ഗവൺമെന്റ്, ഒരാവശ്യം ഉന്നയിച്ചാൽ, ആ ആവശ്യം ഗൗരവമായി വിലയിരുത്തുന്ന ഒരു കേന്ദ്രഗവൺമെന്റ് അവിടെ അധികാരത്തിൽ ഉണ്ട്. ഞാൻ രാഷ്ട്രീയം പറയുകയല്ല. 140 നിയോജക മണ്ഡലങ്ങളിൽ, 100 അസംബ്ലി മണ്ഡലങ്ങളിൽ ഭൂരിപക്ഷത്തോടുകൂടി കേരളത്തിൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റിന് 20 പാർലമെന്റ് അംഗങ്ങൾ കേരളത്തിലുള്ളതിൽ ഒരാൾക്കുപോലും കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റിനെ പിൻതാങ്ങാൻ കേരളത്തിൽ നിന്നെത്തിക്കാൻ സാധിച്ചില്ല. മുസ്ലീം ലീഗിന്റെ ഒരാൾ മാത്രമുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞത് രണ്ട് ഒന്നായി പോയതിന്റെ ഫലമായി കേന്ദ്ര മന്ത്രിയാകാൻ സാധിച്ചു എന്നാണ്. ഇനി ഒന്നും ഇല്ലാതിരുന്നാൽ എന്താകുമെന്ന് അദ്ദേഹം തന്നെ വ്യക്തമാക്കേണ്ടതാണ്. ഞാൻ പറയുന്നില്ല. ഇൻഡ്യയിൽ അധികാരത്തിലുള്ള ഗവൺമെന്റിന്, കേരളത്തിൽ ഇന്ന് കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ കാലത്ത് ലഭിക്കാത്ത പല തരത്തിലുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സാധിക്കുന്നതാണ്. പക്ഷേ സംസ്ഥാനത്തിലെ യു.ഡി.എഫ്.-ന് അതിൽ ഒരു പങ്ക് വഹിക്കാൻ പ്രധാനമായി സാധിച്ചിട്ടില്ലായെന്ന വസ്തുത യു.ഡി.എഫ്.-ന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വം പരിശോധിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ഓരോ ബഡ്ജറ്റും വരുന്ന അവസരത്തിൽ കൈത്തറി വ്യവസായം, ചെറുകിട വ്യവസായ മേഖല എന്നിവയ്ക്ക് ഇത്ര കോടി രൂപ നീക്കി വെയ്ക്കുന്നു, ഇത്ര കോടി രൂപ അനുവദിക്കുന്നു എന്നു പറഞ്ഞുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റ് അവതരിപ്പിക്കുമായിരുന്നു. പക്ഷേ കേരളത്തിൽ കൈത്തറി മേഖലയായാലും കശുവണ്ടി മേഖലയായാലും ലക്ഷക്കണക്കായ ആളുകൾ കേരളത്തിൽ തൊഴിലെടുക്കുന്ന ആ മേഖലകൾക്ക് സഹായകരമായ രൂപത്തിൽ എന്തെങ്കിലും പ്രവർത്തിക്കാൻ കഴിഞ്ഞ കാലത്ത് സാധിച്ചിട്ടുണ്ടോ? അതുകൊണ്ട് ഇനിയെങ്കിലും (ഒന്നര കൊല്ലമേയുള്ളൂ) ഈ സംസ്ഥാനത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളെ രക്ഷിക്കണം. റോഡു മുഴുവൻ കുഴിച്ചിട്ടപ്പോൾ പൊടിയായതു കാരണം ആളുകൾ സമരം നടത്തിയതിനെക്കുറിച്ച് ഇവിടെ ഒരു മെമ്പർ സൂചിപ്പിച്ചു. അദ്ദേഹത്തിന് മനസ്സിലാകുകയില്ല.

(അദ്ധ്യക്ഷ വേദിയിൽ ശ്രീ. എം. എം. ഹസ്സൻ)

നമ്മുടെ നാട്ടിൽ കാറിൽ പോകാത്തവരുണ്ട്. അവർ റോഡിലൂടെ പോകുന്ന അവസരത്തിൽ പൊടിയടിക്കുമ്പോൾ അത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനങ്ങൾ സമരം നടത്തും. എനിക്കു പറയാനുള്ളത്, കൈത്തറി, ചെറുകിട വ്യവസായ മേഖല എന്നിവിടങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, 2002-ലെ പ്ലാനിംഗ് കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം ഇൻഡ്യാ രാജ്യത്ത് ഏറ്റവും കൂടുതൽ മോശമായ കുടിവെള്ളത്തിന്റെ ലഭ്യതയുള്ള സംസ്ഥാനമാണ് കേരളമെന്ന്. അതുകൊണ്ട് നമ്മുടെ കുളങ്ങളേയോ കിണറുകളെയോ ആശ്രയിച്ചുകൊണ്ട് കുടിവെള്ളം നൽകാൻ സാധിക്കുകയില്ല എന്ന് പ്ലാനിംഗ് കമ്മീഷൻ കേരളത്തിൽ പരിശോധിച്ചശേഷം പറഞ്ഞിരിക്കുകയാണ്. ജനങ്ങൾക്ക് കുടിവെള്ളം നൽകാൻ സഹായകരമായ രൂപത്തിൽ നമ്മുടെ ജലവിതരണ വകുപ്പിന് ആവശ്യമായ രൂപത്തിലുള്ള പണം നൽകാൻ സാധിക്കണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. യു.പി.എ. ഗവൺമെന്റിന്റെ പുതിയ സമീപനപ്രകാരം വിദ്യാഭ്യാസത്തിനും ആരോഗ്യ പരിപാലനത്തിനും കഴിഞ്ഞ കാലത്ത് നൽകിയതിനേക്കാൾ കൂടുതൽ സംഖ്യ നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ആ ഗവൺമെന്റിന്റെ സമീപനത്തിന്റെ അടിസ്ഥാനത്തിലുള്ള തുക വാങ്ങി കേരളത്തിന്റെ സമ്പദ്ഘടനയെ മെച്ചപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള സമീപനം യു.ഡി.എഫ്. ഗവൺമെന്റ് ചെയ്യുമോ എന്നുള്ളതാണ് പ്രശ്നം. ബഹുമാനപ്പെട്ട സി. പി. മുഹമ്മദിനെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നു. ഇ.എം.എസ്-ന്റെ മാഹാത്മ്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. എന്തിനാണ് പറയുന്നത്? 1957-ലും 1967-ലും ഇ.എം.എസ്. കേരളത്തിന്റെ മുഖ്യമന്ത്രിയായ സന്ദർഭത്തിൽ പ്രചണ്ഡമായ സമരം നടത്തി, ആ സമരത്തിലൂടെ നേതാക്കളായ എല്ലാ ആളുകളും അദ്ദേഹമില്ലാത്ത അവസരത്തിൽ, അദ്ദേഹം മരിച്ച ശേഷം മാർക്സിസ്റ്റുകാരെ എന്തിന്.....

മി. ചെയർമാൻ: (ശ്രീ. എം. എം. ഹസ്സൻ) ശ്രീ. സി. പി. മുഹമ്മദ്, പട്ടാമ്പി എം.എൽ.എ. ആണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: അതേ, രണ്ടു പ്രാവശ്യം ഇ.എം.എസ്. കേരളത്തിന്റെ മുഖ്യമന്ത്രിയായി. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ രാഷ്ട്രീയ സമരങ്ങൾ നടന്നിട്ടുണ്ടോ? ജീവിച്ചിരുന്ന ഇ.എം.എസ്.-നെതിരായി വലിയ സമരം നടത്തിയ ശേഷം അദ്ദേഹത്തിന്റെ മാഹാത്മ്യം എന്തിന് പറയുന്നു. ഞാൻ ഈ നന്ദിപ്രമേയത്തെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്മേൽ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. 2001-ലെ തെരഞ്ഞെടുപ്പിനുശേഷം ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ വന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ തുടർച്ചയായി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ വന്ന ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട നിലയിൽ മുന്നോട്ടു പോകുന്നുണ്ട് എന്നുള്ളത് ഏറെ അഭിമാനിക്കാവുന്ന ഒരു വസ്തുതയാണ്. ഇവിടേയും പകൽപോലെ സത്യമായ ഒരു കാര്യമുണ്ട്. നിരവധി പ്രതിസന്ധികളെയും പ്രശ്നങ്ങളേയും വിഷമങ്ങളേയുമൊക്കെ അതിജീവിച്ചുകൊണ്ടാണ് ഈ ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയുന്നത്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനേയും, ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനേയും പലപ്പോഴും എറിഞ്ഞു വീഴ്ത്താമെന്നും അരിഞ്ഞു വീഴ്ത്താമെന്നുമൊക്കെ പല ആളുകളും മോഹിച്ചുപോയെങ്കിൽപോലും ഇന്ന് അതിനൊന്നും കഴിയാതെ ശത്രുക്കൾക്കിടയിൽ വലിയ കൊടുങ്കാറ്റായി നിന്നുകൊണ്ട് ഉമ്മൻചാണ്ടി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഒരു കാലഘട്ടത്തിലും ഒരു ഗവൺമെന്റിനും അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ലാത്ത സാഹചര്യങ്ങൾ ഈ ഗവൺമെന്റിന് ഉണ്ടായിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. ഇതിങ്ങനെയൊക്കെ പോകാൻ കഴിയുന്നത് ജനങ്ങൾക്കിടയിൽ ആഴത്തിൽ വിശ്വാസമുണ്ടാക്കിയെടുത്തു എന്നുള്ളതുകൊണ്ടാണ്. അതു തകർക്കാനായി കേവലമായിട്ടുള്ള ആരോപണങ്ങൾക്കോ അല്ലെങ്കിൽ അടിസ്ഥാനരഹിതമായിട്ടുള്ള വാഗ്വാദങ്ങൾക്കോ കഴിയില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ഈ സംസ്ഥാനത്ത് നടത്തിയിട്ടുള്ള മാറ്റങ്ങൾ വളരെ വലുതാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയ 100 ദിനപരിപാടി അൽഭുതമുളവാക്കിയിരിക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. 14 ജില്ലകളിലായി നടത്തിയ ജനസമ്പർക്ക പരിപാടി വളരെയധികം ജനങ്ങളുടെ ദുഃഖങ്ങൾക്ക് പരിഹാരം ഉണ്ടാക്കികൊടുക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കിയെന്നുള്ളത് യാഥാർത്ഥ്യമായി നിലനിൽക്കുന്നു. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ എല്ലാ ദിവസവും അദ്ദേഹം നേരിട്ട് പതിനായിരക്കണക്കിന് പരാതികൾ സ്വീകരിക്കുകയും അതിൻമേൽ അപ്പോൾത്തന്നെ ഓർഡറിട്ടുകൊണ്ട്, നടപടി സ്വീകരിച്ചു കൊണ്ട് ജനങ്ങൾക്ക് ആശ്വാസം പകർന്നുകൊടുത്ത കാഴ്ച കേരളത്തിലെ ജനങ്ങൾ കണ്ടതാണ്. ആ ദിവസങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങളാണ് കൈവരിച്ചത്. 20,000-ത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ചെറുപ്പക്കാർക്ക്, തൊഴിലിനുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരുന്ന യുവാക്കൾക്ക് തൊഴിൽ നൽകിയെന്നുള്ളത് ഏറെ ആശ്വാസകരമാണ്. വിദ്യാഭ്യാസ മേഖലയിൽ വരുത്തിയ മാറ്റങ്ങൾ വളരെ വലുതാണ്. ആരോഗ്യ മേഖലയിൽ നിരവധി പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഡോക്ടർമാർ, സ്റ്റാഫില്ലാത്ത സ്ഥലങ്ങളിലൊക്കെത്തന്നെ സ്റ്റാഫ് എന്നിവ കൊടുക്കാൻ കഴിഞ്ഞു എന്നുള്ളത് ശ്രദ്ധേയമാണ്. അതുപോലെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിൽ ജില്ലകളിൽ നടത്തിയ റവന്യൂ അദാലത്തിലൂടെ 25,000 ആളുകൾക്ക് പട്ടയം കൊടുക്കാമെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് മുന്നോട്ട് പോയത്. കഴിഞ്ഞ കാലഘട്ടത്തിലെ പ്രവർത്തനങ്ങൾകൊണ്ട് 100 ദിവസം കൊണ്ടുതന്നെ 27,012 പേർക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞുവെന്നുള്ളത് നിസ്സാരമായ കാര്യമല്ല.

അതുപോലെത്തന്നെയാണ് കാരുണ്യാ സുരക്ഷാ പദ്ധതി. തീരദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ വീടുകളും ജീവനും ഏതുസമയത്തും നഷ്ടപ്പെട്ടേക്കാം. അങ്ങനെയുള്ള മത്സ്യത്തൊഴിലാളികൾക്ക് കൈവശരേഖ ലഭിച്ചിട്ടുണ്ടെങ്കിൽ അവർക്ക് സൗജന്യമായി 50,000 രൂപ വരെ മുടക്കി വീടും അതുപോലെ വസ്തുവും വാങ്ങി കൊടുക്കുന്ന നൂതനമായ പദ്ധതി ഹൗസിംഗ് ബോർഡ് രൂപീകരിച്ചിരിക്കുകയാണ്. അതുപോലെ 90,000 ലക്ഷം വീടുകൾ നവീകരിക്കുന്നതിനുവേണ്ടിയുള്ള സഹായം കൊടുക്കാൻ Local Self Government -ന്റെ 20 ശതമാനം വിഹിതവും ബാക്കി വിഹിതം ഗവൺമെന്റിൽ നിന്നും നൽകാൻ തീരുമാനിച്ചു. അങ്ങനെ പാവപ്പെട്ട, ലക്ഷം വീട്ടിൽ താമസിക്കുന്ന ആളുകൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്.അതുപോലെത്തന്നെ മൈത്രി ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നും രണ്ടും ഗഡുക്കൾ മാത്രം വാങ്ങിയിരുന്ന പാവപ്പെട്ട ആളുകൾക്കും ആ ഗഡുക്കളുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുകയാണ്. One time settlement പ്രത്യേകമായി എടുത്തു പറയേണ്ട കാര്യമാണ്. അതുപോലെതന്നെ നിയമവകുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ പരിശോധിക്കാൻ , ചട്ടങ്ങൾ മനസ്സിലാക്കാൻ, അതുപോലെ notification മനസ്സിലാക്കാൻ വേണ്ടി Law Hotline എന്നുള്ള നിലയിൽ ഒരു Website open ചെയ്തിരിക്കുകയാണ്. നമുക്കെല്ലാവർക്കും ഏതു സമയത്തു വേണമെങ്കിലും നമ്മുടെ നിലവിലുള്ള നിയമങ്ങൾ എന്തെന്ന് മനസ്സിലാക്കാൻ notification മനസ്സിലാക്കാൻ കഴിയുന്ന നിലയിലുള്ള ഒരു സംവിധാനമുണ്ടാക്കിയിരുന്നു. അതുപോലെ നിയമ വകുപ്പുമായി ബന്ധപ്പെട്ട്, ഹൈക്കോടതി പ്ലീഡർമാരുടെ ഓഫീസ്, സുപ്രീംകോടതി പ്ലീഡർമാരുടെ ഓഫീസ് എന്നിവയുമായി ഏതു സമയത്തും ബന്ധപ്പെടുന്നതിനുവേണ്ടിയുള്ള ഇന്റർനെറ്റ് സംവിധാനം ഒരുക്കിയിരിക്കുകയാണ്. അതുപോലെ എല്ലാ മേഖലയിലും നിരവധി നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു ഗവൺമെന്റാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അതുപോലെതന്നെ ഗ്രാമീണ മേഖലയിൽ നിരവധി പദ്ധതികൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സർവ്വേ ഡിപ്പാർട്ട്മെന്റിലെ മിക്കവാറും സർവ്വേ രജിസ്ട്രേഷൻ ഓഫീസുകളൊക്കെത്തന്നെ കംപ്യൂട്ടറൈസ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെത്തന്നെ ഈ ഗവൺമെന്റ് നാട്ടിൽ അഭിമുഖീകരിച്ച ഏറ്റവും വലിയ ദുരന്തം സുനാമി ദുരന്തമാണ്. സുനാമി ദുരന്തത്തിൽ എത്രയോ ആളുകൾ കഷ്ടപ്പാട് അനുഭവിക്കുന്നത് നമുക്കറിയാം. ഏതാണ്ട് 2,80,000 ആളുകൾ ഈ ലോകത്ത് മരിക്കുകയുണ്ടായി. കേരളത്തിൽ 170-ഓളം ആളുകൾ മരണമടഞ്ഞിരിക്കുകയാണ്. തീരദേശങ്ങൾക്ക് ദുഃഖവും ദുരിതവും നൽകുന്ന സാഹചര്യമുണ്ടായി അതുപോലെത്തന്നെ കേരളത്തിലെ കുറെ ആളുകൾ വേളാങ്കണ്ണി പോലുള്ള സ്ഥലങ്ങളിൽ പോയ സന്ദർഭത്തിലും മരണമടയുകയുണ്ടായി. ആ സന്ദർഭത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ എന്നു പറയേണ്ടിയിരിക്കുന്നു, ഈ ഗവൺമെന്റ് ഉണർന്നു പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ വളരെയധികം ആശ്വാസം കൊടുക്കാൻ കഴിഞ്ഞിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലും മരണമടഞ്ഞ ആളുകൾക്ക് നിമിഷ നേരംകൊണ്ട് ആശ്വാസമെത്തിച്ചുകൊണ്ട് മാനുഷിക പരിഗണനയോടുകൂടിയുള്ള പ്രവർത്തനം ജില്ലാകളക്ടറുടേയും ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ കാഴ്ചവെച്ചു. ബഹുമാന്യനായ മുഖ്യമന്ത്രിയും അതുപോലെ റവന്യൂ വകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ളവർ വളരെ സജീവമായി രംഗത്ത് വന്ന ആ കാര്യം പരിഹരിച്ചതിനെ തുടർന്ന് സുനാമി ദുരന്തത്തിന്റെ പ്രശ്നം വലിയൊരു പ്രശ്നമല്ലാതായി മാറ്റാൻ കഴിഞ്ഞു. അങ്ങനെ നിരവധി മേഖലകളിൽ വളരെ നല്ല പ്രവർത്തനങ്ങളുമായി പോകുന്ന ഗവൺമെന്റിനെ തകർക്കാനുള്ള നീക്കങ്ങളാണ് എന്റെ ഇടതുപക്ഷ സുഹൃത്തുക്കൾ നടത്തുന്നത്. അത് തീർച്ചയായും ഒരു യാഥാർത്ഥ്യ ബോധമില്ലാതെയുള്ള നീക്കമാണെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. പ്രത്യേകിച്ചും സി. പി. ഐ. (എം)-ന്റെ ഭാഗത്തുനിന്നുണ്ടാകുന്ന കാര്യങ്ങൾ വളരെ അനാവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ചെളി വാരിയെറിയാൻ ശ്രമിക്കുന്നു. കുറച്ചു നാളായി പെൺവാണിഭവുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങൾ പറയുന്നു. പക്ഷേ അവർക്ക് തന്നെ ആ ഏറ് തിരികെ കൊണ്ട സാഹചര്യത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. അക്കാര്യങ്ങളിൽ ഓരോ ഘടകഘക്ഷികളും സി.പി.ഐ.പോലുള്ള സംഘടനകളുമൊക്കെ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എത്രയോ വേദനാജനകമാണെന്ന് പറയേണ്ടിയിരിക്കുന്നു. എന്റെ നിയോജക മണ്ഡലത്തിൽ താമസിക്കുന്ന ശ്രീമതി മീനാക്ഷി തമ്പാൻ എന്ന മുൻ എം.എൽ.എ.-യെ സംബന്ധിച്ചിടത്തോളം സി.പി.ഐ.(എം) പറഞ്ഞ വാക്കുകൾ എത്രയോ വേദന ഉണ്ടാക്കുന്നതാണ്. പ്രായം ചെന്നതിന്റെ പേരിൽ, ഓർമ്മയില്ലാത്തതിന്റെ പേരിലാണ് ശ്രീമതി മീനാക്ഷി തമ്പാൻ പുലമ്പുന്നതെന്നുപോലും സി. പി. ഐ. (എം) നേതാക്കൻമാർ പറയുകയുണ്ടായി. ഇവിടെയിരിക്കുന്ന ശ്രീ. ബിനോയ് വിശ്വത്തെയും ശ്രീ. കെ. പി. രാജേന്ദ്രനേയും പോലുള്ള ചുറുചുറുക്കുള്ള ആളുകൾ അതിനെതിരെ ശക്തമായി പ്രതികരിക്കുമെന്ന് ഞാൻ കരുതുകയുണ്ടായി. പക്ഷേ അവർ ഒന്നും പറഞ്ഞില്ലാ മൗനം പാലിച്ചു എന്നുള്ളത് ദുഃഖകരമാണ്. എല്ലാം സഹിച്ചുകൊണ്ടിരിക്കുന്ന ഈ പ്രവണത ഒന്ന് അവസാനിപ്പിച്ചുകൂടേ എന്ന് ഞാൻ ആഗ്രഹിക്കുകയാണ് നിയമസഭയിൽ ബഹുമാന്യനായ സംസ്ഥാന ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൻമേൽ നടത്തിയ നന്ദിപ്രമേയത്തെ അനുമോദിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇന്ന് ഈ നിയമസഭയുടെ മുന്നിലേയ്ക്ക് ആയിരക്കണക്കിന് പഞ്ചായത്ത് ത്രിതല ഭരണ സമിതികളിലെ മെമ്പർമാർ മാർച്ച് നടത്തുകയാണ്. നിങ്ങളുടെ മെമ്പർമാരുടെ പിന്തുണയോടുകൂടിയാണ് ഞങ്ങളുടെ മെമ്പർമാരെല്ലാം വന്നിരിക്കുന്നത്. നിങ്ങളുടെ ചില മെമ്പർമാർ ഞങ്ങളുടെ മെമ്പർമാരുടെ കൂടെ ഇവിടെ വന്ന് സമരത്തിൽ പങ്കെടുത്തു. കാരണം ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് നിങ്ങൾ വെട്ടിക്കുറച്ചു. അതൊക്കെ ഈ സഭയിൽ ചർച്ച ചെയ്യണ്ടേ? ഇതിനെക്കുറിച്ച് എന്തെങ്കിലും നന്ദിപ്രമേയത്തിൽ പറയുന്നുണ്ടോ? കേരളത്തിലെ മുഴുവൻ പഞ്ചായത്തിലേയും മുനിസിപ്പാലിറ്റിലേയും കോർപ്പറേഷനിലേയും പ്രതിനിധികളാണ് ഇവിടെ വന്നു പോയത്. ഇവിടെ മുഖ്യമന്ത്രിയില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ പ്രതിനിധിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അതൊക്കെ അറിഞ്ഞിരിക്കാൻ പറയുകയാണ്. നിങ്ങൾ അതൊക്കെ അറിയണം. എന്തൊക്കെയാണ് പി.ആർ.ഡി. പ്രസിദ്ധീകരണത്തിൽ അച്ചടിച്ചിരിക്കുന്നത്? ജനസമ്പർക്ക പരിപാടിയെന്നുപറഞ്ഞ് എന്തൊക്കെയാണ് നിങ്ങൾ കാണിക്കുന്നത്. ജനസമ്പർക്ക പരിപാടി നന്നായി. ഇതിൽ പെറ്റീഷനുകളുടെ കണക്കുണ്ട്. 95,894 പെറ്റീഷനുകൾ കിട്ടി. മുഖ്യമന്ത്രി നേരിട്ട് തീർപ്പാക്കിയത് 15,374 പെറ്റീഷനുകൾ. മുഖ്യ മന്ത്രി നേരിട്ട് അനുവദിച്ചു കൊടുത്ത തുക 4,54,08, 900 രൂപ. ബാക്കി അപേക്ഷകളിൽ അനുവദിക്കാൻ എഴുതിവച്ച സംഖ്യ കൊടുത്തു തീർക്കുകയാണെങ്കിൽ 16 കോടി രൂപ വേണം. എന്താണ് തീർപ്പാക്കിയത്? ഒരു പെറ്റീഷൻ മുഖ്യമന്ത്രിയുടെ കൈയിൽ കൊടുത്തു. ആയിരക്കണക്കിന് ആളുകൾ നിൽക്കുകയാണ്, മുഖ്യമന്ത്രിക്ക് അത് വാങ്ങി വായിക്കാൻ നേരമില്ല, അതിൽ 5000 രൂപ പാസ്സാക്കി എന്നെഴുതി. എന്താണ് പെറ്റീഷൻ? മകളുടെ സ്ഥലം മാറ്റത്തിന്റെ പെറ്റീഷൻ. വേറൊരു പെറ്റീഷൻ വന്നു, മുഖ്യമന്ത്രി എഴുതി 3000 രൂപ അനുവദിച്ചു. പെറ്റീഷൻ എന്താണ്? കാർട്ടേഴ്സ് അനു വദിക്കാനുള്ള പെറ്റീഷൻ. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന പീരിയേ ഡിൽ എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് വൈസ് പ്രസിഡണ്ടിന് heart operation-ന് ചികിത്സാ സഹായത്തിന് അപേക്ഷ നൽകി. അന്ന് ഡോ. എം. എ. കുട്ടപ്പനായിരുന്നു മന്ത്രി. 30-7-2003-ൽ 25,000 രൂപ പാസ്സാക്കി കൊടുത്തു. അവർ എനിക്ക് അയച്ച കത്താണ്, ഇന്നലെ കിട്ടിയ കത്താണിത് (കത്ത് സഭയിൽ ഉയർത്തി കാണിച്ചു.) ഇതുവരെ സംഖ്യ കിട്ടിയിട്ടില്ല. ഇപ്പോൾ 5000 രൂപ, 3000 രൂപ എന്നിങ്ങനെ തുക പാസ്സാക്കി കൊടുക്കുന്നു. ഇങ്ങനെ പോയാൽ ഇതൊക്കെ എവിടെയെത്തും? ജനസമ്പർക്ക പരിപാടിയിൽ 3,000, 5,000 എന്നിങ്ങനെ തുക കൊടുത്തതിൽ 20 ശതമാനം അർഹരായവർക്ക് കിട്ടി. ബാക്കി 80 ശതമാനം പെറ്റീഷനുകളിൽ നിങ്ങൾ അനുവദിച്ച സംഖ്യ ആർക്കാണെന്ന് അന്വേഷിക്കണം. കെട്ടു കണക്കിനല്ലേ നിങ്ങളുടെ ഡി.സി.സി. ഓഫീസിൽ നിന്നും പെറ്റീഷൻ കൊടുത്തത്? .....(ബഹളം).....അതിനെക്കുറിച്ച് അന്വേഷിക്കണം, അന്വേഷിക്കാൻ വേണ്ടി പറയുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ ട്രാൻസ്ഫറിന് വന്ന പെറ്റീഷന് രൂപ അനുവദിച്ചുവെന്നുപറഞ്ഞു. ആ പെറ്റീഷൻ ഒന്നു തരാമോ? അങ്ങ് ഇവിടെ ഉത്തരവാദപ്പെട്ട ഈ സഭയിലാണ് പറഞ്ഞത്. ഇത് ഇന്നലെ ഞാൻ കേട്ടതാണ്. വേറൊരു മെമ്പർ പറയാനിരുന്നു, പറഞ്ഞില്ല, ഇന്ന് ശ്രീ. കെ. പി. രാജേന്ദ്രനെക്കൊണ്ട്

പറയിപ്പിക്കുമെന്നു പറഞ്ഞു. അപ്പോൾ തമാശയ്ക്കുവേണ്ടി എന്തും പറയാം. പക്ഷെ അങ്ങ് ഉത്തരവാദപ്പെട്ട ഈ സഭയിൽ പറഞ്ഞതാണ്. ഞാൻ അങ്ങയെ ഈ സഭയിൽ നിന്നുകൊണ്ട് വെല്ലുവിളിക്കുന്നു, ഞാൻ ഒപ്പിട്ട ആ കത്ത് ഹാജരാക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ആ വെല്ലുവിളി സ്വീകരിക്കുന്നു, തരാം. ഇത് ചൂണ്ടിക്കാണിച്ച സർക്കാർ ജീവനക്കാരുടെ സംഘടനകൾ, അതുമായി ബന്ധപ്പെട്ട വിഷയങ്ങളറിഞ്ഞ് അതിലെ തെറ്റ് ചൂണ്ടിക്കാണിച്ചാൽ ആ സംഘടനയുടെ ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ള നേതാക്കൻമാർക്കെതിരെ നിങ്ങൾ നടപടിയെടുക്കും അല്ലേ? ജോയിന്റ് കൗൺസിലിന്റെ ജനറൽ സെക്രട്ടറി നിങ്ങളുടെ ചീഫ് സെക്രട്ടറിയെ എഴുതി അറിയിച്ചിരിക്കുകയാണ്. സഖാവ് ജോസ് പ്രകാശിനെ നിങ്ങൾ തൂക്കിക്കൊല്ലുമോ? ഇതൊക്കെ ചോദിക്കാനും പറയാനുമല്ലേ ഞങ്ങളുടെ സംഘടനകളും നേതാക്കളുമുള്ളത്? ഇത് ചൂണ്ടിക്കാണിച്ചാൽ മുഖ്യമന്ത്രി അവരെ തൂക്കിക്കൊല്ലുമോ? ഞാൻ അതിനെപ്പറ്റി കൂടുതൽ പറയുന്നില്ല. കോട്ടയം ജില്ലാ കളക്ടർ ശ്രീമതി റാണി ജോർജ് അയച്ച റിപ്പോർട്ട് വായിക്കൂ. തിരുവനന്തപുരം ജില്ലാ കളക്ടർ തന്ന റിപ്പോർട്ട് വായിക്കൂ. ഞങ്ങളിത് ആക്ഷേപിക്കാൻ വേണ്ടി പറയുകയല്ല. ഇതിൽ വന്നത് ചിലത് ചൂണ്ടിക്കാണിച്ചു. ഞാൻ അങ്ങയുടെ വെല്ലുവിളി സ്വീകരിച്ചു. അങ്ങയുടെ കൈയിൽ തരാം. രണ്ടാമത്തെ കാര്യം ഇന്നലെ പ്രതിപക്ഷ നേതാവ് smart city-യെപ്പറ്റി പറഞ്ഞു. ഇവിടെ 'ജിം' ഒക്കെ വന്നതല്ലേ? ഞങ്ങൾ ചിലത് ചൂണ്ടിക്കാണിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ്, അത് പരിശോധിക്കാൻ വേണ്ടിയാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ സ്ഥലം കൊടുക്കാൻ പറ്റില്ലെന്ന് ഫയലിൽ എഴുതി. ഇപ്പോൾ നിങ്ങൾ 100 ഏക്കർ സ്ഥലം കൊടുക്കാമെന്ന് എഴുതി. ആരാണ് ഇതിൽ ഒപ്പു വയ്ക്കുന്നത്? 20-ാം തീയതി ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി പോയി ഒപ്പു വയ്ക്കുന്നു. അതു കഴിഞ്ഞ് ആ എം.ഒ.യു.-ന്റെ കോപ്പി ഞങ്ങൾക്ക് എന്തിനാണ്? കരാർ എന്താണെന്ന് ഈ സഭ അങ്ങനെ അറിഞ്ഞാൽ മതിയോ? ശ്രീ. ടി. എം. ജേക്കബ് പ്രസംഗിച്ചതു കേട്ടപ്പോഴാണ് കുറച്ചു കൂടി ഗൗരവം തോന്നിയത്. യു.ഡി.എഫ്. അറിഞ്ഞിട്ടില്ല, കെ.പി.സി.സി. അറിഞ്ഞിട്ടില്ല, ക്യാബിനറ്റ് അറിഞ്ഞിട്ടില്ല. അങ്ങനെ പോയാൽ മതിയോ? ഈ സഭ അറിയണ്ടേ? സ്മാർട്ട് സിറ്റിയായാലും എന്തു തന്നെയായാലും ഇതുപോലെ കരാർ ഒപ്പുവയ്ക്കുന്ന ആ രാജ്യങ്ങൾക്ക് ഏതൊക്കെ രാജ്യങ്ങളുമായി ബന്ധമുണ്ട്; ഇന്ത്യാ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന രാജ്യങ്ങളുമായി ഒപ്പുവച്ചിട്ടുണ്ടോ? പല വാർത്തകളും വരുന്നതുകൊണ്ട് ക്ഷമയോടുകൂടി കേൾക്കാൻ പറയുകയാണ്. അന്വേഷിക്കണം. ചില വിവരങ്ങൾ നമുക്കു മനസ്സിലാക്കാൻ വേണ്ടി, സുതാര്യമായി നമുക്ക് ഈ സഭയിൽ ചർച്ച ചെയ്യണം. എം.ഒ.യു. ഒപ്പു വയ്ക്കുന്നതിനു മുമ്പായി, ഈ സഭയിൽ സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട കരാറിലെ വ്യവസ്ഥകൾ വയ്ക്കണം. ഇപ്പോൾ മൈക്രോസോഫ്ടുമായി ഒപ്പുവച്ചു. മൈക്രോസോഫ്ട് എന്തൊക്കെയാണ് ചെയ്യുന്നത്? എന്തൊക്കെ കരാറുകൾ; എന്തൊക്കെ ഉത്തരവുകളാണ് ഇറക്കുന്നത്? എവിടെയെങ്കിലും ഇതുസംബന്ധിച്ച് ചർച്ച നടക്കണ്ടേ? നിയമസഭയിൽ ഇല്ല, നിയമസഭാ കമ്മിറ്റികളിൽ ഇല്ല, നിങ്ങളുടെ ക്യാബിനറ്റിൽ ഇല്ല. യു.ഡി.എഫ്.-ൽ ഇല്ല. കെ.പി.സി.സി.-യിൽ ഇല്ല. ശ്രീ. കടവൂർ ശിവദാസനെക്കൊണ്ടു പറയിപ്പിച്ചോ? മുഖ്യമന്ത്രി പറയുക. G.O.Ms. No. 13/4 PANRD ഉത്തരവ്. എന്താണ്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവിൽ പറയുന്നത്? സെക്രട്ടേറിയറ്റ് നിങ്ങൾ തീറെഴുതി കൊടുക്കില്ലെന്ന് ആരു കണ്ടു? ടാറ്റാ കൺസൾട്ടൻസിയുമായി എന്തെല്ലാം കരാറിലാണ് നിങ്ങൾ ഒപ്പുവച്ചത്? ഞങ്ങൾക്ക് അറിയണ്ടേ? ഈ സഭ അറിയണ്ടേ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വകുപ്പിൽനിന്നും ഒരു ഉത്തരവ് ഇറക്കിയില്ലേ? കെ. ഡബ്ല്യു. എ. 14-1-2005-ന് ഇറക്കിയ ഉത്തരവ് പ്രകാരം വാട്ടർ അതോറിറ്റിയുടെ എല്ലാ മെയിന്റനൻസ് ജോലികളും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചു. എവിടെ നിങ്ങൾ തീരുമാനിച്ചു? Electricity Act, നിങ്ങൾ എത്ര കൺസൾട്ടൻസിമാരെ ഏൽപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): Sir, I raise a point of order ശ്രീ. കെ. പി. രാജേന്ദ്രൻ വളരെ ഉത്തരവാദപ്പെട്ട പ്രതിപക്ഷ കക്ഷിയുടെ നേതാവാണ്. അദ്ദേഹം ഇവിടെ ഒരു ഉത്തരവിനെ സംബന്ധിച്ച്, എന്റെ വകുപ്പുമായി ബന്ധപ്പെട്ട് പറഞ്ഞു. അതു ദയവായി മേശപ്പുറത്തു വയ്ക്കാൻ നിർദ്ദേശം നൽകണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: മേശപ്പുറത്തു വയ്ക്കുക മാത്രമല്ല ഇതു ഞാൻ തരികയാണ്. ഇതു വാട്ടർ അതോറിറ്റിയിൽ ആനുവൽ മെയിന്റനൻസിനുവേണ്ടി നാലു ഡിസ്ട്രിക്ടുകളിൽ ഏൽപ്പിച്ചു കൊടുത്തതാണ്. (ഫയൽ ഉയർത്തി കാട്ടി) ടാറ്റാ കൺസൾട്ടൻസിക്ക് സെക്രട്ടേറിയറ്റ് ഉൾപ്പെടെ തീറെഴുതി കൊടുക്കാൻ പോകുകയല്ലേ? .....(ബഹളം).....

ശ്രീ. കെ. ബാബു: Sir, I raise a point of order .

മി. ചെയർമാൻ (ശ്രീ. എം. എം. ഹസ്സൻ): ഏതു വകുപ്പനുസരിച്ചാണ്? വകുപ്പു പറയണം.

ശ്രീ. കെ. ബാബു: റൂൾ 307 പ്രകാരം. മൈക്രോസോഫ്ടുമായി ഈ ഗവൺമെന്റ് കരാർ ഒപ്പിട്ടു. അതു ഈ സഭയും ക്യാബിനറ്റും അറിഞ്ഞില്ലെന്ന് ശ്രീ. കെ. പി. രാജേന്ദ്രൻ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. മൈക്രോസോഫ്ടുമായി കരാർ ഒപ്പിട്ടത് സി-ഡിറ്റിന്റെ ചെയർമാനും മാർക്സിസ്റ്റു പാർട്ടിയുടെ നേതാവുമായ സഖാവ് പി. ഗോവിന്ദപിള്ള യാണ്. ഈ സത്യം മറച്ചുവച്ചുകൊണ്ട് ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ നടത്തുന്ന പ്രസ്താവന സഭയുടെ രേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: റൂൾ 307 അനുസരിച്ച് ഇത് റെലവന്റല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാനിവിടെ പറയാൻ ഉദ്ദേശിച്ചത്, ടാറ്റാ കൺസൾട്ടൻസി തുടങ്ങിയ കൺസൾട്ടൻസികളെ സംബന്ധിച്ച് മുഖ്യമന്ത്രി നാളെ മറുപടി പറയുമ്പോൾ പറയണം. ഈ സംസ്ഥാനത്ത് എത്ര കൺസൾട്ടൻസികൾക്ക് നിങ്ങൾ ഇത്തരം ചുമതലകൾ ഏൽപ്പിച്ചു കൊടുത്തിട്ടുണ്ട്. ആ കൺസൾട്ടൻസികളുടെ ഫീസെത്ര? എത്ര കോടി രൂപ അവർക്ക് കൊടുത്തു? നിങ്ങൾ ഡോളറിൽ കൊടുക്കുന്നു, യൂറോയിൽ കൊടുക്കുന്നു. ഇതൊക്കെ എവിടെ തീരുമാനിച്ചതാണ്? ഇത്തരം നയപരമായ കാര്യങ്ങൾ, കൺസൾട്ടൻസികളുടെ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അവരെ ഏൽപ്പിച്ചു കൊടുക്കുന്ന കാര്യങ്ങൾ, അവരുടെ റിപ്പോർട്ടുകൾ നടപ്പിലാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ ഇതൊക്കെ എവിടെയെങ്കിലും ചർച്ച ചെയ്യണ്ടേ? ഈ നിയമ സഭയിൽ മുഖ്യമന്ത്രി വിശദീകരിക്കണം. ഞങ്ങൾ മുഖ്യമന്ത്രി പറയുന്നതു മുഴുവൻ കേൾക്കാം. ഇതെല്ലാം നിയമസഭയിൽ വരണ്ടേ? സുതാര്യ കേരളം എല്ലാം സുതാര്യമാണ്. എല്ലാത്തിനും സാക്ഷിയായി ശ്രീ. എ. കെ. ആന്റണി അവിടെ ഇരിക്കുകയല്ലേ? നമ്മുടെ കൈരളി ചാനലിലെ 'സാക്ഷി' പറയുന്നതുപോലെ നാടിനു വികസനം വേണം. ഞങ്ങളാരും അതിന് എതിരല്ല. മുഖ്യമന്ത്രി എടുക്കുന്ന തീരുമാനത്തിന് ഞങ്ങളുടെ പരിപൂർണ്ണ സഹകരണമുണ്ട്. വികസന കാര്യത്തിൽ നമുക്ക് പൂർണ്ണമായും യോജിക്കാം. പക്ഷേ നാടിന്റെ വികസനത്തിന്റെ പേരിൽ നാട് പണയപ്പെടുത്താൻ ഞങ്ങൾ അനുവദിക്കില്ല. അതിനുവേണ്ടി അവസാനം വരെ പോരാടും. അത് പ്രതിപക്ഷത്തിന്റെ ചുമതലയാണ്. ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞ പ്രസംഗം ഞാൻ കേട്ടു. ശ്രീ. ടി. എം. ജേക്കബിനു മറുപടി പറയാൻ ശ്രീ. സി. പി. മുഹമ്മദ് ശ്രമിച്ചല്ലോ. അതുതന്നെ വലിയ കാര്യമാണ്. പക്ഷേ ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് ഞാൻ വേറൊരു വാർത്തയും ശ്രദ്ധിച്ചു. ജനുവരി മാസം 30-ാം തീയതി, രാഷ്ട്രപിതാവിന്റെ ഓർമ്മ പുതുക്കുന്ന ആ ദിവസം ആദരാഞ്ജലികൾ അർപ്പിക്കാൻ നിങ്ങളാരും പോയില്ല. പക്ഷേ ശ്രീ. സി. പി. മുഹമ്മദ് ഒരു ആദർശ പുരുഷനായി, ഒരു മാതൃകാ പുരുഷനായി ഇവിടെ എടുത്തു പറഞ്ഞത് ശ്രീ. സക്കറിയെക്കുറിച്ചാണ്. നയപ്രഖ്യാപന പ്രസംഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിലായാലും, നന്ദിപ്രമേയം സംബന്ധിച്ച വിഷയങ്ങളിൽ ആയാലും ഇപ്പോൾ ശ്രീ. ടി. എം. ജേക്കബ് ഇവിടെ നടത്തിയ വെളിപ്പെടുത്തലുകളിൽ ആയാലും യു.ഡി.എഫ്.-ൽ വന്ന ചില പ്രതിസന്ധികളും പ്രശ്നങ്ങളുമാണ് പ്രധാനം. പൊതുവായ കാര്യങ്ങളിൽ, ഈ സഭ അറിയേണ്ടതും സഭയിൽ ചർച്ച ചെയ്യേണ്ടതും പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കേണ്ടതുമായ കാര്യങ്ങളിൽ മുഖ്യമന്ത്രി ആവശ്യമായ മുൻകൈ എടുക്കണം. സുനാമിയുമായി ബന്ധപ്പെട്ട് ശ്രീ. ബിനോയ് വിശ്വം പ്രസംഗിച്ചപ്പോൾ കുറച്ചുകൂടി മുൻകരുതൽ എടുക്കണമെന്നു പറഞ്ഞു. അത് കേരളത്തിന്റെ പൊതുവായ അഭിപ്രായമാണ്. ഇപ്പോൾ മുഖ്യമന്ത്രി ഏറ്റെടുത്ത ചുമതലകൾ, ആ പ്രവർത്തനങ്ങളുമായി പ്രതിപക്ഷം സഹകരിച്ചില്ലേ? ഞങ്ങളെ വിളിച്ച എല്ലാ യോഗങ്ങളിലും ഞങ്ങൾ വന്നില്ലേ? പൂർണ്ണമായ സഹകരണം ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായില്ലേ? സഹകരണ വകുപ്പു നൽകിയ ഫണ്ടിനെക്കുറിച്ച് അങ്ങ് പറഞ്ഞില്ല എന്നു ഞങ്ങൾ ചൂണ്ടിക്കാണിച്ചു. ഈ കാര്യങ്ങളെക്കുറിച്ച് മറ്റെന്നാൾ ഇവിടെ ചർച്ച ചെയ്യുമ്പോൾ അതിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ പറയണം എന്നുകൂടി പറഞ്ഞു കൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് ബഹുമാന്യനായ എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പുതിയ ശൈലി, പുതിയ രീതി, ഗവൺമെന്റിന്റെ സമീപനങ്ങൾ ഇതെല്ലാം ആ ഭാഗത്തു സൃഷ്ടിക്കുന്ന പ്രയാസങ്ങളും നൊമ്പരങ്ങളും വിങ്ങിപ്പൊട്ടലുകളും വളരെ വ്യക്തമായി പ്രകടിപ്പിക്കുന്നതാണ് ശ്രീ. കെ. പി. രാജേന്ദ്രന്റെ പ്രസംഗം എന്ന് ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതിൽ അദ്ദേഹത്തിന് അസഹിഷ്ണതയുണ്ട്, ക്ഷോപമുണ്ട്, വികാരമുണ്ട്. അതൊക്കെ ജ്വലിച്ചു നിൽക്കുകയാണ്. ഞങ്ങൾക്കതിൽ സന്തോഷം മാത്രമാണുള്ളത്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ പുതിയ സമീപനം, ഒരു പക്ഷെ ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഒരു മുഖ്യമന്ത്രിയും സ്വീകരിക്കാത്ത ഒരു സമീപനം, അദ്ദേഹത്തിന്റെ മന്ത്രിമാർ സ്വീകരിക്കുന്ന സമീപനം, അവർ ജനങ്ങളുമായി അലിഞ്ഞുചേരുകയാണ്. ജനങ്ങളുടെ വികാരങ്ങളും വിചാരങ്ങളും പങ്കുവച്ചുകൊണ്ട്, അവരിലൊരാളായി പതിനായിരക്കണക്കിന് നിവേദകരുമായി ബന്ധപ്പെട്ടുകൊണ്ട് കാര്യങ്ങൾ പരിഹരിക്കുകയാണ്. ഈ ജനസമ്പർക്ക പരിപാടി വാസ്തവത്തിൽ നിങ്ങൾക്ക് വളരെയേറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഒന്നരലക്ഷത്തോളം വരുന്ന ആളുകളുടെ പ്രശ്നങ്ങൾ കേട്ട, അൻപതിനായിരത്തോളം ഹർജികളിൽ അപ്പോൾത്തന്നെ തീർപ്പുകളുണ്ടാക്കി, തുടർ നടപടികൾ സ്വീകരിച്ച്, അങ്ങനെ ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിലൊക്കെ ആ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിൽ അപ്പുറത്തുനിന്നുണ്ടാകുന്ന വികാരങ്ങളും ക്ഷോപങ്ങളും അസഹിഷ്ണുതകളുമൊക്കെ സഹിക്കാൻ നമ്മൾ തയ്യാറാകുന്നത്. അതിൽ ബുദ്ധിമുട്ടുണ്ട്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ നൂറു ദിവസത്തെ പരിപാടി നിങ്ങൾ പരിശോധിച്ചിട്ടുണ്ടോ എന്നറിയില്ല. നൂറു ശതമാനം വിജയമാണ് മന്ത്രിമാരുടെ ടാർജറ്റ് അച്ചീവ് ചെയ്യുന്ന കാര്യത്തിൽ ഉണ്ടായിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ പെർഫോർമൻസ് നിങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഒരുപാടു നേട്ടങ്ങളുടെ നീണ്ട പട്ടികയുമായി ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. അങ്ങേയറ്റം അഭിമാനമുണ്ട്. എനിക്ക് ഒരു വേദനകൂടിയുണ്ട്. ഈ ഗവൺമെന്റിന്റെ സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള പ്രഖ്യാപനം. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്, അത് തീർച്ചയായും ആരുടേയും ഔദാര്യമല്ല, അതൊരു അവകാശമാണ്. അതുകൊണ്ട് ആ അവകാശം യാഥാർത്ഥ്യമാക്കപ്പെടണം. ഇനിയും സമുദായത്തിന്റെ താരാട്ടുപാട്ടു കേട്ട് ഒരുപാടു കാലം കാത്തിരിക്കാനാവില്ല. ആ കാത്തിരിപ്പ് ഒരു യാഥാർത്ഥ്യമായി മാറണം. അതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. 10-ാം തീയതി ചർച്ച നടക്കുകയാണ്. സന്തോഷമുണ്ട്. പക്ഷെ ഇനിയും ചർച്ചകളിലൂടെ, സമുദായത്തിലൂടെ, ഒരുപാടു കാലം സാമൂഹ്യ നീതി നിഷേധിച്ചുകൊണ്ട് മുന്നോട്ട് പോകാൻ ഈ ഗവൺമെന്റിന്, പ്രത്യേകിച്ച് ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റിനു സാദ്ധ്യമല്ല. അതുകൊണ്ട് അടിയന്തിരമായി ബാക്ക്ലോഗ് നികത്തുന്നതിനുവേണ്ടി സ്പെഷ്യൽ റിക്രൂട്ടുമെന്റ് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ക്രൈസിസ് മാനേജുമെന്റാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. സുനാമി ദുരന്തമുണ്ടായപ്പോൾ മറ്റ് സംസ്ഥാനത്ത് രാക്ഷസ തിരമാലകൾ ഇതിനെക്കാളും മാരകമായ വിപത്തുകൾ വാരി വിതറി. പക്ഷെ അവിടത്തെ ഗവൺമെന്റുകൾ ഇതിനെ നേരിട്ടതിനെക്കാൾ കൂടുതലായി ചരിത്രത്തിൽ ആദ്യമായി 24 മണിക്കൂറും ദുരിതം പേറുന്ന ജനങ്ങളോടൊപ്പം മനുഷ്യ സാദ്ധ്യമായ എല്ലാ കാര്യങ്ങളിലും വളരെ ശക്തമായി മാനേജ് ചെയ്തിട്ടുള്ള മുഖ്യമന്ത്രിയെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. എന്നിട്ടു പോലും

ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞുകൊണ്ട് അവിടെപ്പോയി രാഷ്ട്രീയം പറഞ്ഞ് മാനക്കേട് വാങ്ങി ഇറങ്ങിയോടിയിട്ടുള്ള പ്രതിപക്ഷനേതാവിനെ കേരളത്തിലെ ജനങ്ങൾ തിരിച്ചറിഞ്ഞു യെന്നുമാത്രം. ഈ രാജ്യത്ത് തൊഴിലില്ലായ്മാ പ്രശ്നം വളരെ രൂക്ഷമാണ്. 20,000 പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തത് ഏറ്റവും സ്വാഗതാർഹമായ കാര്യമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭരണ നിർവ്വഹണത്തിലെ സുതാര്യത ബോദ്ധ്യപ്പെടുത്തുന്നതിനും അത് ജനങ്ങളെ അറിയിക്കുന്നതിനും അത്യാധുനികമായ സൗകര്യങ്ങൾ ഐ.ടി.-യിലൂടെ ഈ ഗവൺമെന്റ് മുന്നോട്ട് കൊണ്ടു പോകുകയാണ്. 'സുതാര്യ കേരളം' എന്ന പദ്ധതി തീർച്ചയായും സ്വാഗതാർഹമാണ്. ഗവൺമെന്റ് പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും കുറ്റമറ്റരീതിയിൽ പ്രാവർത്തികമാക്കുന്നതിനും പദ്ധതി നടപ്പാക്കൽ വകുപ്പ് ആവിഷ്ക്കരിച്ചത് കേരളത്തിലെ ജനങ്ങൾ സന്തോഷത്തോടുകൂടിയാണ് കാണുന്നത്. ജനങ്ങൾ ഈ കാര്യത്തിൽ ബോധവാൻമാരാണ്. നൂറുദിന പരിപാടിയെത്തുടർന്ന് കേരളം അതിവേഗം മുന്നോട്ട് പോകുകയാണ്. വളരെ വേഗം മുന്നോട്ടുപോകുന്ന ഇത്തരം സന്ദർഭങ്ങളിൽ സഹകരിക്കുകയാണ് വേണ്ടത്. അതല്ലാതെ കൊഞ്ഞനംകുത്തിയതു കൊണ്ടൊന്നും ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു ചുക്കും ചെയ്യാൻ സാദ്ധ്യമല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സുനാമി ദുരിത ബാധിതർക്ക് ആശ്വാസമെത്തിക്കുന്ന കാര്യത്തിൽ മുൻഗണന നൽകണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ ഉൾപ്പെടെയുള്ള കർഷകരുടെ സ്ഥിതി നിങ്ങൾക്ക് അറിയാമല്ലോ. നാളികേരത്തിന് 2 രൂപ, റബ്ബറിന് 22 രൂപയൊക്കെയുണ്ടായിരുന്ന പഴയ കാലം ഇന്ന് കറുത്ത ഓർമ്മകൾ മാത്രമാണ്. കർഷകരുടെ ദുഃഖങ്ങളും പ്രയാസങ്ങളും നെഞ്ചിലേറ്റുന്ന ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. കർഷകരുടെ പ്രയാസങ്ങൾക്ക് ഈ സാമ്പത്തിക പ്രതിസന്ധിക്കിടയിലും വൻപിച്ച ആശ്വാസം പകരുന്ന ഒരു ഗവൺമെന്റാണ്. ഓരോ പഞ്ചായത്തിലേയും വരൾച്ച ബാധിച്ച കർഷകർക്കു വേണ്ടി ലക്ഷക്കണക്കിന് രൂപയാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. എനിക്ക് ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കാനുള്ളത് സംഭരണം നല്ലൊരു ആശയമാണ്. പക്ഷേ സീസൺ കഴിഞ്ഞിട്ടും അടയ്ക്കാ കൃഷിക്കാർക്ക് അതിനാവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാകുന്നില്ല. 'കാംപ്കോ'-യെ ചുമതലപ്പെടുത്തി അടയ്ക്കാ സംഭരണത്തിനാവശ്യമായ ഫണ്ട് നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കർഷകരുടെ ഉന്നമനത്തിനുവേണ്ടി വിവിധയിനം വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് പല നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽനിന്ന് വായ്പയെടുത്ത് കാർഷിക പ്രതിസന്ധിയിലൂടെ പ്രയാസം നേരിടുന്ന അഞ്ചുലക്ഷത്തോളം കർഷകരെയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. സംഖ്യ ഈടാക്കുന്നതിനും കിട്ടാക്കടങ്ങൾ ഈടാക്കുന്നതിനും ഇത് വളരെയേറെ ഗുണകരമായ നടപടിക്രമമാണ്. ശബരിമലയുടെ വികസനത്തിന് മുമ്പൊരിക്കലുമില്ലാത്ത താൽപ്പര്യം ഈ ഗവൺമെന്റ് കാണിച്ചത് തീർച്ചയായും സന്തോഷകരമാണ്. അൻപത് വർഷത്തെയ്ക്കു കൂടി മുൻകൂട്ടി കണ്ടുകൊണ്ട് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനും ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ശബരിമല മാസ്റ്റർപ്ലാൻ ഈ ഗവൺമെന്റിന്റെ അഭിമാനകരമായ തുവലായി മാറിയിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

റിക്കാർഡ് പുരോഗതിയാണ് ഈ ഗവൺമെന്റ് കൈവരിച്ചിട്ടുള്ളത്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ രൂപീകരണം, ഇരുന്നൂറോളം കോളേജുകളെ വിദ്യാഭ്യാസ ഗ്രിഡുകളുമായി ബന്ധപ്പെടുത്തൽ തുടങ്ങിയ നിരവധി കാര്യങ്ങൾ ഇതിൽ ചിലതു മാത്രമാണ്. അഫിലിയേറ്റ് ചെയ്ത ഓരോ സർവ്വകലാശാലയിലേയും ഒരു സർക്കാർ കോളേജിനെ സെന്റർ ഫോർ എക്സലൻസായി വികസിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. അങ്ങനെ വികസിപ്പിച്ചെടുത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് അക്കാഡമിക് സ്വയംഭരണം നൽകുന്നത് സന്തോഷകരമായ ഒരു നടപടിയായി ഞാൻ കാണുകയാണ്. ഭക്ഷ്യധാന്യങ്ങളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി സ്വീകരിക്കുന്ന സുതാര്യമായ നിലപാടുകൾ അഭിനന്ദനീയമാണ്. അതു പോലെ താലൂക്ക് സപ്ലൈ ഓഫീസുകളുടേയും റേഷനിംഗ് ആഫീസുകളുടേയും പ്രവർത്തനം സുതാര്യമാക്കുന്നതിനും ജനങ്ങളെ ആ കാര്യങ്ങളിൽ ബോധവാൻ മാരാക്കുന്നതിനുമുള്ള തീരുമാനം സന്തോഷകരമാണ്. അതുപോലെതന്നെ കാട് കാലാകാലങ്ങളിൽ നശിച്ചുകൊണ്ടിരിക്കുകയാണ്. ഹരിതാവരണം അഞ്ച് ശതമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തത് സന്തോഷകരമാണ്. ഇനിയും കാട് നശിച്ചു കൂടാ. എന്റെ മണ്ഡലത്തിലെ ജീരകപ്പാറയിൽ വനം നശിച്ചുകൊണ്ടിരിക്കുകയാണ്. മരം മുറിച്ചുകൊണ്ടുപോകുകയാണ്. വനം സംരക്ഷിക്കുന്ന കമ്മിറ്റിയുടെ പ്രസിഡന്റാണ് പ്രതിയായി ഇപ്പോൾ കാരാഗൃഹത്തിൽ കിടക്കുന്നത്. അതാണ് സ്ഥിതി. അതുകൊണ്ട് അത്തരം വനം ലോബി ആരുതന്നെയായിരുന്നാലും ശരി അവരെ പുകയിട്ട് പുറത്ത് ചാടിച്ച് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനുള്ള ദിശാബോധം വനം വകുപ്പുമന്ത്രി കാണിക്കണം. ആരോഗ്യ രംഗത്ത് പുതിയ പ്രതീക്ഷകൾ ഉളവായിരിക്കുകയാണ്. ഗ്രാമീണ മേഖലയിൽ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഡോക്ടർ മാരുടെ ഉൾപ്പെടെ 1200 പുതിയ തസ്തികകൾ സൃഷ്ടിച്ചു. 42-ഓളം പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിത്സ ആരംഭിക്കാൻ പോകുകയാണ്. നമ്മുടെ രാജ്യത്തെ ക്രമസമാധാനരംഗത്തെ സ്ഥിതി എന്തായിരുന്നു കറുത്ത റോഡുകൾ ചോരച്ചാലു കളായി മനുഷ്യന്റെ തല ഉരുണ്ട ആ കാലഘട്ടം ഇന്നില്ല. ഇന്ന് ആരും ആരെയും കൊല്ലുന്നില്ല. വളരെ സമാധാനപരമായ സഹവർത്തിത്വം . ഇപ്പോൾ കണ്ണൂരിൽ കണ്ണുനിർ വറ്റിയിരിക്കുകയാണ്. നാടാകെ ശാന്തമായി. ഇപ്പോൾ ശ്രീ. ബിനോയ് വിശ്വം ഉണ്ടാക്കുന്ന പ്രശ്നമല്ലാതെ ഒരു പ്രശ്നവുമവിടെയില്ല. ശാന്തമായ ഒരു സാഹചര്യ മാണ് അവിടെയുള്ളത്. പാർപ്പിട മേഖലയിൽ അഭൂതപൂർവ്വമായ വളർച്ചയാണുണ്ടായി ട്ടുള്ളത്. വൻഭവന പദ്ധതികൾ, അതുപോലെ മറ്റ് സമുച്ചയങ്ങൾ, വ്യാപാര സമുച്ചയങ്ങൾ, പേവാർഡുകൾ, ടൂറിസ്റ്റ് കാർട്ടേഴ്സുകൾ ഇതൊക്കെ അങ്ങേയറ്റം സന്തോഷകരമായ കാര്യങ്ങളാണ്. ഗ്ലോബൽ മീറ്റാണ് ഇവിടത്തെ ഏറ്റവും ഭീഷണിയായി ഇവർ കാണുന്നത്. നമുക്കറിയാം ആയിരക്കണക്കിനാളുകളുടെ പട്ടിണിമാറ്റി അവർക്ക് ആത്മവിശ്വാസം നൽകുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കുകയാണ്.അപ്പുറത്തു ള്ളവർക്ക് അരാജകത്വമുണ്ടെങ്കിലേ, പട്ടിണിയുണ്ടെങ്കിലേ, ദാരിദ്ര്യമുണ്ടെങ്കിലേ, രക്ത മൊഴുകിയെങ്കിൽ മാത്രമേ കമ്മ്യൂണിസത്തിന് വളക്കൂറുള്ള മണ്ണാകുകയുള്ളൂ എന്നാണ്. ഇവിടെ ഗ്ലോബൽ മീറ്റിലൂടെ കോടാനുകോടി രൂപയുടെ സംരംഭകരെ ആകർഷിക്കുന്ന തിന് ബഹുമാനപ്പെട്ട എ. കെ. ആന്റണിക്കും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കും സാധിച്ചിട്ടുണ്ട്. നിങ്ങൾ നല്ല വാക്ക് പറയണ്ട, തകർക്കുന്നതിനുള്ള ശ്രമം നടത്തരുത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എത്രയെത്ര സ്ഥാപനങ്ങളാണ് കടന്നുവന്നിട്ടുള്ളത്. എൽ.എൻ.ജി. ടെർമിനൽ, ഫാഷൻ സിറ്റി, വിപ്രോ, ഇൻഫോസിസ്സ്, വല്ലാർപാടം കണ്ടെയ്നർ ഇതുപോലുള്ള ലക്ഷക്കണക്കിന് ആളുകൾക്ക് പണി കിട്ടുന്ന, ലക്ഷോപലക്ഷം തൊഴിലവസരങ്ങൾ വീണ്ടുമുണ്ടാകുന്ന പദ്ധതികൾ ഇവിടെ ആരംഭിച്ചിരിക്കുകയാണ്. ഇതൊക്കെ കൈയും കെട്ടി നോക്കിനിൽക്കാൻ അപ്പുറത്തിരിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകും . സോഫ്റ്റ്വെയർ രംഗത്ത് കേരളത്തിലെ തെക്കേ ഇന്ത്യയിലെ പ്രധാന കേന്ദ്രമായി തിരുവനന്തപുരവും കൊച്ചിയും മാറുകയാണ്. വെട്ടിനിരത്തുകാർക്ക് ഇത് പ്രയാസമുണ്ടാക്കുന്ന പ്രശ്നമാണ്. തൊഴിലാളികൾക്ക് തൊഴിൽ കിട്ടിയിട്ടുണ്ടെങ്കിൽ കാലിനടിയിലെ മണ്ണ് ഊർന്നൊലിച്ചുപോകുമെന്ന തിരിച്ചറിവ് അപ്പുറത്തിരിക്കുന്ന ആളുകൾക്കുണ്ടാകുന്നത് സാധാരണമാണ്. അതുകൊണ്ട് ഇതൊക്കെ തകർക്കണമെന്ന മുദ്രാവാക്യമല്ലാതെ മറ്റൊന്നുമവർക്കില്ല. അവർ സൃഷ്ടിയുടെ ആൾ രൂപങ്ങളല്ല, സംഹാരത്തിന്റെ ആൾ രൂപങ്ങളാണ്. നശിച്ചു കാണുക. ആ നാശത്തിലൂടെ കമ്മ്യൂണിസ്റ്റ് നിലനിർത്തുകയെന്നല്ലാതെ ഈ രാജ്യത്തിന്റെ ഭാവിയെക്കുറിച്ച് ഒരു ചിന്തയുമില്ലാത്ത ഒരു പാർട്ടി, ലോകം മുഴുവൻ നശിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ പിടിച്ചുനിൽക്കാൻ പാടുപെടുന്ന കേരളത്തിലും നിങ്ങളുടെ കാലിനടിയിൽനിന്നും മണ്ണ് ഒലിച്ചുപോകുകയാണെന്ന് മാത്രമല്ല നിങ്ങൾ തകർന്ന് തരിപ്പണമായി മുൻപൊരിക്കലുമില്ലാത്ത രൂപത്തിൽ പിളർപ്പിനെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയുമാണ്. മലപോലെ വന്ന മാറാട് പ്രശ്നത്തിൽ ഒരു തുള്ളി രക്തം ചിന്താതെ പരിഹരിക്കപ്പെട്ടിരിക്കുകയാണ്. മഞ്ചേരിയിലെ പരാജയത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. നിങ്ങൾക്കറിയാമല്ലോ. മഹാനായ എ. കെ. ജി. പണ്ഡിറ്റ്ജിയെ വെല്ലുവിളിച്ചത് കാസർഗോഡ് ചുണ്ടിക്കാണിച്ചുകൊണ്ടാണ്. പക്ഷേ എ. കെ. ജി.-യുടെ ശിഷ്യൻ നായനാർപോലും തൊപ്പിയിട്ടില്ലേ? മഞ്ചേരിയിൽ പരാജയപ്പെട്ടതുമാത്രമാണോ പ്രശ്നം? എന്തിനധികം പറയുന്നു രാജീവ് ഗാന്ധിയും ഇന്ദിരാഗാന്ധിയും പരാജയപ്പെട്ടിട്ടില്ലേ? മഞ്ചേരിയിൽ പരാജയപ്പെട്ടപ്പോൾ നിങ്ങൾ വെല്ലുവിളിച്ചു മലപ്പുറത്തുവച്ച് കാണാമെന്ന്. ഞങ്ങൾ ആ വെല്ലുവിളി സ്വീകരിച്ചു. ഞങ്ങൾക്ക് നന്ദിയുണ്ട്, കടപ്പാടുണ്ട്, വിശേഷിച്ചും പ്രതിപക്ഷ നേതാവ് ശ്രീ. അച്യുതാനന്ദനോട്. ഞങ്ങളെ ഊർജ്ജസ്വലരാക്കി, കർമ്മധീരരാക്കി മുൻപൊരിക്കലുമില്ലാത്ത രൂപത്തിൽ ഞങ്ങളുടെ പാർട്ടി പ്രവർത്തനത്തിന് ശക്തിപകർത്തിയിട്ടുള്ള കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു, കൺക്ലൂഡ് ചെയ്യണം.

ശ്രീ. സി. മോയിൻകുട്ടി: രണ്ടാമത് ഒരിക്കൽക്കൂടി ശ്രീ. അച്ചുതാനന്ദൻ പറഞ്ഞു മലപ്പുറത്ത് കാണാമെന്ന്. അത് ഞങ്ങളോടല്ല നിങ്ങളോടാണ് പറയേണ്ടത്. ശ്രീ. പിണറായി വിജയനോടാണ് പറയേണ്ടത്. അവിടെ വെച്ച് കാണും, കാണണം. ആ കാണുന്ന കാര്യത്തിൽ തീർച്ചയായും വിജയം ഞങ്ങൾ ആശംസിക്കുകയാണ്. ഞാൻ ആ കാര്യത്തിലേയ്ക്ക് രാഷ്ട്രീയത്തിലേയ്ക്ക് കടക്കുന്നില്ല. നാണക്കേടാണ്. നിങ്ങൾ പ്രതികളെ എ.കെ.ജി. സെന്ററിൽ വച്ച് പ്രഖ്യാപിക്കുകയാണ്. എ.കെ.ജി. സെന്ററിൽ വച്ചാണ് പ്രതികളെ കണ്ടെത്തുന്നത്. മഹത്തായ ജുഡീഷ്യറിയെ പരമപുച്ഛത്തോടുകൂടി കാണുന്ന നിങ്ങളുടെ സമീപനം രാജ്യം തിരിച്ചറിഞ്ഞിരിക്കുകയാണ്. ജുഡീഷ്യറിയെ പുച്ഛിച്ച് പരിഹസിക്കുകയാണ്. എ.കെ.ജി. സെന്ററിൽ വച്ചാണ് പ്രതികളെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തുന്നതെന്ന നിങ്ങളുടെ കണ്ടുപിടിത്തമുണ്ടല്ലോ അത് നാണക്കേടാണെന്ന് മാത്രമേ എനിക്ക് പറയുവാനുള്ളൂ. അഡ്വക്കേറ്റ് ജനറലും ഡയക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും പരസ്പരം കൊമ്പുകോർക്കുകയാണ്.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: .....പ്ലീസ് കൺക്ലൂഡ് .....(ബഹളം).....

ശ്രീ. സി. മോയിൻകുട്ടി: എനിക്ക് ഒന്നു മാത്രമാണ് പറയുവാനുള്ളത് .....(ബഹളം).....

ശ്രീ. കടവൂർ ശിവദാസൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. എം. ഹസ്സൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. യു.ഡി.എഫ്. സർക്കാരിന്റെ മുന്നര വർഷത്തെ ഭരണനേട്ടങ്ങൾ വിലയിരുത്തിയാൽ സമാനതകൾ ഇല്ലാത്ത വൻപിച്ച നേട്ടങ്ങൾ നടത്തിയ ഒരു ഗവൺമെന്റാണിത്. വ്യവസായമായാലും കൃഷിയായാലും വിദ്യാഭ്യാസമായാലും നിയമസമാധാനമായാലും ഏത് കാര്യത്തിലായാലും നേട്ടങ്ങൾ കാണാം. അതുകൊണ്ട് സമാനതകൾ ഇല്ലാത്ത വൻപിച്ച നേട്ടങ്ങളുള്ള ഒരു ഗവൺമെന്റാണിത്. ഈ കാലഘട്ടത്തിൽ ജീവിതത്തിന്റെ സമസ്ത മേഖലകളിലും വികസനത്തിന്റെ ഗ്രാഫ് കുത്തനെ തന്നെ ഉയർന്നു. നമ്മുടെ മുന്നര വർഷക്കാലത്തെ വികസന പ്രക്രിയകൾ പരിശോധിക്കാം. സമസ്ത രംഗങ്ങളിലും വികസനത്തിന്റെ ഗ്രാഫ് കുത്തനെ തന്നെ ഉയർന്നാണിരിക്കുന്നത്. ഇതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യങ്ങൾ ശരിയല്ല എന്ന് ഏതെങ്കിലും മെമ്പർമാർ പറഞ്ഞിട്ടുണ്ടോ? അതുകൊണ്ട് നിങ്ങൾ എല്ലാം അറിയാവുന്ന ആളുകളാണ് എന്നാണ് ഞാൻ വിചാരിക്കുന്നത്... മനസ്സുകൊണ്ട് നിങ്ങൾ ഇതിന് അനുകൂലമാണ്. ഒരു ചടങ്ങിനുവേണ്ടി പ്രമേയത്തെ നിങ്ങൾ എതിർക്കുകയും വോട്ട് ചെയ്യുകയുമാണെന്നാണ് ഞാൻ വിചാരിക്കുന്നത്. എങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ പറയുന്നത് ഒന്നും ചെയ്യുന്നില്ല എന്നാണ്. ഒന്നുരണ്ടു കാര്യങ്ങളുണ്ട്. ശ്രീമാൻ ഉമ്മൻചാണ്ടി ഒരു ദിഗ്ജയം നടത്തി. എന്താണെന്നു വച്ചാൽ ജനാധിപത്യത്തിൽ ഭരണം നടത്തണമെങ്കിൽ ബ്യൂറോക്രസിയെ സജ്ജമാക്കണം. മുഖ്യമന്ത്രി ബ്യൂറോക്രസിയെ ജനങ്ങളുടെ കാര്യത്തിലേയ്ക്ക് സജ്ജമാക്കി വരുത്തി എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. 77 ശതമാനം ഫയലുകൾ ഇപ്പോൾ ഡിസ്പോസ് ചെയ്തു. നിങ്ങളുടെ കാലത്ത് ഉണ്ടായിരുന്നോ? മുന്നരക്കൊല്ലംകൊണ്ട് ഇരുപതിനായിരം പുതിയ തൊഴിലുകൾ ഉണ്ടാക്കിയിട്ടുണ്ട്. ബഹുമാന്യനായ എ. കെ. ആന്റണി ഭരിച്ചിരുന്ന കാലത്ത് ഇതിനു മുമ്പത്തെ അഞ്ച് കൊല്ലത്തെ ഭരണകാലത്ത് ഉണ്ടായിരുന്നതിനേക്കാൾ തൊഴിൽ ഉണ്ടായിട്ടുണ്ട്. നിങ്ങൾ ഇലക്ട്രിസിറ്റിയെക്കുറിച്ച് പറഞ്ഞു. 22 കൊല്ലമായി മുടങ്ങിക്കിടന്നിരുന്ന കുറ്റ്യാടി ആഗ്മെന്റേഷൻ പദ്ധതിക്ക് നിങ്ങളുടെ അഞ്ചു കൊല്ലക്കാലത്തിനിടയ്ക്ക് അതിന്റെ കെട്ടഴിച്ച് നോക്കിയോ? ഞങ്ങളുടെ ഗവൺമെന്റ് വന്നതിനു ശേഷമാണ് 227 മില്ല്യൻ യൂണിറ്റ് പ്രൊഡ്യൂസ് ചെയ്തത്.

ശ്രീ. സി. കെ. നാണു: എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കുറ്റ്യാടി പദ്ധതി ഉദ്ഘാടനം ചെയ്യുകയും രണ്ടാമത്തെ പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: ഈ രാജ്യത്ത് ഉദ്യോഗസ്ഥരുടെ അലംഭാവംകൊണ്ട് കള്ളക്കേസുകൾ ഉണ്ടാക്കി സുപ്രീം കോടതിയിൽ നിന്നും വിധിയുണ്ടാക്കി. നിങ്ങൾ വന്നപ്പോൾ സുപ്രീം കോടതി വിധി വന്നിരുന്നു. നിങ്ങൾ അഴിച്ചു നോക്കിയിട്ടില്ല. ഈ ഗവൺമെന്റ് ഉദ്യോഗസ്ഥരെ വിളിച്ച് ശകാരിച്ചു. ഉദ്യോഗസ്ഥരോട് ശരിയായി സംസാരിക്കുന്നില്ല എന്ന് പലരും പരാതി പറഞ്ഞു. നിങ്ങൾ വരുമ്പോൾ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ 1,300 കോടിയോളം രൂപ കമ്മിയായിരുന്നു. കഴിഞ്ഞ രണ്ടുവർഷം വെള്ളം ഇല്ലാതിരുന്നതുകൊണ്ട് 1,100 കോടിയോളം രൂപ നമുക്ക് നഷ്ടപ്പെട്ടെങ്കിലും ഇപ്പോൾ കമ്മി 600 കോടി രൂപയേയുള്ളൂ. വെള്ളത്തിന്റെ കുഴപ്പം ഇല്ലാതിരുന്നുവെങ്കിൽ അത് ലാഭമാകുമായിരുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് വികസനത്തിന്റെ രംഗത്തും ഗ്രാഫ് ഉയർന്നു. നിങ്ങളുടെ ഗവൺമെന്റിനെ ജനങ്ങൾ വിമർശിച്ചിരുന്ന പ്രശ്നങ്ങളിൽ പ്രധാനമായും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്, കാർഷികോൽപ്പന്നങ്ങൾക്ക് വിലയില്ലാതിരിക്കുക, പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച, വ്യവസായത്തിന്റെ മാന്ദ്യം, ജനാധിപത്യ ധ്വംസനം, വിദ്യാഭ്യാസത്തിലെ അരാജകത്വം ഇതൊക്കെയായിരുന്നു. ഈ സമസ്ത രംഗങ്ങളും നമ്മൾ റെസ്റ്റോർ ചെയ്തു. സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗ രാജ്യത്തിലേയ്ക്ക് ശ്രീ. എ. കെ. ആന്റണിയുടെ ഭരണത്തിൽ ശ്രീ. ഉമ്മൻചാണ്ടിയെക്കൂടി കൊണ്ടുവന്നു എന്നുള്ളതു തന്നെ ആദ്യത്തെ കാര്യം. എല്ലാറ്റിനും പ്രയോരിറ്റിയുണ്ട്. അതിൽ തർക്കമുണ്ടോ? പയ്യാവൂർ സംഭവത്തെക്കുറിച്ച് നിങ്ങൾക്ക് ഓർമ്മയുണ്ടോ? ഇതാണോ പഞ്ചായത്ത് ഭരണം? പഞ്ചായത്ത് മെമ്പർമാരെ പോലീസ് സ്റ്റേഷനിൽ പിടിച്ച് നിർത്തിയിട്ട് ആർ.ഡി.ഒ. വന്ന് ഭരണം നടത്തിയിട്ട് ഞങ്ങളുടെ ഇപ്പോഴത്തെ മുഖ്യമന്ത്രി ഉൾപ്പെടെ അവിടെ നിരാഹാരം കിടന്നിട്ട് നിങ്ങൾ തിരിഞ്ഞ് നോക്കിയില്ല. അന്ന് ഹൈക്കോടതി പറഞ്ഞു ഈ ഗവൺമെന്റ് ജനാധിപത്യത്തിന്റെ നാരായവേർ അറുത്തിരിക്കുന്നുവെന്ന്. അതാണ് ജനാധിപത്യധ്വംസനം. ആർ.ഡി.ഒ. പറഞ്ഞു വെടി വയ്ക്കാൻ. വെടിവെച്ച പോലീസ് ഓഫീസറുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സെടുത്തു. ഇതായിരുന്നു നിയമവാഴ്ച. പോലീസ് രാഘവനെ സംരക്ഷിക്കാൻ പോയതായിരുന്നു. ഒടുവിൽ വാദിയെ പ്രതിയാക്കി. ഈ രാജ്യത്ത് അരാജകത്വം അഴിച്ചുവിട്ടു. രണ്ടു തരം പൗരൻമാരെ സൃഷ്ടിച്ചു. നിങ്ങൾക്ക് ഒരു ഭരണം ഞങ്ങൾക്ക് ഒരു ഭരണം. നിങ്ങൾ ഭരണം നടത്തുന്നുണ്ട്. സ്റ്റേറ്റ് കമ്മിറ്റി തൊട്ട് ബ്രാഞ്ച് കമ്മിറ്റിവരെ പാർട്ടി ഓഫീസിലിരുന്ന് ആര് കുറ്റം ചെയ്തു, ആര് കുറ്റം ചെയ്തില്ല, ആരെ പ്രതിയാക്കണം, ആരെ രക്ഷിക്കണം എന്നൊക്കെയാണ് നിങ്ങൾ ആലോചിക്കുന്നത്. എന്നാൽ ഇപ്പോൾ നിങ്ങളുടെ സെക്രട്ടറി ശ്രീ. പിണറായി വിജയൻ വെളിപ്പെടുത്തിയത് അദ്ദേഹം അറിഞ്ഞോ അറിയാതെയോ എന്ന് എനിക്കറിയില്ല. ഞാൻ ആദ്യം ഞെട്ടിപ്പോയി. അത് അദ്ദേഹം ഡിനൈ ചെയ്യുമെന്ന് ഞാൻ വിചാരിച്ചു. സൂര്യനെല്ലി കേസ്സിലും ഐസ്ക്രീം കേസിലും ആവർത്തിച്ച് ഉറപ്പിച്ച് പറഞ്ഞത് ആ സബ് കമ്മിറ്റിയിലാണ്. ആ കാര്യത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. എന്താണ് ക്രിമിനൽ കേസ് എന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഒരു ഒഫൻസുണ്ടായാൽ അതിനെക്കുറിച്ച് ഒരു എഫ്.ഐ.ആർ. അവിടെ റെക്കോർഡ് ചെയ്യണം. അതിനെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തണം. ഒന്നുകിൽ അവർ കുറ്റക്കാരനാണെന്നു പറയും അല്ലെങ്കിൽ വെറുതെ വിടും. ഈ രാജ്യത്ത് സുപ്രീം കോടതിക്കുപോലും അതിൽ ഇടപെടാൻ അവകാശമില്ല. ഇവിടെ നമ്മുടെ ശ്രീ. പിണറായി

2.00 p.m.]

വിജയന്റെ വെളിപ്പെടുത്തൽകൊണ്ട് ശ്രീ. ചടയൻ ഗോവിന്ദനും ബഹുമാന്യനായ പ്രതിപക്ഷ നേതാവും ഉൾപ്പെട്ട ഒരു കമ്മിറ്റിയാണ് ഇത് പ്രോസ്സസ് ചെയ്തത് എന്നു പറഞ്ഞാൽ ഇവിടത്തെ ബ്രാഞ്ച് കമ്മിറ്റി തൊട്ട് സെക്രട്ടറിവരെ രണ്ടുതരം പൗരൻമാരെ ഉണ്ടാക്കാൻ നിങ്ങൾ നിയമം കൈയിലെടുത്തു എന്നുള്ളതല്ലേ? അതിനുമപ്പുറം ലജ്ജാകരമായിട്ടുള്ളത് യു.പി.എ. ഗവൺമെന്റിൽ ഉണ്ട്, മയൂര സിംഹാസനത്തിലെ കോഹിന്നൂർ രത്നംപോലെ യു.പി.എ. ഗവൺമെന്റിൽ ഇടതുപക്ഷം ഇരിക്കുന്നു എന്നൊക്കെപ്പറഞ്ഞു. സന്തോഷം. പക്ഷേ ഞങ്ങൾക്ക് നിങ്ങൾ ഈ കേസ്സിൽ ഒരു liability യായി. എന്താണെന്നു വച്ചാൽ നമ്മൾ ബി.ജെ.പി.-ക്ക് എതിരായി. കോൺഗ്രസ്സ് എന്നുപറഞ്ഞാൽ രണ്ടു സ്റ്റേറ്റിൽ അല്ലല്ലോ, ഇൻഡ്യയിലെ എല്ലാ സ്റ്റേറ്റിലും തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിക്കുകയോ തോൽക്കുകയോ ചെയ്യുന്ന ഇവിടത്തെ ഏറ്റവും വലിയ പാർട്ടിയാണ്. അതിനുവേണ്ടി എത്ര ശതമാനമാണ് ഞങ്ങൾക്ക് ആളുകൾ ഉള്ളത്? അവിടെയെല്ലാം പോയി ഞങ്ങൾക്കെതിരായിട്ടുള്ള, ബി.ജെ.പി.-യെപ്പറ്റി പറഞ്ഞു. ഇത് ഒരു ഫാസിസ്റ്റ് കക്ഷിയാണ്, ഇവർ നിയമവാഴ്ച നടത്തി. എന്തുകൊണ്ടെന്നാൽ അതിൽ ഏറ്റവും വലുത് നരേന്ദ്രമോഡി എന്നുപറയുന്ന അവരുടെ മുഖ്യമന്ത്രി ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ അട്ടിമറിച്ചു, ഹൈജാക്ക് ചെയ്തു. സുപ്രീം കോടതിയിൽ അവിടെ ചെന്ന് പറഞ്ഞപ്പോൾ അവർ പറഞ്ഞു ശരി, ശ്രീ. പിണറായി വിജയന്റെ ഈ പെറ്റീഷനുമേൽ ഒരു പെറ്റീഷനോ കേസിനോ മറ്റോ കോടതിയിൽ പോയാൽ, പോകാതിരിക്കട്ടെ. നമ്മൾ ഇപ്പോൾ സഹോദരങ്ങളാണല്ലോ. അപ്പുറത്താണെങ്കിലും ഇമൂമെയ്യാണെങ്കിലും ഒറ്റക്കെ എന്നുപറഞ്ഞാണല്ലോ നമ്മൾ ഇരിക്കുന്നത്. അപ്പോൾ നരേന്ദ്രമോഡി എന്താണു ചെയ്തത്? നരേന്ദ്രമോഡി സമ്മതിച്ചിട്ടില്ല. On the basis of the evidences available 3000 cases-ൽ ഇൻവെസ്റ്റിഗേഷൻ പറഞ്ഞിരിക്കുകയാണ്. എത്ര ഹീനമായ കുറ്റമാണ് ചെയ്തിരിക്കുന്നത്, ഇപ്പോഴെങ്കിലും ബോദ്ധ്യപ്പെടുക ഞങ്ങൾ എന്തുചെയ്തു എന്ന്, ഒന്നും ചെയ്തില്ല എന്നു വാദിച്ചാൽ സ്വാതന്ത്ര്യം തന്നെ അമൃതം, സ്വാതന്ത്ര്യം തന്നെ ജീവിതം എന്നുപറഞ്ഞ മഹാരഥൻ ഉണ്ടല്ലോ. ആ സ്വാതന്ത്ര്യ ബോധത്തിലേയ്ക്ക് നമ്മുടെ ടാഗോർ പാടിയതുണ്ടല്ലോ..... Into that Heaven of freedom my Father left my county awake. സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗ്ഗരാജ്യത്തിലേയ്ക്ക് പിതാവെ എന്റെ രാജ്യത്തെ ഉണർത്തേണമേ, ഇവിടെയിരിക്കുന്ന ശ്രീ. എ.കെ. ആന്റണിയുടെ പോലീസ് നയത്തെപ്പറ്റി എന്തു പറഞ്ഞാലും ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗരാജ്യത്തിൽ എവിടെയെങ്കിലും ഇങ്ങനെ രണ്ടുതരം പൗരൻമാരുണ്ടോ? ഇപ്പോൾ വാസ്തവത്തിൽ it has become a liability, it has become a shame. രാജ്യത്ത് നിങ്ങളും ഞങ്ങളും ഉൾക്കൊള്ളുന്ന യു.പി.എ.-ക്കാർക്ക് അഡ്മിഷൻ. അവർക്കറിയില്ല എങ്കിൽ ശരിയായിരിക്കാം, അതിനെപ്പറ്റി അതീവരസകരമായ ഒരു ഭാഷാശൈലി തന്നെയുണ്ട്. നിങ്ങളുടെ ഒരു ധീഷണാശാലിയായ ശ്രീ. ജനാർദ്ദനക്കുറുപ്പ് 53 കൊല്ലം gardener ആയിരുന്നു എന്നു പറയുന്നു. അതിനുമുമ്പ് കെ.എസ്.പി.-യോ, ആർ.എസ്.പി.-യോ ആയിരുന്നു. അദ്ദേഹം പറഞ്ഞതെന്താണെന്നോ? എല്ലാ ക്രിമിനൽ കേസ്സിലും ഇങ്ങനെ ഒരു ദാമോദരൻ touch ഉണ്ടെന്നാണ്. ദാമോദരൻ touch എന്നു പറഞ്ഞാൽ ഈ കമ്മിറ്റിയാണ്, ദാമോദരൻ touch എന്ന പ്രയോഗം, It is a kind of word. അദ്ദേഹം ഒരു ജീനിയസാണ്. ആ word അടുത്ത ഡിക്ഷണറി എഴുതുന്നവൻ നിശ്ചയമായും എഴുതും. What is Damodaran touch? ഇത് ഇൻവെസ്റ്റിഗേഷൻ ഹൈജാക്ക് ചെയ്യുവാനുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ എന്തുചെയ്തു എന്നു ചോദിച്ചതുകൊണ്ടാണ് ഞാൻ ഇതു പറഞ്ഞത്. അല്ലെങ്കിൽ ഞാൻ ഇത് പറയില്ലായിരുന്നു. ഇനി 23 കോടി രൂപ മേടിച്ച് മുടിച്ചു കഴിഞ്ഞാൽ അതിന്റെ കടം കൊണ്ടും പലിശ കൊണ്ടും മാത്രം ആ തറവാട് മുടിയില്ലേ; രാജ്യം മുടിയില്ലേ? അത് മേടിച്ചവനല്ലേ ഉത്തരവാദി. ഇപ്പോൾ നിങ്ങൾ 40 കോടി, നാലായിരം കോടി എന്നെല്ലാം പറയുന്ന അതിന്റെ അതിഭീമമായ പലിശ മൾട്ടിപ്ലൈ ചെയ്തതാണ്. നിങ്ങളുടെ കാലത്ത് ഉണ്ടായിരുന്ന സഞ്ചാരയോഗ്യമല്ലാത്ത തല്ലിപ്പൊളി റോഡുകളാണോ ശ്രീ. മുനീറിന്റെ കാലത്ത് ഇവിടെയുണ്ടായിരുന്നത്? അദ്ദേഹം മറുപടി പറയുമ്പോൾ പറയും. എത്ര കോടിരൂപ വേൾഡ് ബാങ്കിൽ നിന്നും മേടിച്ചു? എത്ര മനോഹരമായി ഇവിടത്തെ എം.സി. റോഡ്. അതുപോലെ രാജ്യം മുഴുവനും ഇങ്ങനെ റോഡ് കേരള ചരിത്രത്തിൽ ഇങ്ങനെ ഒരു പൊതുമരാമത്ത് വികാസം ഉണ്ടായിട്ടുണ്ടോ? കുഞ്ഞൻനമ്പ്യാർ പറഞ്ഞതുപോലെ കണ്ണടച്ച് അങ്ങ് ഇരുട്ടാക്കി നടന്നാൽ മറ്റു ലോകർക്ക് കണ്ണുകാണാതാകില്ല. ഞങ്ങൾക്ക് ഇപ്പോഴും കാണാം അതാണ്. സാമ്പത്തിക പ്രശ്നം ഞങ്ങളൊന്നും ചെയ്തതല്ല, ഒരു രാജ്യത്ത് വികസനം വേണ്ടേ? രാജ്യത്ത് റോഡ് വേണ്ടേ, വ്യവസായം വരണമെന്നു പറഞ്ഞാൽ ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാകണം. ആ ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടായിട്ടുണ്ട്. ഇനി വിദ്യാഭ്യാസത്തെപ്പറ്റി, എല്ലാ കാലത്തും രാജ്യത്ത് ജനാധിപത്യം ഉണ്ടാക്കിയതിനുശേഷം വിദ്യാഭ്യാസ രംഗത്ത് അരാജകത്വം ഉണ്ടാക്കുക എന്നുള്ളതായിരുന്നു നിങ്ങളുടെ നയം. ശ്രീ. ടി.എം. ജേക്കബ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന യു.ഡി.എഫ്.-ന്റെ കാലത്ത് ഇവിടെ പലരും പറഞ്ഞ കാര്യമല്ല ഞാൻ പറയുന്നത്. പ്രീഡിഗ്രി ബോർഡ് നാഷണൽ സ്കീമിന്റെ ഭാഗമായി വന്നപ്പോൾ എന്തിന് എതിർത്തു എന്ന് ഇപ്പോഴെങ്കിലും പറയണം. അരാജകത്വം അത് ഒരു കല, അങ്ങനെ ഒരു പാർട്ടിയുണ്ടോ; അങ്ങനെ ഒരു സിദ്ധാന്തമുണ്ടോ? എന്നിട്ട് നിങ്ങൾ പ്ലസ് ടു ഉണ്ടാക്കി, അപ്പോൾ അഴിമതിയാണെന്ന് കണ്ട് ഹൈക്കോടതി തട്ടി. ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ കാര്യത്തിൽ സുവർണ്ണ യുഗമായിരുന്നു. ചരിത്രത്തിൽ ആദ്യമായി പുതിയ അഞ്ച് മെഡിക്കൽ കോളേജുകൾ, ധാരാളം എഞ്ചിനീയറിംഗ് കോളേജുകൾ അതിന് ഉണ്ടാക്കിയ ഒരു സംവിധാനം, ഒരു പ്രോജക്ട് അഖിലേന്ത്യാ അടിസ്ഥാനത്തിൽ സുപ്രീംകോടതി അംഗീകരിച്ചു. ഈ രാജ്യത്ത് ക്ഷേമമുണ്ടാക്കിയതിന്റെ അടിസ്ഥാന കാരണക്കാർ യു.ഡി.എഫ്. ഗവൺമെന്റാണ്. നിർമൽസര ബുദ്ധികൾ എഴുതുന്ന ചരിത്രത്തിൽ അതാണ് ഞാൻ പറഞ്ഞത്. സമാനതകൾ ഇല്ലാത്ത ഔന്നത്യത്തോടുകൂടിയ ഒരു ഭരണമാണ്. വേണമെങ്കിൽ ഗോൾഡൻ ഏജ് എന്ന് വിദ്യാഭ്യാസത്തെപ്പറ്റി പറയാം. നിങ്ങൾ ഭരിച്ചുകൊണ്ടിരുന്നപ്പോഴും ഞങ്ങൾ ഭരിച്ചു കൊണ്ടിരുന്നപ്പോഴും എൻ.ഡി.എ. ഗവൺമെന്റുണ്ട്. ഇപ്പോഴാണ് മാറ്റം വന്നത്. പക്ഷെ രണ്ടുരൂപാ തേങ്ങയ്ക്ക് വിലയുണ്ടായിരുന്നപ്പോൾ അത് കുറയ്ക്കാനല്ല നിങ്ങൾ നോക്കിയത്. സഖാവ് ബേബിക്ക് ആകെ ഒരു വിദ്യയേ അറിയാവൂ. മാർച്ച് അല്ലെങ്കിൽ സമരം. രണ്ടുരൂപ തേങ്ങക്ക് ഉണ്ടായിരുന്നത് ഒന്നേമുക്കാൽ രൂപയാക്കി സമരം തീർന്നപ്പോൾ. ഇപ്പോൾ 12 രൂപ തൊട്ട് 14 രൂപവരെയാക്കിയത്, ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നാണോ നിങ്ങൾ പറയുന്നത്? റബ്ബറിന് 25 രൂപയിൽ നിന്നും ഇന്ന് 54 രൂപയാക്കിയ ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നാണോ പറയുന്നത്? പിന്നെ എന്താണ് ഞങ്ങൾ ചെയ്യേണ്ടത് എന്നാണ് എനിക്ക് മനസ്സിലാകാത്തത്. ജനനന്മയാണ് ഭരണം. നിങ്ങളുടെ ഭരണത്തിൽ ജനനന്മയുണ്ടായിരുന്നില്ല. ജനനന്മ ജീവിതത്തിൽ നിന്ന് ഉണ്ടാകുന്നതാണ്. കുരുമുളകിന് 75 രൂപ വർദ്ധിച്ചു. നെല്ല്, അടയ്ക്ക

LIBRARY ARCHIVES Kerala Legislative Assembly

അതിനെല്ലാം മാർക്കറ്റ് ഇന്റർവെൻഷൻ വർദ്ധിക്കാത്തതിന് അതിലൊക്കെ ഡിഫക്ട് ഉണ്ടായേക്കാം. നിങ്ങൾ യന്ത്രാന്വേഷികൾ, അതായത് സൂചികടത്താനിടം ഉണ്ടെങ്കിൽ തുമ്പ കടത്താൻ ഇടം ഉണ്ടോ എന്ന് പ്രതിപക്ഷം നോക്കും. ഞാൻ കുറ്റം പറയുന്നില്ല. അങ്ങനെയൊക്കെ ഉണ്ടാകാം. അതെല്ലാമായിരുന്നു പ്രശ്നം, ആ പ്രശ്നങ്ങളൊക്കെ ഞങ്ങൾ പരിഹരിച്ചു. ഇന്നത്തെ കേരളത്തിൽ ഈ പ്രശ്നം വല്ലതുമുണ്ടോ? ഹെൽത്തിന്റെ കാര്യം, ഹെൽത്തിൽ ഒറ്റയടിക്ക് ഒരു കാബിനറ്റ് 1200 പോസ്റ്റാണ് ക്രിയേറ്റ് ചെയ്തത്. നിങ്ങളുടെ ഭരണവുമായി ഞാൻ താരതമ്യപ്പെടുത്തട്ടെ. നിങ്ങളുടെ ഭരണകാലത്തെപ്പറ്റി അൽപ്പം കേൾക്കൂ, നിങ്ങളും അഞ്ചുകൊല്ലക്കാലം ഹെൽത്ത് ഭരിച്ചിരുന്നുവല്ലോ. 1961-ലാണ് നമ്മുടെ രാജ്യത്ത് ഹെൽത്തിൽ സ്റ്റാഫിന് സട്രെഗ്ത് ഉണ്ടായത്. നിങ്ങൾ മറന്നുപോയോ? തൊഴിലാളി വർഗ്ഗത്തിന്റെ ഗവൺമെന്റിന് സ്റ്റാഫ് സട്രെഗ്ത് വേണമെന്ന് അറിയാൻ വയ്യായിരുന്നോ? പാവപ്പെട്ടവന് ചികിൽസ ഇവിടത്തെ ഹൈടെക് ആശുപത്രികളിലല്ല സർക്കാർ ആശുപത്രികളിലാണെന്ന് നിങ്ങൾ ഒരിക്കലും ഓർമ്മിച്ചിട്ടില്ല. ഞാൻ ആശുപത്രിയിൽ വരുമ്പോൾ ഒരു ദിവസവും അവിടെ ഡോക്ടർ ഇല്ല, എന്താണ് കാര്യമെന്ന് ചോദിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് ഇപ്പോഴും 1961-ലെ സ്റ്റാഫ് പാറ്റേൺ ആണെന്നാണ്. ഇപ്പോൾ 500 ഇരട്ടിയാണ് ഒ.പി. കൂടിയിരിക്കുന്നത്. ഇതൊന്നും നിങ്ങൾ മനസ്സിലാക്കുന്നില്ല. ഉടൻ കാബിനറ്റ് കൂടി, ഉടൻ അതിനെപ്പറ്റി തീരുമാനിച്ചു. അടിയന്തിരമായി 1200 സ്റ്റാഫിനെ നിയമിക്കുകയും 15,000 സ്റ്റാഫിന്റെ പ്രൊപ്പോസൽ ഉണ്ടാക്കുകയും ചെയ്തു. ഇവിടെ ഡോക്ടർമാർ ഇല്ല, എന്താണെന്നുവച്ചാൽ മെഡിക്കൽ കോളേജ് നന്നാകാൻ പാടില്ലല്ലോ. ഇവിടത്തെ സമരം എന്നു പറഞ്ഞാൽ മെഡിക്കൽ കോളേജ് പാടില്ല, നിങ്ങൾ എന്തുകൊണ്ട് മനസ്സിലാക്കിയില്ല. നിങ്ങൾ ഭരണത്തിൽ ഇരുന്നപ്പോൾ മെഡിക്കൽ കോളേജ് വേണം, പാരാ മെഡിക്കൽ കോളേജ് വേണം, എഞ്ചിനീയറിംഗ് കോളേജ് വേണം. ഞാനും ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ ചുമതല വഹിച്ചിട്ടുണ്ട്. ദിവസേന വരുന്ന കാര്യമാണ്. ഡോക്ടർമാരേയും, നഴ്സുമാരേയും പുറത്തേയ്ക്ക് അയയ്ക്കാൻ നിവൃത്തിയില്ല. നിങ്ങളുടെ കാലത്ത് ഇവിടെ ആശുപത്രികളും ഡോക്ടർമാരും ഉണ്ടായിരുന്നെങ്കിൽ നമ്മുടെ മിടുക്കൻമാരായ കുട്ടികളെല്ലാം പുറത്തുപോകില്ലേ? എന്തൊരു നിഷേധാത്മകമായ കാര്യമാണ് നിങ്ങൾ ചെയ്യുന്നത്? നിങ്ങൾ ഞങ്ങളുടെ പാർട്ടിയിലെ ആഭ്യന്തര പ്രശ്നമൊക്കെ പറഞ്ഞ സ്ഥിതിക്ക് ഞാൻ നിങ്ങളോടുകൂടി ഒന്നു പറഞ്ഞുകൊള്ളട്ടെ, നിങ്ങളുടെ ഈ മാർക്സിസം, ലെനിനിസം എന്ന പാർട്ടിക്ക്, എല്ലാ പാർട്ടിക്കും ഉള്ളതുപോലെ ജനിതകവൈകല്യം ആ സിദ്ധാന്തത്തിൽ ഉണ്ട്. അതുകൊണ്ട് അപൂർവ്വം ചില രാജ്യങ്ങളിൽ പിടിച്ചു, എവിടെയൊക്കെയെന്ന് നിങ്ങൾക്ക് അറിയാം. റഷ്യയിലും, പൂർവ്വ യൂറോപ്യൻ രാജ്യങ്ങളിലും, യുദ്ധത്തിനുശേഷം ബാൾക്കൻ രാജ്യങ്ങളിലും അങ്ങനെ കിട്ടിയതാണ്. അല്ലാതെ വിപ്ലവത്തിലൊന്നുമല്ല. പക്ഷേ ആ വിത്ത് പിന്നെ മുളച്ചില്ല. ജനിതകവൈകല്യമുള്ള വിത്ത് അന്തക വിത്തായിപ്പോയി. അപ്പോൾ ചൈനയിൽ, മാവോസേത്തുങ്ങിന്റെ രാജ്യത്ത് ഒരായിരം പൂക്കൾ വിരിയട്ടെയെന്ന് അദ്ദേഹം പറഞ്ഞു, വെളുത്ത പൂച്ചയായാലും കറുത്ത പൂച്ചയായാലും എലിയെ പിടിച്ചാൽ മതി. ആ സിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്ന മഹാൻമാരായ ആളുകളുടെ കാൽതൊട്ട് വണങ്ങുന്നവനാണ് ഞാൻ. ഈ രാജ്യത്ത് ഈശ്വരൻ സർവ്വതും കുറ്റമറ്റതായി ഒന്നും ഉണ്ടാക്കിയിട്ടില്ല. ജനിതകവൈകല്യത്തിന് എഞ്ചിനീയറിംഗ് ഉണ്ട്. അത് പാസ്സാക്കി. അതാണ് പുതിയ ചൈന, ആ പുതിയ ചൈനയുടെ നയം

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ് ബംഗാളിലും. നിങ്ങളുടെ നാലാം ലോകമെന്നു പറയുന്നത് നിങ്ങളുടെ കൂട്ടത്തിൽ പഠിപ്പും വിവരവും വിദ്യാഭ്യാസവും വായനയുമുള്ളവർ അതിനെപ്പറ്റി ആലോചിച്ചിട്ട് അവർ ഇതിൽ ചെറിയ മാറ്റങ്ങൾ വരുത്തുകയാണ്. കാലാനുസൃതമായ മാറ്റമൊഴിച്ച് എല്ലാറ്റിനും മാറ്റം വരും. നിങ്ങൾ ഇത്രയും ശാഠ്യം പിടിക്കുന്നത് എന്തിനാണ്? അത് ഈ രാജ്യത്തിനു തന്നെ അപകടമാണ്. ഞാൻ അവസാനമായി പറയട്ടെ, നമ്മുടെ സഹോദര സ്നേഹിതൻമാർ യു.പി.എ. ഗവൺമെന്റിൽ ഇരിക്കുമ്പോൾ പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗ് പറയുന്നത് ഇവിടെ വിദേശ രാജ്യത്തിന്റെ പണം ഇൻവെസ്റ്റ് ചെയ്യുന്നതിന് ചൈനയുടെ പോളിസി നമ്മൾ അംഗീകരിക്കണമെന്നാണ്. കേരള ഗവൺമെന്റിനെ നിങ്ങൾ അതിന് അനുവദിക്കുമോ? ക്രിയാത്മകമായ പ്രതിപക്ഷമെന്ന നിലയിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ അത് ചെയ്യാൻ നിങ്ങൾ അനുവദിക്കുമോ? അനുവദിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. രണ്ടാമത്തെ കാര്യം ബംഗാളിൽ എത്രയോ കാലമായി ശ്രീ. ബസുവും ഇപ്പോഴത്തെ പ്രധാനമന്ത്രി ശ്രീ. ഭട്ടാചാര്യയും ചെയ്തുകൊണ്ടിരിക്കുന്നത്. വേണമെങ്കിൽ ഒരു സ്റ്റഡി ക്ലാസ്സ് നടത്താൻ ഭട്ടാചാര്യയെ ശ്രീ. ഉമ്മൻ ചാണ്ടി വരുത്തും. അതാണ് എഞ്ചിനീയറിംഗ്, അവിടത്തെ ജനിറ്റിക്സ് എഞ്ചിനീയറിംഗിൽ ഒരു ചെറിയ മാറ്റം, അല്ലെങ്കിൽ നല്ല പാർട്ടിയാണ്. വലിയ പാർട്ടിയാണ്. കൊല്ലണം, കൊല്ലണം എന്നുപറഞ്ഞ് നടന്നാൽ ഒക്കുമ്മോ? മാറ്റണം ശ്രീ. യേശുക്രിസ്തു പറഞ്ഞപോലെ പല്ലിന് പല്ല്, കണ്ണിന് കണ്ണ്, അത് പഴയ നിയമമാണ്. എന്നാൽ ഞാൻ പറയുന്നു, വലത് കരണത്തടിച്ചാൽ ഇടതുകരണം കാണിച്ചുകൊടുക്കുക, ഗാന്ധിജിയുടെ മാർഗ്ഗമായ സനാതനധർമ്മത്തിന്റെ ഈ നാട്ടിൽ, അഹിംസയുടെ ഈ നാട്ടിൽ പരസ്പരം സ്നേഹിക്കാനും സഹകരിക്കാനുമുള്ള സന്ദേശവുമായി വരിക, നിങ്ങൾ സി.പി.ഐ.-യിലേക്ക് വന്നപ്പോൾ നിങ്ങളുടെ വർഗ്ഗീയതയ്ക്കിനും, മതഭ്രാന്തിനും, ബി.ജെ.പി.-ക്കും എതിരായുമുള്ള യുദ്ധം കോൺഗ്രസ്സിന്റെ കൂടക്കീഴിലല്ലാതെ നിങ്ങൾക്ക് എവിടെ എങ്ങിനെ നടത്താൻ കഴിയും? നിങ്ങളുടെ സൗജന്യമല്ല അത്. നിങ്ങളുടെ വർഗ്ഗവിപ്ലവം നടക്കുമോ? വർഗ്ഗ സമരം നടക്കുമോ? അപ്പോൾ മാർക്സിയൻ സിദ്ധാന്തത്തിൽ പാർലമെന്ററി ജനാധിപത്യത്തിൽക്കൂടി കമ്മ്യൂണിസം ഉണ്ടാകുന്ന ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി നിങ്ങൾ തയ്യാറാകണം അതിനു പകരമായി മാർക്സിന്റെ ശാപം പോലും നിങ്ങൾക്കുണ്ട്. അതിനെ തെറ്റായി വ്യാഖ്യാനിച്ച് ഈ രാജ്യത്ത് നടത്തിയ കൊല്ലും കൊലപാതകവും അതാണ്. അവിടെ മരിച്ചുവീണ ആളുകളുടെ വിധവകളുടെ കണ്ണീരും അവരുടെ ദീർഘനിശ്വാസവും പാവപ്പെട്ട അവരുടെ കുഞ്ഞുങ്ങളുടെ ശാപവും നിങ്ങളെ പിൻതുടരുന്നതുകൊണ്ടാണ് യാദവ കുലത്തിന്റെ നാശത്തിൽ, ഭഗവാൻ ശ്രീകൃഷ്ണൻ പോലും ആ ശാപത്തിന്റെ ഫലമായി ഉലക്കയിൽ നിന്നുമുണ്ടായ ചെറിയ.....എല്ലാം നശിപ്പിച്ചിട്ടും പറ്റിയില്ല, അത് ഒരു വേടൻ അമ്പെയ്ത് കൊന്നു. പ്രശ്ന പരിഹാരത്തിന് ജോതിഷി പറയും, ദൈവാധീനം, നിങ്ങളുടെ പ്രശ്നം, വേറൊന്നുമല്ല, ദൈവാധീനം മറഞ്ഞുപോയി, എന്താചെയ്യുക? അതിന് പരിഹാരമുണ്ട്, സത്സമ്പർക്കം, ബ്രാഹ്മണരുടെ കാൽ കഴുകിപ്പിക്കണം, അതൊന്നും വേണ്ട, സത്സമ്പർക്കം എന്നുപറയും. ഗാന്ധിജിയുടേയും ജവഹർലാൽ നെഹ്റുവിന്റേയും സിദ്ധാന്തത്തേക്കാൾ വലിയൊരു സത്സമ്പർക്കം ഉണ്ടോ? അവിടെപ്പോലെതന്നെ ഇവിടേയും സഹകരിക്കണം. യു.പി.എ. ഗവൺമെന്റിൽ സഹകരിക്കുന്നതിൽ ഞാൻ നന്ദിപറയുന്നതോടൊപ്പം ആ സഹകരണ മനോഭാവം ഇവിടെയും ഉണ്ടാക്കി സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: ഞാൻ ഈ നന്ദിപ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ അവതരിപ്പിച്ച നയപ്രഖ്യാപനം സംബന്ധിച്ചുള്ള നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീമാൻ എം. എം. ഹസ്സൻ കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും ദുർബലമായ ഒരു പ്രസംഗമായിരുന്നു നടത്തിയത്. ഇപ്പോൾ ഏറ്റവും അവസാനമായി സംസാരിച്ച, നമുക്കെല്ലാം പ്രിയപ്പെട്ട ശ്രീ. കടവൂർ ശിവദാസൻ ഉൾപ്പെടെയുള്ളവരുടെ പ്രസംഗം അവസാനിച്ചപ്പോൾ ഗവർണ്ണറുടെ പ്രഖ്യാപനത്തിൽ നയം ഉണ്ടായിരുന്നില്ല എന്ന് വ്യക്തമായി. ഒരു നയത്തെ സംബന്ധിച്ചും ആരും കാര്യമായി പ്രസംഗിച്ചിട്ടില്ല. ഭരണകക്ഷി പ്രസംഗിച്ചത് മുഴുവൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും മാർക്സിസത്തേയും ലെനിനിസത്തേയും അടിസ്ഥാനപ്പെടുത്തി അവരുടെ വികലമായ ധാരണയെപ്പറ്റിയാണ്. അവസാനം പ്രസംഗിച്ച ബഹുമാന്യനായ അംഗത്തിന് ആർ.എസ്.പി.-ക്ക് മാർക്സിസത്തേയും ലെനിനിസത്തെപ്പറ്റിയുള്ള ബന്ധം അറിയാം. ആർ.എസ്.പി. ആയപ്പോൾ മാർക്സിസത്തിന്റേയും ലെനിനിസത്തിന്റേയും ദേശീയമായ ഉൾക്കാര്യങ്ങളെ സംബന്ധിച്ചും അറിയാം. കേരളത്തിന്റെ പ്രത്യേകതവച്ചുകൊണ്ട് പീന്നിട് കോൺഗ്രസ്സ് ആയപ്പോൾ കോൺഗ്രസിനെപ്പറ്റിയും പൊതുവായിട്ട് അറിയാം. പിന്നെ 'ഐ'-യിൽ നിന്ന് 'എ'-യിൽ വന്നപ്പോഴുള്ള കാര്യം ഞാൻ ചോദിച്ചിട്ട് മറുപടി പറഞ്ഞിട്ടുമില്ല. ഏതായാലും 'ഐ' അല്ല എന്നു വ്യക്തമായി, 'ഐ'-ക്കാർ ആരും ഈ ചർച്ചയിൽ പുങ്കെടുക്കുന്നില്ല. അപ്പോൾ 'ഐ'-യും അല്ല 'എ'-യുമല്ല. പിന്നെ ഏതാണ്? മദ്യമാഫിയകൾക്കും പെൺവാണിഭ സംഘങ്ങൾക്കും മണൽ മാഫിയയ്ക്കും, ലോട്ടറി മാഫിയയ്ക്കും, ക്രിമിനൽ സംഘങ്ങൾക്കും വേണ്ടി ഭരണം നടത്തുന്ന ഭരണകൂട സംവിധാനത്തിന്റെ ഭാഗമായി ഉമ്മൻ ചാണ്ടി ഗവൺമെന്റ് ഒരു കൊല്ലം കൊണ്ട് പാവപ്പെട്ടവർക്ക് ഒന്നും ചെയ്യാൻ പോകുന്നില്ല എന്ന് പരസ്യപ്പെടുത്തിയ നയപ്രഖ്യാപന രേഖയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് അതിനകത്ത്. ഒരു കാര്യവുമില്ല. ഇന്നലെ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെത്തെ ഒരു "ചുക്കും" അതിലില്ല "ചുക്കും" എന്നത് നല്ല പദം തന്നെയാണ്. നയപ്രഖ്യാപനരേഖയിൽ കാര്യങ്ങളൊന്നും ചൂണ്ടിക്കാണിച്ചിട്ടുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടയ്ക്ക് പറയുന്നുണ്ട്, അസംബ്ലി തുടങ്ങിയപ്പോഴും പറഞ്ഞു, ഞങ്ങൾ പാവപ്പെട്ടവർക്കും പിന്നോക്കക്കാർക്കും വേണ്ടി ഒട്ടിനിന്ന് പ്രവർത്തിക്കുന്നവരാണെന്ന്. ഞാൻ വളരെ വ്യക്തമായി നയപ്രഖ്യാപന രേഖയുടെ 51 ഖണ്ഡികയും വായിച്ചുനോക്കിയപ്പോൾ അതിനകത്ത് കാണാതിരുന്ന വളരെ പ്രധാനപ്പെട്ട ഈ വിഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിക്കാൻ ആദ്യം ഉദ്ദേശിക്കുന്നത്. ഒന്നാമത്തെ കാര്യം ലോട്ടറി അവസാനിപ്പിച്ചിട്ട് നിങ്ങൾക്കുതന്നെ തർക്കമാണ് രണ്ടരലക്ഷമാണോ, മൂന്നുലക്ഷമാണോ, മൂന്നര ലക്ഷമാണോയെന്ന്. എത്രയായാലും തരക്കേടില്ല. ലക്ഷക്കണക്കായ ഈ പാവപ്പെട്ട മനുഷ്യരെ തെരുവിലിറക്കി. അവർ ജീവിക്കാൻ വകയില്ലാത്തവരാണ്, അതിൽ വലിയൊരു വിഭാഗവും വൈകല്യമുള്ളവരാണ്. അവർക്ക് ജീവിക്കാൻ സാധിക്കാത്ത അവസ്ഥയാണുണ്ടായിരിക്കുന്നത്. ഒട്ടിനിൽക്കുന്നതിന്റെ ഭാഗമായി ഉണ്ടായ സവിശേഷമായ ഒരു നിലപാടാണ്. കൂടുതൽ വിശദീകരിക്കേണ്ടതില്ലല്ലോ? അതുപോലെ തന്നെ കർഷകത്തൊഴിലാളികളുടെ കാര്യത്തെക്കുറിച്ച് ഇന്ന് രാവിലെയും ഞാൻ സബ്മിഷൻ ഉന്നയിച്ചിരുന്നു. ഒട്ടിനിൽക്കുന്ന ഗവൺമെന്റ്. പാവപ്പെട്ട അഞ്ചുലക്ഷം കർഷകത്തൊഴിലാളികൾക്ക് ഇരുപത്തിയാറ് മാസമായി 120 ഉറുപ്പിക പ്രകാരം

കൊടുത്തുകൊണ്ടിരിക്കുന്ന കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നില്ല. കൊടുക്കുമെന്നുള്ളതിന്റെ യാതൊരു ലാഞ്ഛനയുമില്ല. പതിനഞ്ച് ലക്ഷത്തിലധികം വരുന്ന അറുപത് വയസ്സിനു താഴെയുള്ള, അറുപത് വയസ്സിന് മേലെയുള്ളവർക്കാണല്ലോ പെൻഷൻ കിട്ടുന്നത്, പാവപ്പെട്ട ഒന്നരലക്ഷത്തിലധികം കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധിയുടെ ഭാഗമായി ആനുകൂല്യം കൊടുക്കാൻ ബാക്കിയാണ്. ഒരു കാര്യവും ചെയ്തിട്ടില്ല. കർഷകത്തൊഴിലാളി ജനവിഭാഗത്തിനുവേണ്ടി ഈ നയപ്രഖ്യാപന രേഖയുടെ ഭാഗമായി ഒരു കാര്യവും നിങ്ങൾ ചൂണ്ടിക്കാണിച്ചിട്ടില്ല. പിന്നെ കൃഷിക്കാർക്കുവേണ്ടി എന്തെങ്കിലും ചെയ്തിട്ടുണ്ടോ? കർഷകത്തൊഴിലാളികളെ നിങ്ങൾ പൂർണ്ണമായി ഒഴിവാക്കി ഇവിടെ ചില ആളുകൾ പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. LDF ഭരിക്കുമ്പോൾ അന്ന് തേങ്ങയ്ക്ക് വിലയുണ്ടായിരുന്നില്ല, റബ്ബറിന് വിലയുണ്ടായിരുന്നില്ല, നിങ്ങൾ റബ്ബറിന് വിലയുണ്ടാക്കിയോ? സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ച് എ, ബി, സി, ഡി അറിയണം. ആദ്യം നിങ്ങൾ മനസ്സിലാക്കേണ്ടത്, ലോകമാർക്കറ്റുമായി ബന്ധപ്പെട്ടാണ് കാർഷിക ഉൽപ്പന്നത്തിന്റെ വിലവർദ്ധനയും കുറവുമെല്ലാം ഉണ്ടാകുന്നത്. നിങ്ങളുടെ പ്രത്യേക നിലപാട് കൊണ്ടൊന്നുമല്ല. നിങ്ങൾ ഒരു നിലപാടും എടുത്തിട്ടില്ല. പാവപ്പെട്ട കൃഷിക്കാരനുവേണ്ടി ഒരു നിലപാടും നിങ്ങൾ സ്വീകരിച്ചിട്ടില്ല. കേരളത്തിലെ ജനസംഖ്യയിൽ മഹാഭൂരിപക്ഷംവരുന്ന ജനവിഭാഗമായ കർഷകത്തൊഴിലാളികൾക്കുവേണ്ടി, കൃഷിക്കാർക്കുവേണ്ടി ഒന്നും ചെയ്യാൻ നിങ്ങൾ തയ്യാറല്ല. നമ്മുടെ നാട്ടിൽ പരമ്പരാഗത വ്യവസായവുമായി ബന്ധപ്പെട്ട് നാൽപ്പത് ലക്ഷം കുടുംബങ്ങൾ ഉണ്ട്. അതുപോലെ കൈത്തറിത്തൊഴിലാളികൾ ഉണ്ട്; ഖാദിത്തൊഴിലാളികൾ ഉണ്ട്; കരകൗശലത്തൊഴിലാളികൾ ഉണ്ട്. ഈ വിഭാഗങ്ങൾക്കുവേണ്ടി എന്തെങ്കിലും കാര്യം നിങ്ങൾ ചെയ്തിട്ടുണ്ടോ? നയപ്രഖ്യാപനരേഖയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ? ഒരു കാര്യവും ചൂണ്ടിക്കാണിച്ചിട്ടില്ല. കേരളത്തിലെ ജനസംഖ്യയുടെ മഹാഭൂരിപക്ഷം വരുന്ന പരമ്പരാഗതമേഖലയിലെ തൊഴിലാളികൾക്ക്, കൃഷിക്കാർക്ക്, കർഷകത്തൊഴിലാളികൾക്ക് ഒന്നും ചെയ്തിട്ടില്ല. 42 ലക്ഷം അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ഇല്ലാത്ത സംസ്ഥാനമാണ് കേരളം. ഈ നയപ്രഖ്യാപന രേഖയിൽ കാർഷിക ജനജീവിതവുമായി ബന്ധപ്പെട്ട ഒരു ലക്ഷംപേർക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞിരിക്കുന്നു. എവിടെ കൊടുക്കുമെന്ന്? ആരു കൊടുക്കുമെന്ന്? പത്താളുകൾക്ക് ജോലികൊടുക്കാൻ കഴിഞ്ഞിട്ടില്ല. 75,000 ആളുകൾക്ക് പി.എസ്.സി. വഴി ജോലി കിട്ടേണ്ടതായിരുന്ന പോസ്റ്റ് ഇല്ലാതാക്കി. ജീവനക്കാരെ നിയമിക്കുന്നത് പൂർണ്ണമായും ഇല്ലായ്മ ചെയ്തു. ഒരാൾക്കുപോലും തൊഴിൽ കൊടുക്കാൻവേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനം നടത്തിയിട്ടില്ല. ഇരുപതിനായിരം ആളുകൾക്ക് അഡൈ്വസ് മെമ്മൊ കൊടുത്തിട്ടുണ്ടെന്നാണ് ഇപ്പോൾ പറഞ്ഞത്. ഇനി ഒരു കൊല്ലം മാത്രമാണുള്ളത്. 15 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞുകൊണ്ടാണ്, ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ച..... നമുക്ക് എന്തെല്ലാം സാധിച്ചില്ല എന്ന് പ്രകടനപത്രികയുമായി ബന്ധപ്പെടുകൊണ്ട് ശ്രീ. ടി. എം. ജേക്കബ് ചൂണ്ടിക്കാണിച്ചതുപോലെ നിങ്ങൾക്ക് പറയാൻ കഴിയണ്ടേ? 15 ലക്ഷം തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ജോലി കൊടുക്കാമെന്ന് പറഞ്ഞിട്ട്, 42 ലക്ഷം തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ തൊഴിലില്ലാതെ കമ്പോളത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടിരിക്കുന്ന കേരളത്തിൽ ഒരു കാര്യവും ഈ നയപ്രഖ്യപന രേഖയുടെ ഭാഗമായിട്ട് ചൂണ്ടിക്കാണിച്ചിട്ടില്ല. നിങ്ങൾക്ക് ഒരാൾക്ക് തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുവാൻ കഴിയുമെന്ന് ഇപ്പോൾ ഉറപ്പിച്ചുപറയാൻ സാധിക്കില്ല. ഇരുപതിനായിരം പേർക്ക് മെമ്മൊ കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞതുകൊണ്ട് അവസാനിപ്പിക്കുകയാണ് നിങ്ങൾ ചെയ്തിട്ടുള്ളത്. ആദിവാസി ജനവിഭാഗങ്ങൾക്ക് നിങ്ങൾ ഭൂമി കൊടുക്കാമെന്ന് പറഞ്ഞിട്ട് നാലുകൊല്ലമായല്ലോ; ഭൂമി കൊടുത്തോ? എവിടെ കൊടുത്തു? ലക്ഷക്കണക്കിന് ഭൂമിയില്ലാത്ത, വീടില്ലാത്ത പാവപ്പെട്ട ആദിവാസികൾക്ക് ഭൂമി കൊടുക്കാമെന്നു പറഞ്ഞിട്ട്, കണ്ണൂർ ജില്ലയിൽ ആലക്കോട് എസ്റ്റേറ്റ് കൊടുക്കാമെന്ന് പറഞ്ഞു. കൊടുത്തിട്ടില്ല. ആറളം ഫാം കൊടുക്കാമെന്നു പറഞ്ഞു കൊടുത്തിട്ടില്ല. കേരളത്തിൽ കാര്യമായിട്ട് ഒരു സ്ഥലവും കൊടുത്തിട്ടില്ല. അല്ലറ ചില്ലറ രണ്ടുമൂന്ന് പട്ടയങ്ങൾ കൊടുത്തിട്ടുണ്ട്. പാവപ്പെട്ട ആദിവാസികൾക്ക് ആവശ്യമുള്ള എന്തെങ്കിലും കാര്യം ചെയ്തുകൊടുക്കാൻ നിങ്ങൾ തയ്യാറല്ല. ജനസമൂഹത്തിന്റെ പിന്തുണ കിട്ടുന്ന ഒരു വിഭാഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ ഈ ഗവൺമെന്റില്ല. ഈ ഗവൺമെന്റ് ഒരു കൊല്ലംകൊണ്ട് അത്തരം ഒരു പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നില്ല. അപേക്ഷ വാങ്ങിയിട്ട് തീർപ്പ് കൽപ്പിക്കുന്ന രീതിയിലുള്ള ഒരു പ്രവർത്തനം നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീമ്പടിച്ചിട്ട്, പാവപ്പെട്ട ജനവിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു നിലപാട് നിങ്ങൾ സ്വീകരിക്കുന്നില്ല എന്നുള്ളതു തന്നെയാണ്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന പാവപ്പെട്ട ജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബോധപൂർവ്വമായ നിലപാടല്ല, നയപ്രഖ്യാപനമല്ല എന്നുള്ളതുകൊണ്ടാണ് ഈ നയപ്രഖ്യാപനത്തെ ശക്തമായി എതിർക്കുന്നു എന്ന് ഞാൻ ആദ്യം തന്നെ ചൂണ്ടികാണിച്ചത്. ദേശീയ രാഷ്ട്രീയം സംബന്ധിച്ച് അവസാനം സംസാരിച്ച ശ്രീ. കടവൂർ ശിവദാസൻ ചൂണ്ടിക്കാണിച്ചു എന്നാണ് പറഞ്ഞത്. ഞങ്ങൾ ഇരുമെയ്യാണെങ്കിലും ഒറ്റമനസ്സാണെന്ന്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസ്റ്റുണ്ട്. ഇടതുപക്ഷ പ്രസ്ഥാനമുണ്ട്. കോൺഗ്രസും ബി.ജെ.പി.-യും ഒരേ വർഗ്ഗ താൽപ്പര്യം സംരക്ഷിക്കുന്ന വർഗ്ഗീയ നിലപാടുള്ള പാർട്ടികൾ തന്നെയാണ്. കോൺഗ്രസ് അതേ, ബി.ജെ.പി. അതേ. ഇൻഡ്യയിലെ കുത്തക മുതലാളിത്തത്തിന്റേയും ഭൂ പ്രഭുത്വത്തിന്റേയും സാമ്രാജ്യത്വത്തിന്റേയും താൽപ്പര്യം സംരക്ഷിക്കുന്ന ഉപകരണം തന്നെയാണ് ഈ ഭരണ വർഗ്ഗം.....(ബഹളം).....കോൺഗ്രസ് അതേ, ബി.ജെ.പി. അതേ. വെറുതെ പറഞ്ഞിട്ട് കാര്യമില്ല. ഒരേ വർഗ്ഗതാൽപ്പര്യം സംരക്ഷിക്കുന്ന ഗവൺമെന്റ് തന്നെയാണ് നിങ്ങളുടെ ഗവൺമെന്റ് എന്ന കാര്യത്തിൽ ഞങ്ങളക്ക് തർക്കമൊന്നുമില്ല. നിങ്ങൾ ഇപ്പോൾ ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. ആ ഗവൺമെന്റ് രൂപീകരിച്ചത് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പിന്തുണയോടുകൂടിയാണ്. ഇടതുപക്ഷ പ്രസ്ഥാനം പിന്തുണ നൽകുന്നത് നിങ്ങളുടെ മിടുക്കുകൊണ്ടൊന്നുമല്ല. ഞങ്ങൾ പിന്തുണ നൽകുന്നത് ബി.ജെ.പി. അപകടകാരിയായി അവിടെ ഇരിക്കുന്നതുകൊണ്ടാണ്. ആ ബി.ജെ.പി.-യെ അധികാരത്തിൽ കൊണ്ടുവന്നത് നിങ്ങളാണ്. ബി.ജെ.പി. ആറ് കൊല്ലം ഇൻഡ്യ ഭരിച്ചത് കോൺഗ്രസിന്റെ ചെലവിലാണ്. കോൺഗ്രസ് ശരിയായ നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ ബി.ജെ.പി. അധികാരത്തിൽ വരില്ലായിരുന്നു. ഞങ്ങൾ അന്നും ഇന്നും ശക്തിയായി എതിർക്കുന്ന പാർട്ടി തന്നെയാണ്. ആറ് കൊല്ലം മുമ്പ് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. നിങ്ങൾ ബി.ജെ.പി.-ക്ക് എതിരായി ഗവൺമെന്റ് രൂപീകരിച്ചാൽ എന്തെല്ലാം അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) നിങ്ങൾ രൂപീകരിക്കുന്ന ഗവൺമെന്റിന് യാതൊരു തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഉപാധികളുമില്ലാതെ പിന്തുണ നൽകും എന്ന് അന്ന് പറഞ്ഞപ്പോൾ ഇതേ അസംബ്ലിയിൽ കോൺഗ്രസ് മെമ്പർമാർ ഞങ്ങളെ പരിഹസിച്ചിട്ടുണ്ട്. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ, ഞങ്ങൾക്ക് ഒറ്റയ്ക്ക് ഭരണത്തിൽ വരാൻ കഴിയും. ഞങ്ങൾ ഒറ്റയ്ക്ക് ഇൻഡ്യ ഭരിക്കും എന്ന് പറഞ്ഞ് ആറ് കൊല്ലം മുമ്പ് ഞങ്ങളെ പരിഹസിച്ചിട്ടുണ്ട്. അതിന്റെ ഫലമാണ് ഗവൺമെന്റ് രൂപീകരിക്കാൻ ബി.ജെ.പി.-ക്ക് അവസരം കിട്ടിയത്. അതിനുശേഷം വീണ്ടും ഗവൺമെന്റ് രൂപീകരിക്കാൻ അവസരം കിട്ടി. ഞങ്ങൾ അന്നും ഇന്നും ഒരേ രാഷ്ട്രീയമാണ് കൈകാര്യം ചെയ്യുന്നത്. ഇൻഡ്യയ്ക്ക് അപകടകരമായ രീതിയിൽ വർഗ്ഗീയത കൈകാര്യം ചെയ്യുന്ന, ഇൻഡ്യയുടെ തനതായ സവിശേഷ ജനാധിപത്യമൂല്യം തകർക്കാൻ ശ്രമിക്കുന്ന ബി.ജെ.പി.-യെ അധികാരത്തിൽ നിന്നും പുറത്താക്കണം. ആ ബി.ജെ.പി.-യെ അധികാരത്തിൽ നിന്നും പുറത്താക്കാൻ വേണ്ടിയാണ് നിങ്ങൾക്ക് പിന്തുണ. ബി.ജെ.പി.-യെ അധികാരത്തിൽ നിന്നും പുറത്താക്കിയ ഉടനെതന്നെ പിന്തുണ പിൻവലിക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഞങ്ങളുടെ പിന്തുണ ഇപ്പോഴും തുടരുന്നത് പുറത്തുള്ള ബി.ജെ.പി. ശക്തമായ രീതിയിൽ തുടരുന്നതുകൊണ്ടാണ്. അവരുടെ അജണ്ട മതനിരപേക്ഷതയല്ല. അവരുടെ അജണ്ട പൂർണ്ണമായും ഞങ്ങൾക്കറിയാം. വർഗ്ഗീയതയാണ്. ആ വർഗ്ഗീയത മുന്നോട്ടുവയ്ക്കുന്ന ബി.ജെ.പി. ശക്തമായി പുറത്തു നിൽക്കുന്നതുകൊണ്ടാണ്. നിങ്ങൾക്ക് പിന്തുണ തുടരുന്നത്. അപ്പോഴും കോമൺ മിനിമം പ്രോഗ്രാമുണ്ട്. അത് നടപ്പിലാക്കില്ല, ഞങ്ങൾക്കറിയാം. ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള വ്യത്യാസം സംഘടിതമായ സമരത്തിന്റെ ഫലമായി ജനങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി നിയമങ്ങൾ നിർമ്മിക്കും. ചിലപ്പോൾ മുദ്രാവാക്യം വിളിക്കും ..... പക്ഷെ നിയമം അട്ടത്ത് വയ്ക്കും. അതാണ് വലതുപക്ഷം. അക്കാര്യം നല്ലതുപോലെ അറിയാവുന്നവരാണ് ഞങ്ങൾ. അതുകൊണ്ട് സമ്മർദ്ദത്തിന്റെ ഭാഗമായി മാത്രമേ അത് നടപ്പിലാക്കാൻ കഴിയൂ. അതുപോലെതന്നെ സമ്മർദ്ദംകൊണ്ടു മാത്രമേ ഈ രാജ്യത്ത് നടപ്പിലാക്കേണ്ടുന്ന ജനങ്ങൾക്ക് ഉപകാരപ്രദമായ നിലപാടുകൾ നടപ്പിലാക്കാൻ സാധിക്കൂ. സമരം ഒഴിവാക്കാൻ പറ്റില്ല. അതുപോലെ തജ്ജന്യമായ നിലപാടുകൾ ഉണ്ട്, വർഗ്ഗപരമായ നിലപാടുകൾ. അതിന്റെ പ്രത്യേകതയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ ബഹുരാഷ്ട്ര കമ്പനികൾക്ക് വിൽക്കാൻ തീരുമാനിക്കുന്നത്. അതുപോലെ പ്രശ്നങ്ങൾ വരുന്നത്. അതെല്ലാം വരുമ്പോൾ ശക്തമായി എതിർത്ത് മുന്നോട്ട് പോകേണ്ടിവരും. ഈ മൂന്നു തരത്തിലുള്ള ഗവൺമെന്റ് പിന്തുണയുമായി മുന്നോട്ടുപോകുമ്പോൾ സമരം ഉപേക്ഷിച്ചുകൊണ്ട്, എല്ലാ പിന്തുണയുടേയും അടിസ്ഥാനം നിങ്ങളും ഞങ്ങളും തമ്മിലുള്ള ഐക്യം കൊണ്ടല്ല എന്നുള്ള ഉറച്ചകാര്യം വിശദീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ പാർട്ടിയുടെ കാര്യം ഇവിടെ പറഞ്ഞു. ഈ പാർട്ടി ഇല്ലാതാകാൻ പോകുകയാണ്. എന്ത് സുന്ദരമായ രീതിയിലാണ് ഇന്നലേയും ഇന്നും അവതരിപ്പിച്ചത്. കമ്മ്യൂണിസ്റ്റ് പാർട്ടി മുഴുവൻ തകർന്നുപോകുകയാണെന്ന മനപ്പായസമുണ്ണേണ്ട. നല്ല നിലാവുള്ള രാത്രികളിൽ ചന്ദ്രബിംബത്തെ നോക്കി കുരയ്ക്കുന്ന ചില ജീവികളുണ്ട്. ആ ജീവികൾ കുരയ്ക്കുന്നതുകൊണ്ട് ചന്ദ്രബിംബത്തിന്റെ ശോഭ കുറയുന്നില്ല. സൂര്യന്റെ ശോഭ ഇല്ലാതാകുന്നുമില്ല. ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്)-ന്റെ പതിനേഴാം പാർട്ടി കോൺഗ്രസിന്റെ ഭാഗമായി രൂപംകൊണ്ട അടവുനയം അടിസ്ഥാനപ്പെടുത്തി മൂന്നു കൊല്ലക്കാലം പതിനെട്ടാം പാർട്ടി കോൺഗ്രസ് വരെ പോയി. ഈ മൂന്ന് കൊല്ലക്കാലമായി നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ ഓരോ സമ്മേളത്തിലും, ബ്രാഞ്ച് സമ്മേളനത്തിലും, ജില്ലാ സമ്മേളനത്തിലും ഇനിവരാൻ പോകുന്ന സംസ്ഥാന സമ്മേളനത്തിലും പാർട്ടി കോൺഗ്രസ് ചർച്ച ചെയ്യും. ഇപ്പോൾ മലയാള മനോരമയും മാതൃഭൂമിയും പറയുന്നതുപോലെ ഞങ്ങൾ വിമർശിച്ചു കളഞ്ഞു എന്നാണ്. ഞങ്ങൾ വിമർശിക്കും. അത് ഞങ്ങളുടെ പ്രത്യേകതയാണ്. ഞങ്ങൾ സ്വയം വിമർശിക്കും. വിമർശനം ഇല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയില്ല. ഇടതുപക്ഷമില്ല. സെക്രട്ടറിയെ വിമർശിക്കും. പോളിറ്റ് ബ്യൂറോ മെമ്പർമാരെ വിമർശിക്കുന്നുണ്ട്. ശ്രീ. സുർജിത്തിനെ വിമർശിക്കുന്നുണ്ട്. വിമർശനം നിലനിർത്തിക്കൊണ്ടാണ് പാർട്ടി മുന്നോട്ടുപോകുന്നത്. അതിന്റെ അടിസ്ഥാനത്തിൽ പാർട്ടി പൊളിയാൻ പോകുകയാണ്. മലപ്പുറംകൊണ്ട് എന്തോ അവസാനിക്കാൻ പോകുകയാണ്. ഏഴാം പാർട്ടി കോൺഗ്രസ് കഴിഞ്ഞ് എട്ടാം പാർട്ടി കോൺഗ്രസ് കൊച്ചിയിൽ നടക്കുമ്പോൾ പറഞ്ഞതാണ് ഈ പാർട്ടി തകരാൻ പോകുകയാണ്. രണ്ട് വ്യത്യസ്ത ഗ്രൂപ്പുകൾ ഒന്ന് എ.കെ.ജി. മറ്റൊന്ന് ഇ.എം.എസ്. ഒരു ഭാഗത്ത് ഇ.എം.എസ്. വേറൊരു ഭാഗത്ത് എ.കെ.ജി. 1968-ൽ എട്ടാം പാർട്ടി കോൺഗ്രസ്. പതിനെട്ടാം പാർട്ടി കോൺഗ്രസാണ് വരാൻ പോകുന്നത്. കഴിഞ്ഞ 17 പാർട്ടി കോൺഗ്രസുകൾ നടക്കുമ്പോൾ നിങ്ങൾ പറഞ്ഞു. ആദ്യം ഇ.എം.എസ്.-ഉം എ.കെ.ജി.-യും എന്നാണ് പറഞ്ഞത് എ.കെ.ജി. മരിക്കുന്നിടത്തോളം എ.കെ.ജി. ഗ്രൂപ്പ് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് എ.കെ.ജി. മഹാനാണ്, ഇ.എം.എസ്. മഹാനാണ്. അവരെല്ലാം മരിച്ചു കഴിഞ്ഞപ്പോൾ നിങ്ങൾക്ക് മഹാന്മാരായി. കമ്മ്യൂണിസ്റ്റുകാർ മരിച്ചു കഴിഞ്ഞാൽ നിങ്ങൾക്ക് മഹാന്മാരാകും. ലോകത്ത് എല്ലാ പ്രസ്ഥാനങ്ങളുടേയും ചരിത്രം അതാണ്. അതു കൊണ്ട് എല്ലാക്കാലത്തും ഓരോ പാർട്ടി കോൺഗ്രസ് ഉണ്ടാകുമ്പോൾ ഞങ്ങൾക്ക് എതിരായി ഇതുപോലെ നിരവധി പ്രചരണങ്ങൾ ഉണ്ടായിട്ടുണ്ട്. എ.കെ.ജി. മരിച്ചു. ഇപ്പോൾ ഒരു ഭാഗത്ത് ഇ.എം.എസ്. വേറൊരു ഭാഗത്ത് നായനാർ. നായനാർ മരിച്ചു. അപ്പോൾ ഒരു ഭാഗത്ത് ശ്രീ. പിണറായി വേറൊരു ഭാഗത്ത് ശ്രീ. വി. എസ്. ആയി. നിങ്ങൾക്ക് സംശയം ഉണ്ടാകേണ്ട. 1957-ൽ വിമോചന സമരത്തിന് നേതൃത്വം കൊടുത്തവരാണ് ഇവിടെ ഇരിക്കുന്നത്. ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി തകർന്നു കാണാൻ പാടില്ല. അത് നിലനിൽക്കണമെന്നൊക്കെ നിങ്ങൾ പറയുന്നുണ്ടല്ലോ? നിങ്ങളെ അതിശക്തമായി എതിർത്തു വളർന്നു വന്ന പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്). ഓരോ ഘട്ടത്തിലും അങ്ങനെയാണ്. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി ആയതങ്ങനെയാണ്. 1957 മുതൽ വിമോചന സമരം നടത്തി, അമേരിക്കക്കാരന്റെ പണവും വാങ്ങി ഈ പാർട്ടിയെ തകർക്കാൻ ശ്രമിച്ച നിങ്ങൾക്ക് ഇപ്പോൾ ഈ പാർട്ടി നിലനിൽക്കണമത്രേ. ഈ പാർട്ടിക്ക് നിലനിൽക്കാൻ അധികാരമുണ്ട് എന്ന് ഞങ്ങൾ ഓർമ്മിപ്പിക്കുകയാണ്. നിങ്ങളെ എതിർത്തുകൊണ്ടാണ് മുന്നോട്ടു പോയത്. ഈ പാർട്ടിയെ തകർക്കാൻവേണ്ടി ഞങ്ങളുടെ നൂറുകണക്കിന് കേഡർമാരെ കൊന്നൊടുക്കിയിട്ട് ഈ പാർട്ടിയെ തകർക്കാൻ നിങ്ങൾക്കാകില്ല. കേരളത്തിൽ ക്രമ സമാധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രമായി കണ്ണൂർ ജില്ല മാറിയിരിക്കുന്നു. നല്ലത്. ആരാണ് മാറ്റിയത്? അവിടെ സമാധാനം ഉണ്ടാക്കിയതിന് നന്ദി പറയേണ്ടത് നിങ്ങളോടാണ്. ശ്രീ. സുധാകരനോട്, ശ്രീ. എൻ. രാമകൃഷ്ണനോട്. കഴിഞ്ഞ 35 കൊല്ലക്കാലമായി സി.പി.ഐ. (എം.)-ന്റെ പ്രവർത്തകന്മാരെ വേട്ടയാടി നിരവധി ആളുകളെ കൊല്ലാൻ, നിരവധി ആളുകളെ അംഗവൈകല്യമുള്ളവരാക്കി മാറ്റാൻ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുള്ള നിരവധിയായ ശ്രമങ്ങൾ കണ്ണൂർ ജില്ലയിൽ ഉണ്ടായിട്ടുണ്ട്. അതിന് മുൻകൈ എടുത്തത് നിങ്ങളാണ്. ആ മുൻകൈ എടുത്ത നിങ്ങൾ അത് താൽക്കാലികമായി അവസാനിപ്പിച്ചിട്ടുണ്ട്. നിങ്ങൾ മാത്രമല്ല ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ലീഗുമെല്ലാം ഞങ്ങളുടെ പാർട്ടി പ്രവർത്തകൻമാർക്കെതിരായി കടന്നാക്രമണം നടത്തിയിട്ടുണ്ട്. കടന്നാക്രമണം നടത്തി അവസാനം സേവറി ഹോട്ടലിൽ വിളമ്പിക്കൊണ്ടിരുന്ന നാണുവിനെ ബോബെറിഞ്ഞ് കൊന്നത് ഏതെങ്കിലും വിധത്തിലുള്ള സംഘട്ടനത്തിലല്ല. ജാഥ നയിച്ച് പോകുമ്പോൾ ആ ജാഥയുടെ ഭാഗമായിട്ട്, കടയിലിരുന്ന നാൽപ്പാടി വാസുവിനെ വെടിവച്ച് കൊന്നത് സംഘർഷത്തിന്റെ ഭാഗമായിട്ടല്ല. ഒരു സംഘർഷവുമില്ലാതെ ബോംബാക്രമണം നടത്തി ഞങ്ങളുടെ നിരവധി പ്രവർത്തകന്മാരെ, മുഖപരിചയം പോലുമില്ലാത്ത ആളുകളെ കേരളത്തിന്റെ പലഭാഗത്തുനിന്ന് ക്രിമിനലുകളെ കൊണ്ടുവന്ന് കൊന്നിട്ടുണ്ട്. കൊന്നപ്പോൾ ഞങ്ങൾ ഒരു കാര്യം ചെയ്തിട്ടുണ്ട്. കൊലപാതക സംഘത്തിന്റെ മുൻപിൽ, ക്രിമിനലുകളുടെ മുൻപിൽ സാഷ്ടാംഗം നമസ്ക്കരിച്ചിട്ട് കീഴടങ്ങി എന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) പറഞ്ഞിട്ടില്ല. ഇനിയും പറയില്ല. പറയാൻ ഉദ്ദേശിക്കുന്നുമില്ല. ക്രിമിനൽ സംവിധാനത്തിന്റെ ഭാഗമായി ഈ പാർട്ടിയെ തകർത്തു കളയുകയാണ്. അതിന്റെ ഭാഗമായിട്ട് കേരളമാകെ ശരിപ്പെടുത്തിക്കളയും ഒതുക്കിക്കളയും എന്നാണ് നിങ്ങൾ ധരിക്കുന്നതെങ്കിൽ അതിന് കീഴടങ്ങാൻ മനസ്സില്ലെന്ന് പരസ്യമായി പറഞ്ഞിട്ടുണ്ട്, ഇവിടെയും പറയുകയാണ്. യാതൊരു സംശയവും വേണ്ട. അതിശക്തിമത്തായ പോരാട്ടങ്ങളുടേയും സമരങ്ങളുടേയും ഫലമായി ഞങ്ങളുടെ 9 സഖാക്കൾ ഇപ്പോഴും തൂക്കുമരത്തിന്റെ നിഴലിൽ കിടക്കുകയാണ്. നിരവധി ആളുകൾ കഴിഞ്ഞ 35 കൊല്ലത്തിന്റെ പോരാട്ടത്തിന്റെ ഭാഗമായി നിരവധി കേസുകളിൽ പ്രതിയാക്കപ്പെട്ടിട്ടുണ്ട്. പതിനായിരക്കണക്കിന് പ്രതികളുണ്ട്. അതൊക്കെ ഉണ്ടായിട്ടുള്ളത് നിങ്ങൾക്കെതിരായിട്ടുള്ള ചെറുത്തുനിൽപ്പിന്റെ ഭാഗമായിട്ടാണ്. ആ ചെറുത്തു നിൽപ്പ് തുടരാൻ തന്നെയാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കാൻ വേണ്ടി ശ്രമിച്ചിട്ടുണ്ടെന്ന് നിങ്ങൾ പറയുമ്പോൾ നിങ്ങൾ കൊലപാതകം നിർത്തി, നിങ്ങൾ എന്താണ് പറഞ്ഞത്? കമ്മ്യൂണിസ്റ്റുകാരനെ കൊന്ന് കുടൽമാലയുമായി വന്നാൽ ആ കുടൽമാല ഏറ്റുവാങ്ങിയിട്ട് പുഷ്പഹാരം അർപ്പിക്കുമെന്ന് പറഞ്ഞ ഡി.സി.സി. പ്രസിഡന്റ് ഉണ്ടായിരുന്ന നാടാണ് കണ്ണൂർ. എന്റെ ഡി.സി.സി. ഓഫീസിൽ ഞാൻ മൂന്നുതരം ബോംബ് ഉണ്ടാക്കിവച്ചിട്ടുണ്ട്. ഒന്ന് കൊല്ലാൻ മറ്റൊന്ന് കൃത്യമായിട്ട് ആളുകളെ പരുക്കേൽപ്പിക്കാൻ, മൂന്നാമത്തേത് ഭീഷണിപ്പെടുത്താൻ. മൂന്ന് ബോംബ് ഇതാ എന്നു പറഞ്ഞ് പത്രപ്രവർത്തകന്മാരെ വിളിച്ച് ബോംബ് കാണിച്ച നാടാണ് കണ്ണൂർ. ഞങ്ങളല്ല കോൺഗ്രസുകാർ. മാർക്സിസ്റ്റുകാരെ ശരിപ്പെടുത്താൻ വേണ്ടിയാണ് ആർ.എസ്.എസ്. അഖിലേന്ത്യാ നേതൃത്വം കണ്ണൂർ ജില്ലയിൽ ആർ.എസ്.എസ്.-കാരെ നൽകിയത്. ഞങ്ങളെ ശരിപ്പെടുത്താൻ. അതെല്ലാം ഉണ്ടായിട്ടും അതിനെ അതിജീവിച്ച് ജീവൻ കൊടുത്ത് വളർന്നു വന്ന പ്രസ്ഥാനമാണ്. ആ പ്രസ്ഥാനത്തിന്റെ ഭാഗമായി നിൽക്കുമ്പോൾ ഞങ്ങൾക്ക് ചില രീതികളും സമീപനങ്ങളുമുണ്ട്. ആ സമീപനവും രീതിയും വച്ചു കൊണ്ടാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. അതിശക്തിമത്തായ കടന്നാക്രമണത്തിന് വിധേയമാക്കപ്പെട്ട്, ആ കടന്നാക്രമണത്തെ അതിജീവിച്ച് വന്ന പാർട്ടിയാണ് തൊഴിലാളി വർഗ്ഗ പ്രസ്ഥാനം. ഇവിടെ ഇപ്പോൾ നിങ്ങൾ ശ്രീ. വി.എസ്.-നേയും ശ്രീ. പിണറായിയെയും

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി നേതൃത്വത്തേയും എല്ലാം രണ്ട് ഭാഗമായി തിരിച്ച് അതിനെ അടിസ്ഥാന പ്പെടുത്തി ഓരോരുത്തരും ഇന്ന ഗ്രൂപ്പാണ്, ഈ പാർട്ടിയെ തകർക്കാമെന്ന് ധരിക്കുന്നതെങ്കിൽ 17-ാം പാർട്ടി കോൺഗ്രസിന്റെ സമ്മേളനം എങ്ങനെയാണോ വിജയകരമായി പൂർത്തിയാക്കിയത് അതുപോലെ മലപ്പുറം സമ്മേളനവും അതിനുശേഷം ഡൽഹി സമ്മേളനവും പൂർത്തിയാക്കാൻ ഈ പാർട്ടിക്ക് കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവും നിങ്ങൾക്ക് വേണ്ട. ഈ പാർട്ടിയെ കടന്നാക്രമിച്ചുകൊണ്ട് തകർക്കാനാകുമെന്നാണ് നിങ്ങൾ ധരിക്കുന്നത്. വാർത്താമാദ്ധ്യമങ്ങൾ ചെയ്യുന്നത് വേറൊന്നാണ്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം മൂന്ന് പ്രധാന നിലപാടു കളുണ്ട്. ഞങ്ങളുടെയൊന്നും കഴിവ് കൊണ്ടല്ല തൊഴിലാളി പ്രസ്ഥാനം നിലനിൽക്കുന്നത്. വളരെ വ്യക്തമായിട്ട് എനിക്ക് പറയാനുള്ളത്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കേരളത്തിൽ അടിത്തറയുണ്ടായത് ആരെങ്കിലും കനിഞ്ഞുതുളിയിട്ടുള്ള വരം കൊണ്ടല്ല. കമ്മ്യൂണിസ്റ്റുകാരൻ വർഗ്ഗസമരത്തിന്റെ ഭാഗമായി നടത്തിയ പോരാട്ടത്തിന്റെ പൊതുവൽക്കരിക്കപ്പെട്ട അവബോധമാണ് കേരളത്തിന്റെ സാമൂഹ്യ അടിത്തറ. ആ സാമൂഹ്യ അടിത്തറ നിങ്ങളാരെങ്കിലും എഴുതുന്ന ഏതെങ്കിലും ലേഖനം കൊണ്ടോ നിങ്ങളാരെങ്കിലും നടത്തുന്ന ഒരു പ്രസംഗം കൊണ്ടോ അവസാനിക്കുന്നതല്ലെന്ന് നന്നായിട്ടറിയുന്നത് കമ്മ്യൂണിസ്റ്റുകാർക്കാണ്. അതിനെ മുന്നോട്ട് നയിക്കാൻ ഞങ്ങൾക്കൊരു സംഘടനയുണ്ട്. ജനാധിപത്യ കേന്ദ്രീകരണ തത്വം അടിസ്ഥാനപ്പെടുത്തി യുള്ള ആ സംഘടനയാണ് ഞങ്ങളുടെ ഈ പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്നത്. ഇതിന്റെ മുന്നോട്ടുള്ള വളർച്ചയ്ക്ക് അടിസ്ഥാനം കമ്മ്യൂണിസ്റ്റ് മൂല്യമാണ്, കമ്മ്യൂണിസ്റ്റ് ധാർമ്മികതയാണ്. ഈ മൂന്ന് കാര്യങ്ങളും ചേർന്നുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുപോകുന്നത്. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയ്ക്ക് പകരം സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയല്ലാതെ വേറെ എന്താണ് വഴി? വേറെ ഒരു വഴിയും ഈ ഭൂമുഖത്തില്ല. അതുകൊണ്ട് മുതലാളിത്വത്തിന് പകരം സോഷ്യലിസം തന്നെയാണ്. അതും വർഗ്ഗ സമരത്തിന്റെ ഉൽപ്പന്നം തന്നെയാണ്. ആ വർഗ്ഗസമരം തകർക്കാൻ ആർക്കും സാധിക്കില്ല. ആ വർഗ്ഗസമരം വർഗ്ഗ വിഭജിതമായ സമൂദായത്തിന്റെ ഉൽപ്പന്നമാണെന്നും ആ വർഗ്ഗ പോരാട്ടത്തിന്റെ ഭാഗമായിട്ടാണ് തൊഴിലാളി വർഗ്ഗം ചരിത്രത്തിന്റെ ഭാഗമായിട്ട് മുന്നോട്ട് വന്നിട്ടുള്ളതെന്നും .....(മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ: Please conclude..... ഡോക്ടർ എ.വി. ജോർജ് നിയമസഭാ സാമാജികർക്കായി നടത്തുന്ന സുനാമിയെ സംബന്ധിച്ച ക്ലാസ്സ് ഇന്ന് വൈകുന്നേരം 4 മണിക്ക് നിയമസഭാ മന്ദിരത്തിലെ ബാങ്കറ്റ് ഹാളിൽ നടത്തുന്നതാ ണ്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പത്രപ്രതിനിധികളും പ്രസ്തുത ചർച്ചാ ക്ലാസ്സിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളി ക്കുന്നതുമാണ്.

(2005 ഫെബ്രുവരി 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കു ന്നതിലേയ്ക്കായി സഭ ഉച്ചയ്ക്ക് ശേഷം 2.36-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly